# മഹാത്മാഗാന്ധി സർവ്വകലാശാല

## 2024 മേയ് 14, ചൊവ്വാഴ്ച രാവിലെ 10.30-ന് സിൻഡിക്കേറ്റ് ഹാളിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ (24.03) നടപടിക്കുറിപ്പുകൾ

ഹാജരായ അംഗങ്ങൾ:

| | | |
|---|---|---|
| 1. | ഡോ. സി. റ്റി. അരവിന്ദകുമാർ | വൈസ് ചാൻസിലർ (അദ്ധ്യക്ഷൻ) |
| 2. | ശ്രീ. ഹരികൃഷ്ണൻ പി. | സിൻഡിക്കേറ്റംഗം |
| 3. | ഡോ. സുധാകരൻ കെ. എം. | സിൻഡിക്കേറ്റംഗം |
| 4. | ഡോ. ഷജില ബീവി എസ്. | സിൻഡിക്കേറ്റംഗം |
| 5. | ഡോ. ബി. കേരളവർമ്മ | സിൻഡിക്കേറ്റംഗം |
| 6. | ഡോ. ആർ. അനിത | സിൻഡിക്കേറ്റംഗം |
| 7. | ഡോ. ബിജു തോമസ് | സിൻഡിക്കേറ്റംഗം |
| 8. | ഡോ. ബിജു പുഷ്പൻ | സിൻഡിക്കേറ്റംഗം |
| 9. | ഡോ. എ. ജോസ് | സിൻഡിക്കേറ്റംഗം |
| 10. | ഡോ. സിനി കുര്യൻ | സിൻഡിക്കേറ്റംഗം |
| 11. | ഡോ. ബീന മാത്യു | സിൻഡിക്കേറ്റംഗം |
| 12. | ഡോ. പി. എസ്. രാധാകൃഷ്ണൻ | സിൻഡിക്കേറ്റംഗം |
| 13. | ഡോ. ബൈജു കെ. ആർ | സിൻഡിക്കേറ്റംഗം |
| 14. | പ്രൊഫ. നന്ദകുമാർ കളരിക്കൽ | സിൻഡിക്കേറ്റംഗം |
| 15. | ശ്രീ. അമൽ എബ്രഹാം | സിൻഡിക്കേറ്റംഗം |
| 16. | ഡോ. ബാബു മൈക്കിൾ | സിൻഡിക്കേറ്റംഗം |
| 17. | അഡ്വ. റജി സഖറിയ | സിൻഡിക്കേറ്റംഗം |
| 18. | അഡ്വ. ജോബ് മൈക്കിൾ MLA | സിൻഡിക്കേറ്റംഗം |

രജിസ്ട്രാർ (i/c) ഡോ. ജയചന്ദ്രൻ കെ-യും സന്നിഹിതനായിരുന്നു.

**<u>അനുശോചന പ്രമേയം :</u>**

ചലച്ചിത്ര സംവിധായകരായ സംഗീത് ശിവൻ, ഹരികുമാർ, നടി കനകലത, ചലച്ചിത്ര- നാടക ഗാനരചയിതാവ് ജി. കെ. പള്ളത്ത്, ചലച്ചിത്ര നിർമാതാവും വിതരണക്കാരനും ചലച്ചിത്ര അക്കാദമി മുൻ വൈസ് ചെയർമാനുമായ ഗാന്ധിമതി ബാലൻ, സംവിധയകനും നിർമാതാവും ഗാനരചയിതാവുമായ ഉണ്ണി ആറന്മുള, മേളാചാര്യൻ കേളത്ത് അരവിന്ദാക്ഷ മാരാർ, മാപ്പിള കലാ അക്കാദമി ചെയർമാൻ പി. എച്ച്. അബ്ദുള്ള, ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് അധ്യക്ഷൻ മാർ അത്തനേഷ്യസ് യൊഹാൻ മെത്രാപ്പോലീത്ത, കേരള ക്രിക്കറ്റ് ടീം മുൻ ക്യാപ്റ്റൻ പി. രവി അച്ചൻ, പ്രശസ്ത കർണാടക സംഗീതജ്ഞൻ കെ. ജി. ജയൻ, മാതൃഭൂമി ന്യൂസ് ക്യാമറ മാൻ എ. വി. മുകേഷ്, കൃഷി ശാസ്ത്രജ്ഞയായ ഡോ. രോഹിണി അയ്യർ എിവരുടെ നിര്യാണത്തിൽ മഹാത്മാഗാന്ധി സർവകലാശാലാ സിൻഡിക്കേറ്റ് യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

**<u>അനുമോദന പ്രമേയം :</u>**

പ്രമുഖ രാജ്യാന്തര ശാസ്ത്ര ഗവേഷണ പോർട്ടലായ റിസർച്ച് ഡോട്ട് കോമിന്റെ മൂന്നാമത് റാങ്കിംഗിൽ ഇന്ത്യയിലെ മെറ്റീരിയൽ സയൻസ് ശാസ്ത്രജ്ഞരുടെ പട്ടികയിൽ രണ്ടാം സ്ഥാനം നിലനിർത്തിയതിന് സർവകലാശാലയിലെ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി ഡയറക്ടർ ഡോ. സാബു തോമസിനെ അഭിനന്ദിച്ചു.

ഊർജ്ജ മേഖലയിലെ ഗവേഷണത്തിന് വിദേശ സർവകലാശാലകളുടെ ഫെലോഷിപ്പ് ലഭിച്ച സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിലെ എം.ടെക് വിദ്യാർഥികളായ ഡി. കെ. അഭിജിത്ത്, എസ് കിര, കൊൽക്കത്തയിലെ ഇന്ത്യൻ ഫോയോബയോളജി സൊസൈറ്റിയുടെ യംഗ് സയന്റിസ്റ്റ് അവാർഡ് നേടിയ സ്കൂൾ ഓഫ് പ്യൂവർ ആൻറ് അപ്ലൈഡ് ഫിസിക്സിലെ റിസർച്ച് സ്കോളർ എൽ. വിദ്യ എിവരെയും സിൻഡിക്കേറ്റ് യോഗം അഭിനന്ദിക്കുന്നു. ഓൾ ഇന്ത്യ ഹാൻഡ്ബോൾ ചാമ്പ്യൻഷിപ്പ് ടൈറ്റിൽ കരസ്ഥമാക്കിയ മഹാത്മാഗന്ധി സർവ്വകലാശാല ടീമിനെ യോഗം അഭിനന്ദിച്ചു. ബ്രിട്ടനിലെ ടൈംസ് ഹയർ എജ്യൂക്കേഷന്റെ ഈ വർഷത്തെ ഏഷ്യ യൂണിവേഴ്സിറ്റി റാങ്കിങ്ങിൽ ഇന്ത്യയിൽ മൂന്നാം സ്ഥാനവും, ഏഷ്യയിൽ 134-ാം സ്ഥാനവും കരസ്ഥമാക്കുന്നതിന് പ്രവർത്തിച്ച സർവ്വകലാശാല സിൻഡിക്കേറ്റ് അംഗങ്ങളേയും വൈസ് ചാൻസലറേയും സർവ്വകലാശാല സമൂഹത്തേയും യോഗം അഭിനന്ദിച്ചു.

<u>റിപ്പോർട്ടിംഗ് :</u>

നാല്യ വർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സിലബസുകൾ തയ്യാറാക്കി സമർപ്പിച്ചതായും 15 വിഷയങ്ങളുടെ ഫൈനൽ ടെക്നിക്കൽ റീഡിങ് പൂർത്തിയായതായും ഡോ. ബിജു പുഷ്പൻ യോഗത്തിൽ റിപ്പോർട്ട് ചെയ്തു. കൂടാതെ 25 ൽ പരം കോളേജുകളിൽ മുഖാമുഖം പരിപാടി സംഘടിപ്പിച്ചതായും റിപ്പോർട്ട് ചെയ്തു.

## (I) (a) 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് III 10(17) പ്രകാരം ബഹു. വൈസ് ചാൻസലർ കൈക്കൊണ്ട നടപടികൾ സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നവ:

**ഇനംനമ്പർ: 01/24.03/9440/AC A8-3/2024**

**മാറമ്പള്ളി എം.ഇ.എസ്. കോളേജിലെ രണ്ടാം വർഷ B. Voc Tourism and Hospitality Management വിദ്യാർത്ഥി ശ്രീ നകുൽ പി.എസ്, തന്നെ കോളേജിൽ നിന്നും അനധികൃതമായി ടിസി നൽകി ഒഴിവാക്കാൻ ശ്രമിക്കുന്നു എന്നാരോപിച്ചുകൊണ്ട് സർവകലാശാല യൂണിയൻ അധ്യക്ഷൻ മുഖാന്തരം ബി.എ.എസ്.ജി.മുൻപാകെ സമർപ്പിച്ച പരാതി - ബി.എ.എസ് .ജി -ശുപാർശകൾ അംഗീകരിച്ചു കൊണ്ട് വൈസ് ചാൻസലർ കൈകൊണ്ട തീരുമാനം സംബന്ധിച്ച് :-**

മാറമ്പള്ളി എം.ഇ.എസ്. കോളേജിലെ രണ്ടാം വർഷ B. Voc Tourism and Hospitality Management വിദ്യാർത്ഥി ശ്രീ നകുൽ പി.എസ്, തന്നെ കോളേജിൽ നിന്നും അനധികൃതമായി ടിസി നൽകി ഒഴിവാക്കാൻ ശ്രമിക്കുന്നു എന്നാരോപിച്ചുകൊണ്ട് സർവകലാശാല യൂണിയൻ അധ്യക്ഷൻ മുഖാന്തരം ബി.എ.എസ്.ജി.മുൻപാകെ സമർപ്പിച്ച പരാതിയിൽ, 26.02.2024-ന്ന നടന്ന ബി.എ.എസ്.ജി. ഹിയറിങ് പരാതിക്കാരന്റെയും, കോളേജ് അധികൃതരുടെയും വാദങ്ങൾ കേട്ട ശേഷം താഴെ പറയും പ്രകാരം ശിപാർശ നൽകി.

'പരാതിക്കാരനായ വിദ്യാർത്ഥിയെകോളേജിൽ നിന്നും ടി സി നൽകി പുറത്താക്കിയ നടപടി പിൻവലിച്ചു തിരികെ പ്രവശിപ്പിക്കാനും, പ്രസ്തുത നടപടി മൂലം നഷ്ടമായ ഹാജർ നിലയിലെ കുറവ് എക്സ്ട്രാ ക്ലാസ്സുകൾ നൽകി നികത്തി ഇതിനോട് അനുബന്ധിച്ചുള്ള ഇന്റേണൽ പരീക്ഷ ഉൾപ്പടെ ക്രമീകരിച്ചു നൽകി 4 ആം സെമസ്റ്റർ പരീക്ഷ എഴുതാൻ വേണ്ട സാഹചര്യമുണ്ടാക്കാൻ കോളേജ് അധികൃതർക്ക് നിർദ്ദേശം നൽകുവാൻ ശുപാർശ ചെയ്യുന്നു.'

ബി.എ.എസ് .ജി ഹിയറിങിന്റെ, മേൽ ശുപാർശകൾ, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ചു ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 16/03/2024 തീയതിയിലെ 2378/ACA8/2024/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: 02/24.03/29472/DSS SO/2024**

**ഡിപ്പാർട്ട്മെൻറ് ഓഫ് സ്റ്റുഡൻറ് സർവീസസ് – 2023–'24 വർഷം – മഹാത്മാ ഗാന്ധി സർവകലാശാല വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കുമായി ഏർപ്പെടുത്തിയിട്ടുള്ള ഗ്രൂപ്പ് ആക്സിഡൻറ് / ഡെത്ത് ഇൻഷുറൻസ് പോളിസിയുടെ തുടർ നടപടികളുമായി ബന്ധപ്പെട്ട് ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡിന് രണ്ടാം ഗഡുവായി 5,13,000/– (അഞ്ചു ലക്ഷത്തി പതിമൂന്നായിരം രൂപ മാത്രം) പ്രീമിയം തുകയായി നൽകുന്നതിന് വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം (III) വകുപ്പ് 10 (17) പ്രകാരം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാല ഉത്തരവ് നം. 12593/DSS/2023എം.ജി.യു., 15.12.2023 തീയതിയിൽ പുറപ്പെടുവിച്ചത് സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.–**

•മഹാത്മാഗാന്ധി സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ഒന്നാം വർഷ ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്ന 38,007 വിദ്യാർത്ഥികളുടെയും, മഹാത്മാഗാന്ധി സർവകലാശാലയിലെ ടീച്ചിങ്/സ്കൂളുകളിലെ 1334 വിദ്യാർത്ഥികളും ചേർത്ത് ആകെ 39,341 വിദ്യാർത്ഥികളുടെ മേൽവിലാസം അടങ്ങിയ വിശദാംശങ്ങൾ/രണ്ടാം ഗഡുവായി ₹5,13,000/– (അഞ്ചു ലക്ഷത്തി പതിമൂന്നായിരം രൂപ മാത്രം) എന്നിവ THE NEW INDIA ASSURANCE COMPANY LTD. IRINJALAKKUDA BO–760304, NAKKARA COMPLEX, OPPO. TOWN HALL–680121–യുടെ പേരിൽ നൽകുന്നതിനുള്ള ഡി എസ് എസ് വകുപ്പ് മേധാവിയുടെ ശിപാർശ അംഗീകരിക്കുന്നതിനുള്ള അനുമതി.
•പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തിലെ സർവ്വകലാശാല ബഡ്ജറ്റിലെ 22 402 62 (a) – Group Insurance Scheme എന്ന ശീർഷകത്തിൽ വകയിരുത്തി ഡി എസ് എസ്–ന്റെ അക്കൗണ്ടായ 57004095420 ൽ നിന്നും പിൻവലിക്കാവുന്നതാണ്.

മേൽ ശുപാർശകൾ, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 15.12.2023 തീയതിയിലെ 12593/DSS/2023/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: 03/24.03/25684/AD A3/4/2019**

**സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, പരിച്ഛേദം 10(17) പ്രകാരമുള്ള പ്രത്യേക അധികാരം വിനിയോഗിച്ച് വൈസ് ചാൻസലർ ഗവ. ഉത്തരവുകൾ പുറത്തെഴുത്ത് നടത്തി നടപ്പിലാക്കിയത് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

1. 2024–2025 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി വിൽപ്പന (Periodical surrender of earned leave) 01/04/2024 പ്രാബല്യത്തിൽ പി.എഫ്. അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള G.O.(P) No.23/2024/Fin Dated, 16.03.2024 സർക്കാർ ഉത്തരവ്, പുറത്തെഴുത്ത് നം.53339/AD A3–4/2022/ADMIN,25/03/2024 പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കിയത്.
2. UGC/AICTE/MEDICAL EDUCATION SCHEMES–എന്നിവയിൽ ഉൾപ്പെടുന്ന അധ്യാപകജീവനക്കാർ / പെൻഷൻകാർ എന്നിവർക്ക് നല്കിവന്നിരുന്ന Dearness Allowance/ Dearness Relief എന്നിവ 17% ൽ നിന്നും 31% ആയി വർധിപ്പിച്ചുകൊണ്ട് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് G.O(P) No.16/2024/FIN,Dated 11/03/2024, പുറത്തെഴുത്ത് നം. 35241/AD A3–4/2024/AD A 3 ,26/03/2024 പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കിയത്.
3. സംസ്ഥാന സർവീസ് പെൻഷൻകാർ ഉൾപ്പെടെയുള്ള പെൻഷൻകാരുടെ പതിനൊന്നാം പെൻഷൻ പരിഷ്കരണം പ്രകാരമുള്ള പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ (പെൻഷൻ,കുടുംബ പെൻഷൻ,ഡി സി ആർ ജി,ടെർമിനൽ സറണ്ടർ ) മൂന്നാമത്തെ ഗഡു അനുവദിച്ചുകൊണ്ട് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് സ.ഉ.(അച്ചടി) നം.21/2024/ധന, തീയതി 15/03/2024, പുറത്തെഴുത്ത് നം. 32971/AD A3–4/2024/AD A 3,25/03/2024 പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കിയത്.
4. പതിനൊന്നാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ജീവനക്കാർക്ക നല്കിവന്നിരുന്ന Dearness Allowance, പെൻഷൻകാർക്ക് നൽകി വരുന്ന Dearness Relief എന്നിവ 7% ൽ നിന്നും 9% ആയി വർധിപ്പിച്ചുകൊണ്ട് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് G.O(P)

No.17/2024/FIN, Dated 12/03/2024, പുറത്തെഴുത്ത് നം.53716/AD A3-4/2021/ADMIN, 25/03/2024 പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കിയത്.

മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ മേല്പറഞ്ഞ പ്രകാരം നടപടികൾ കൈക്കൊള്ളുകയും, തദനുസരണം സർവ്വകലാശാല പുറത്തെഴുത്തുകൾ പുറപ്പെടുവിക്കുകയും ചെയ്ത വിവരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: 04/24.03/AD AIX/ 2/3304/ 2018** **സ്കൂൾ ഗാന്ധിയൻ തോട്ട് ആന്റ് ഡവലപ്മെന്റ് സ്റ്റഡീസ് - പ്രൊഫസർ ഡോ. നൗഷാദ് പി പി യെ 22.03.2024 മുതൽ മൂന്ന് വർഷത്തേക്ക് വകുപ്പമേധാവിയായി നിയമിച്ച് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3. 10(17) പ്രകാരം ഉത്തരവായത് സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്**

സർവകലാശാല ഉത്തരവ് നമ്പർ 4755/AD A 9/2019/എം ജി യു തീയതി 18.09.2021 പ്രകാരം പ്രൊഫസർ (ഡോ.) ബിജു ലക്ഷ്മണൻ-നെ സ്കൂൾ ഓഫ് ഗാന്ധിയന് തോട്ട് ആന്റ് ഡവലപ്മെന്റ് സ്റ്റഡീസ് വകുപ്പിലെ വകുപ്പമേധാവിയായി നിയമിച്ചിരുന്നു. 14.03.2024 തീയതിയിൽ ടിയാൻ നിര്യാതനായ സാഹചര്യത്തിൽ, പ്രൊഫസർ (ഡോ.) നൗഷാദ് പി പി -യെ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം, 22.03.2024 മുതൽ മൂന്ന് വർഷത്തേക്ക് ടി വകുപ്പിന്റെ വകുപ്പമേധാവിയായി നിയമിച്ച് വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 23.03.2024 തീയതിയിലെ 2652/AD A9/2024/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: 05/24.03/98521/AD A4-1/2023** **ശ്രീ. ടോമിൻ സണ്ണി, റിസർച്ച് സ്കോളർ, സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ്- ന്റെ പരാതികൾ സംബന്ധിച്ച് - അന്വേഷണകമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് - ബഹു വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, 1985 അദ്യായം 3 സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ചത് പ്രകാരം തുടർ നടപടികൾ സ്വികരിച്ചത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

ശ്രീ. ടോമിൻ സണ്ണി, റിസർച്ച് സ്കോളർ, സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ്- ന്റെ പരാതികൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി, 07.02.2024 തീയതിയിലെ ഉത്തരവ് നമ്പർ 1215/Ad A4/2024/എം.ജി.യു പ്രകാരം നിയമിതമായ പരിശോധന സമിതി സമർപ്പിച്ച റിപ്പോർട്ട്, വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും അതിൻപ്രകാരം സ്വീകരിച്ച തുടർ നടപടികളും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: 06/24.03/32367/AD A9-2/2024** **സൗത്ത് സോൺ & ഓൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി മെൻസ് ഹാൻഡ്ബാൾ ചാംപ്യൻഷിപ്പ് 2023-2024- നടത്തിപ്പ് ചെലവിലേയ്ക്കായി താൽക്കാലിക മുൻകൂർ തുകയായി ₹ 15,00,000/-(പതിനഞ്ച് ലക്ഷം രൂപ മാത്രം) സ്പെസ്സ് ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസിന്റെ പേരിൽ, മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985 ചാപ്റ്റർ III സെക്ഷൻ 10 (17) പ്രകാരം അനുവദിച്ചത് - സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

02.05.2024 മുതൽ 12.05.2024 തീയതികളിലായി 2023 - 24 സൗത്ത് സോൺ & ഓൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി മെൻസ് ഹാൻഡ്ബാൾ ചാംപ്യൻഷിപ്പ് നടത്തുന്നതിന്റെ ചെലവിലേക്കായി ₹15,00,000/- (പതിനഞ്ച് ലക്ഷം രൂപ മാത്രം) താത്കാലിക മുൻകൂർ തുകയായി SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ് -ന്റെ പേരിൽ, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം, താൽക്കാലിക മുൻകൂറായി അനുവദിച്ച് വൈസ് ചാൻസലർ ഉത്തരവായ

നടപടിയും തദനുസരണം പുറപ്പെടുവിച്ച 22.03.2024 തീയതിയിലെ 2581/AD A 9/2024/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ: 07/24.03/12567/CBCSS 22-3/2024**

**അഞ്ചാം സെമസ്റ്റർ 2021 അഡ്മിഷൻ റെഗുലർ സി.ബി.സി.എസ് ഒക്ടോബർ 2023 പരീക്ഷ – പെരുവന്താനം സെന്റ് ആന്റണീസ് കോളേജിൽ ബി.കോം മോഡൽ II കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് പ്രോഗ്രാമിന് പഠിക്കുന്ന 31 വിദ്യാർത്ഥികളുടെ പേരിൽ ആരോപിക്കപ്പെട്ട പരീക്ഷാക്രമക്കേടിൽ അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, പരിഛേദം 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായത് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയുന്നത് സംബന്ധിച്ച്.**

അഞ്ചാം സെമസ്റ്റർ ബി.കോം സി.ബി.സി.എസ് ഒക്ടോബർ 2023 പരീക്ഷയിലെ 23134364 നമ്പർ ചോദ്യപേപ്പർ കോഡിലെ 'Programming in C (Theory)' എന്ന കോഴ്സിന്റെ പരീക്ഷ എഴുതിയ മോഡൽ II (കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്) പ്രോഗ്രാമിലെ 210021049372 കൂടാതെ 210021052270 മുതൽ 210021052299 വരെയുള്ള രജിസ്റ്റർ നമ്പറിലുള്ള വിദ്യാത്ഥികളുടെ ഉത്തരക്കടലാസുകൾ പരിശോധിച്ചപ്പോൾ ഉത്തരങ്ങളുടെ ഉള്ളടക്കത്തിൽ അസ്വാഭാവികതയുണ്ടെന്നും പരീക്ഷ ക്രമക്കേട് നടത്തിയിട്ടുള്ളതായി സംശയിക്കുന്നതായും മൂല്യനിർണയം നടത്തിയ അദ്ധ്യാപകർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

അന്വേഷണ കമ്മീഷൻ നടത്തിയ ഹിയറിങ്ങിന്റേയും വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകൾ പരിശോധിച്ചതിന്റേയും അടിസ്ഥാനത്തിൽ പരീക്ഷാക്രമക്കേട് നടത്തിയതായി വ്യക്തമാക്കുന്ന യാതൊന്നും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ അഞ്ചാം സെമസ്റ്റർ 2021 അഡ്മിഷൻ റെഗുലർ ബി.കോം സി.ബി.സി.എസ് ഒക്ടോബർ 2023 പരീക്ഷയിലെ Programming in C (Theory) (QP Code : 23134364) എന്ന കോഴ്സിന്റെ പരീക്ഷ എഴുതിയ 31 വിദ്യാർത്ഥികളുടെയും പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിനും വരും വർഷങ്ങളിൽ ഇതുപോലുള്ള ആരോപണങ്ങൾ ഉണ്ടാവാതെയിരിക്കാൻ പരീക്ഷാഹാളിൽ നിരീക്ഷണ സംവിധാനം ഒരുക്കുന്നതിനും ആവശ്യമായ മറ്റ് മുൻകരുതലുകൾ എടുക്കുന്നതിനും കോളേജിനോട് നിർദ്ദേശിക്കുന്നതിനും അന്വേഷണ കമ്മീഷൻ ശിപാർശ ചെയ്യുകയുണ്ടായി.
മേൽ സാഹചര്യത്തിൽ, അന്വേഷണ കമ്മീഷൻ സമർപ്പിച്ച ശിപാർശ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, പരിഛേദം 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 27.03.2024 തീയതിയിലെ 2857/CBCSS 22/2024/എം.ജി.യൂ. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ: 08/24.03/34277/AD A9-2/2024**

**2023 – 2024 ലെ Inter Collegiate Tournament & Inter University Participation- നടത്തിപ്പ് ചെലവിലേയ്ക്കായി (നാലാം ഗഡു തുക) താൽക്കാലിക മുൻകൂർ തുകയായി 30,00,000/-(മുപ്പത് ലക്ഷം രൂപ മാത്രം) സ്പെസ്സ് ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസിന്റെ പേരിൽ, മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985 ചാപ്റ്റർ III സെക്ഷൻ 10 (17) പ്രകാരം അനുവദിച്ചത് – സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

2023 – 24 ലെ Inter Collegiate Tournament & Inter University Participation- ന്റെ സുഗമമായ നടത്തിപ്പിനായി നാലാം ഗഡു തുക ₹30,00,000/- (മുപ്പത് ലക്ഷം രൂപ മാത്രം), SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ്-ന്റെ പേരിൽ, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, പരിഛേദം 10 (17) പ്രകാരം താൽക്കാലിക മുൻകൂറായി അനുവദിച്ച് വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 25.03.2024 തീയതിയിലെ 2704/ADA9/2024/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ: 09/24.03/28362/AD A6-1/2024**

**ഡോ.ബിജു ലക്ഷ്മണൻ, പ്രൊഫസ്സർ & ഡയറക്ടർ, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്പ്മെന്റ് സ്റ്റഡീസ് -ന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ 3, സെക്ഷൻ 10(17) പ്രകാരം പലിശ രഹിത ചികിത്സാ വായ്പ അനുവദിച്ച ബഹു:വൈസ് ചാൻസലറുടെ നടപടി സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

ഡോ. ബിജു ലക്ഷ്മണൻ, പ്രൊഫസ്സർ & ഡയറക്ടർ, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് കൊച്ചി അമൃത ആശുപതിയിലെ തന്റെ ചികിത്സക്കായി പലിശ രഹിത ചികിത്സാ വായ്പ അനുവദിക്കുന്നതിന് 11/03/2024 തീയതിയിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ഫിനാൻസ് വിഭാഗത്തിന്റെ സഹാധികാരത്തോട്ടു കൂടി വൈസ് ചാൻസലർ അപേക്ഷ പരിഗണിക്കുകയും, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ 3, സെക്ഷൻ 10(17) പ്രകാരം ഡോ. ബിജു ലക്ഷ്മണന് ₹10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുകയും, തദനുസരണം നം.2236/ADA6/2024/എം ജി യു, തീയതി : 12/03/2024 ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. (ഡോ.ബിജു ലക്ഷ്മണൻ 14/03/2024 തീയതിയിൽ മരണമടഞ്ഞു). സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ 3, സെക്ഷൻ 10(17) പ്രകാരം ബഹു .വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും, തദനുസരണം പുറപ്പെടുവിച്ച 12.03.2024-ലെ 2236/ADA6/2024/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: 10/24.03/37029/AC A5-3/2024**

**മഹാത്മാഗാന്ധി സർവകലാശാലയുടെ പഠനവകുപ്പായ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സിൽ പുതിയ എലെക്റ്റീവ് കോഴ്സ് ആയ 'IRM21 E57- Political Dimensions of Decoloniality' ആരംഭിക്കുന്നതിനും പ്രസ്തുത പ്രോഗ്രാമിന്റെ സിലബസ് അംഗീകരിക്കുന്നതിനുമുള്ള വകുപ്പ് മേധാവിയുടെ ശിപാർശ വൈസ് ചാൻസലർ അംഗീകരിച്ച് മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ്- സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത്- സംബന്ധിച്ച്:-**

മഹാത്മാഗാന്ധി സർവകലാശാലയുടെ പഠനവകുപ്പായ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സിൽ പുതിയ എലെക്റ്റീവ് കോഴ്സ് ആയ 'IRM21 E57- Political Dimensions of Decoloniality' ആരംഭിക്കുന്നതിനും പ്രസ്തുത പ്രോഗ്രാമിന്റെ സിലബസ് അംഗീകരിക്കുന്നതിനും വകുപ്പ് മേധാവി 26.03.2024 തീയതിയിൽ കത്ത് മുഖേന ശിപാർശ സമർപ്പിച്ചിരുന്നു.
പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 04.04.2024-ലെ 3024/ACA5/2024/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം V.40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: 11/24.03/72127/AC A1-1/2022 (PART IV)**

**മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരമുള്ള അധികാരം പ്രയോഗിച്ച് വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച ഉത്തരവും [നം.3125/എസിഎ1/2024/എംജിയു തീയതി. 06.04.2024] സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

വളയൻചിറങ്ങര ശ്രീ ശങ്കര വിദ്യാപീഠം കോളേജിൽ നടത്തുന്ന സ്വാശ്രയ കോഴ്സുകളുടെ താല്കാലിക അഫിലിയേഷൻ 2022 -'23 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിനായി കോളേജ് പ്രിൻസിപ്പൽ അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷ പരിഗണിച്ച, 16.01.2024-നു കൂടിയ സിൻഡിക്കേറ്റ് യോഗം വളയൻചിറങ്ങര ശ്രീ ശങ്കര വിദ്യാപീഠം കോളേജിൽ നടത്തുന്ന സ്വാശ്രയ കോഴ്സുകളുടെ താല്കാലിക അഫിലിയേഷൻ 2022 -'23 അദ്ധ്യയന വർഷം പുതുക്കി നല്കുന്നതുമായി ബന്ധപ്പെട്ട് നിയോഗിച്ച പരിശോധസമതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും ടി കോളേജിലെ സ്വാശ്രയ കോഴ്സുകളുടെ

താത്കാലിക അഫിലിയേഷൻ വിവിധ ഇനങ്ങളിൽ സർവകലാശാലക്ക് നൽകാനുള്ള ഫീസ് കോളേജുകളിൽ നിന്നും ഒടുക്കിയ ശേഷം മാത്രം പുതുക്കി നൽകുന്നതിന് തീരുമാനിയ്ക്കുകയും ചെയ്തു.
എന്നാൽ പരീക്ഷ ഇനത്തിലുള്ള ഇ-ഗ്രാന്റ്സ് കുടിശ്ശിക കണ്ടെത്തുന്നതിലുള്ള കാലതാമസവും അടിയന്തരമായി അഫിലിയേഷൻ ഉത്തരവുകൾ പുറപ്പെടുവിക്കേണ്ട സാഹചര്യവും പരിഗണിച്ച്, "പരീക്ഷ ഫീസുമായി ബന്ധപ്പെട്ട ഇ ഗ്രാന്റ്സ് കുടിശിക സർവ്വകലാശാല കണ്ടെത്തി കോളേജിൽ അറിയിക്കുന്ന പക്ഷം ഒരു മാസത്തിനുള്ളിൽ ടി കുടിശിക തീർപ്പാക്കുന്നതാണ് എന്ന് രേഖപ്പെടുത്തിക്കൊണ്ട് 200/- രൂപയുടെ മുദ്രപ്പത്രത്തിൽ ബന്ധപ്പെട്ട കോളേജ് മാനേജരും കോളേജ് പ്രിൻസിപ്പലും ചേർന്ന് തയ്യാറാക്കിയതും നോട്ടറി സാക്ഷ്യപ്പെടുത്തിയതുമായ സാക്ഷ്യപത്രം" നൽകുന്നപക്ഷം '2022 -23' അദ്ധ്യയന വർഷത്തെ സ്വാശ്രയ പ്രോഗ്രാമുകളുടെ അഫിലിയേഷൻ പുതുക്കി നൽകുന്നതിന് വൈസ് ചാൻസിലർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം അധികാരം പ്രയോഗിച്ച് ഉത്തരവായി. മേൽ പറഞ്ഞ പ്രകാരമുള്ള സാക്ഷ്യപത്രം വളയൻചിറങ്ങര ശ്രീ ശങ്കര വിദ്യാപീഠം കോളേജ് ഹാജരാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി കോളേജിൽ നടത്തുന്ന സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2022-'23 അദ്ധ്യയന വർഷം പുതുക്കി നൽകിയ നടപടിയും തദനുസരണം പുറപ്പെടുവിച്ച 06.04.2024 തീയതിയിലെ 3125/എസിഎ1/2024/എംജിയു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: 12/24.03/148282/AC A1-1/2023**

**മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10(17) പ്രകാരമുള്ള അധികാരം പ്രയോഗിച്ച് വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച ഉത്തരവും [നം.2927/എസിഎ1/2024/എംജിയു തീയതി. 01.04.2024] സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

കളമശ്ശേരി സെന്റ് പോൾസ് കോളേജിൽ നടത്തുന്ന സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023-'24 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിനായി കോളേജ് പ്രിൻസിപ്പൽ അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷ പരിഗണിച്ച, 16.01.2024-ന്ന കൂടിയ സിൻഡിക്കേറ്റ് യോഗം, കളമശ്ശേരി സെന്റ് പോൾസ് കോളേജിൽ നടത്തുന്ന സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ വിവിധ ഇനങ്ങളിൽ സർവകലാശാലയ്ക്ക് നൽകാനുള്ള ഫീസ് കോളേജിൽ നിന്നും ഒടുക്കിയ ശേഷം മാത്രം 2023 -'24 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിന് തീരുമാനിച്ചു.
എന്നാൽ, ഇ-ഗ്രാന്റ്സ് കുടിശിക കണക്കാക്കുന്നതിലുള്ള കാലതാമസവും സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനുള്ള അടിയന്തര സാഹചര്യവും പരിഗണിച്ച് "പരീക്ഷ ഫീസുമായി ബന്ധപ്പെട്ട ഇ ഗ്രാന്റ്സ് കുടിശിക സർവ്വകലാശാല കണ്ടെത്തി കോളേജിൽ അറിയിക്കുന്ന പക്ഷം ഒരു മാസത്തിനുള്ളിൽ ടി കുടിശിക തീർപ്പാക്കുന്നതാണ് എന്ന് രേഖപ്പെടുത്തിക്കൊണ്ട് 200/- രൂപയുടെ മുദ്രപ്പത്രത്തിൽ ബന്ധപ്പെട്ട കോളേജ് മാനേജരും കോളേജ് പ്രിൻസിപ്പലും ചേർന്ന് തയ്യാറാക്കിയതും നോട്ടറി സാക്ഷ്യപ്പെടുത്തിയതുമായ സാക്ഷ്യപത്രം" ഹാജരാക്കുന്ന പക്ഷം, സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023-'24 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിന്, വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം ഉത്തരവാകുകയും, കളമശ്ശേരി സെന്റ് പോൾസ് കോളേജ് മേൽ പ്രതിപാദിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കുകയും, ടി സാക്ഷ്യപത്രം പരിഗണിച്ച് ടി കോളേജിലെ സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023-'24 അദ്ധ്യയന വർഷം പുതുക്കി നൽകിയും ചെയ്തു. വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച 01.04.2024-ലെ 2927/എസിഎ1/2024/എംജിയു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

ഇനംനമ്പർ: 13/24.03/6954/AC A1 /2/2022

**2024-2025 അദ്ധ്യയന വർഷം സർവ്വകലാശാലയിൽ വിവിധ സേവനങ്ങൾക്കുള്ള ഫീസ് നിരക്കുകൾ 02.04.2024 തീയതി മുതൽ 5% വർദ്ധിപ്പിച്ച പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10 (17) അനുസരിച്ച്, ബഹു.വൈസ് ചാൻസലർ ഉത്തരവായതിൻ പ്രകാരം, ഉത്തരവ് (നമ്പർ. 2978/AC A1/2024/എം.ജി.യു തീയതി 02.04.2024) പുറപ്പെടുവിച്ച വിവരം സിന്റിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

G.O(Rt)No.1836/2019/HEDN തീയതി, 17.10.2019 സർക്കാർ ഉത്തരവ് പ്രകാരം കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ ഗവണ്മെന്റ്/എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെയും എല്ലാവിധ ഫീസുകളും (സർവ്വകലാശാലയിലേക്കുള്ളതുൾപ്പെടെ) 2019-20 അധ്യയന വർഷം 5% വർദ്ധനവ് വരുത്തുവാനും തുടർന്നുള്ള എല്ലാ അക്കാദമിക വർഷവും 5% വർദ്ധനവ് വീതം വരുത്തുവാനും ഉത്തരവായിരുന്നു. ആയത് പ്രകാരം 2024-2025 അദ്ധ്യയന വർഷം സർവ്വകലാശാലയിൽ വിവിധ സേവനങ്ങൾക്കുള്ള ഫീസ് നിരക്കുകൾ 01.04.2024 തീയതി മുതൽ പ്രാബല്യത്തിൽ വർദ്ധിപ്പിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായതിൻ പ്രകാരം, ഉത്തരവ് നമ്പർ. 2978/AC A1/2024/എം.ജി.യു തീയതി 02.04.2024 പുറപ്പെടുവിച്ചിരുന്നു.

ടി ഉത്തരവിൽ 5% വർദ്ധനവ് നടപ്പിലാക്കുന്നതോടൊപ്പം ചുവടെ ചേർക്കുന്ന ഫീ നിരക്കുകളിലെ മാറ്റം നിശ്ചയിക്കുന്നതിനും

1. Re-verification fees for Official Transcript of a Programme - 56 USD
2. Re-verification fees for Genuineness verification of Grade Cards/Mark List of a Programme - 56 USD
3. Re-verification fees for Genuineness verification of Degree Certificate of a Programme - 56 USD
4. Re-verification fee is limited to a maximum of 168 USD for one programme

ആയത് 5% വർദ്ധനവ് വരുത്തുമ്പോൾ, ചുവടെ ചേർക്കും വിധം നിശ്ചയിക്കുന്നതിനും

Re-verification fees for Official Transcript of a Programme - 59 USD
Re-verification fees for Genuineness verification of Grade Cards/Mark List of a Programme - 59 USD
Re-verification fees for Genuineness verification of Degree Certificate of a Programme - 59 USD
Re-verification fee is limited to a maximum of 178 USD for one programme

2. Fee related to Research

| Programme | Student Affiliation Fee(Rs.) |
|---|---|
| Publication of Ph.D Thesis | 1000 |
| Fee for other certificate | 190 |
| De- registration for research | 1000 |
| NET exemption certificate/Regulation certificate | 470 |
| Miscellaneous-<br>(a) Balance Fee<br>(b) Defect Memo Charges | <br>-------<br>200 |

3. Fee related to I.D Cards.

വിവിധ ഡിപ്പാർട്മെന്റുകളിൽ I.D Cards ന് ഈടാക്കുന്നതിന് വിവിധ തരം തുകയായതിനാൽ ടി തുക ഏകീകരിക്കുന്നതിനും ,

| | |
|---|---|
| Fee for ID Cards at the time of admission | 160 |

4. വിവിധ ഡിപ്പാർട്മെന്റുകളിൽ Student Welfare Fund ഈടാക്കുന്നതിന് വിവിധതരം തുകയായതിനാൽ, ടി തുക ഏകീകരിക്കുന്നതിനും

| | |
|---|---|
| Fee for Student Welfare Fund per year | 70 |

ടി ഉത്തരവിൽ 5% വർദ്ധനവ് നടപ്പിലാക്കുന്നതോടൊപ്പം മേൽ വിവരിച്ച ഫീ നിരക്കുകൾ കൂടി ഉൾപ്പെടുത്തി മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10 (17) പ്രകാരം

വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 02.04.2024–ലെ 2978/AC A1/2024/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: 14/24.03/140423/CBCSS 12-2/2023** **നാലാം സെമസ്റ്റർ ബി.കോം. സിബിസിഎസ് (റെഗുലർ) മെയ് 2023 പരീക്ഷയിൽ പൂത്തോട്ട സ്വാമി ശാശ്വതീകാനന്ദ കോളേജിലെ ബി.കോം. മോഡൽ II (കമ്പ്യൂട്ടർ ആപ്ളിക്കേഷൻസ്) വിദ്യാർത്ഥികളായ രോഹിത് എസ് , രോഹിത് മോഹൻ , സന്ദേശ് സജയ് എന്നിവരുടെ പേരിൽ ആരോപിക്കപ്പെട്ട പരീക്ഷാ ക്രമക്കേടിൽ അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ച ബഹു: വൈസ് ചാൻസിലറുടെ നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവകലാശാല ഉത്തരവും സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

പൂത്തോട്ട സ്വാമി ശാശ്വതീകാനന്ദ കോളേജിലെ ബി.കോം മോഡൽ II കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (Revised) വിദ്യാർത്ഥികളായ രോഹിത്.എസ് (PRN : 210021048086), രോഹിത് മോഹൻ (PRN : 210021048087), സന്ദേശ് സജയ് (PRN : 210021048088) എന്നീ വിദ്യാർത്ഥികളുടെ നാലാം സെമസ്റ്റർ ബി.കോം സി.ബി.സി.എസ് (റഗുലർ) മെയ് 2023 പരീക്ഷയിലെ Quantitative Techniques for Business II (QP Code :23123662) എന്ന കോഴ്സിന്റെ ഉത്തരക്കടലാസ് മൂല്യനിർണ്ണയവേളയിൽ വിദ്യാർത്ഥികളുടെ ഉത്തരങ്ങളുടെ ഉള്ളടക്കത്തിൽ സമാനതയുണ്ടെന്നും പരീക്ഷ ക്രമക്കേട് നടത്തിയിട്ടുള്ളതായി സംശയിക്കുന്നതായും മൂല്യനിർണയം നടത്തിയ അദ്ധ്യാപകൻ മൂല്യ നിർണ്ണയ ക്യാമ്പിൽ റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് 06.02.2024 തീയതിയിലെ സർവകലാശാല ഉത്തരവ് നമ്പർ 1171/CBCSS 12/2024/MGU പ്രകാരം പ്രസ്തുത വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കറ്റ് അംഗം ഡോ. അനിത ആർ–നെ അന്വേഷണ കമ്മീഷനായി നിയമിച്ച് ഉത്തരവായിരുന്നു.
പൂത്തോട്ട സ്വാമി ശാശ്വതീകാനന്ദ കോളേജിലെ ബികോം മോഡൽ II കമ്പ്യൂട്ടർ ആപ്ളിക്കേഷൻസ് (Revised) വിദ്യാർത്ഥികളായ രോഹിത് എസ് (PRN: 210021048086), രോഹിത് മോഹൻ (PRN: 210021048087), സന്ദേശ് സജയ് (PRN: 210021048088) എന്നീ വിദ്യാർത്ഥികളുടെ പ്രസ്തുത ഉത്തരക്കടലാസുകൾ പരിശോധിച്ചതിൽ നിന്നും, വിദ്യാർത്ഥികളുടെ വിശദീകരണം ആരാഞ്ഞതിൻമേലും മൂല്യനിർണ്ണയ ക്യാമ്പിൽ നിന്നും റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള പരീക്ഷാ ക്രമക്കേട് നടന്ന സാഹചര്യം നിലനിൽക്കുന്നതായി അന്വേഷണ കമ്മീഷൻ കണ്ടെത്തിയിരുന്നു.
മേൽ സാഹചര്യത്തിൽ വിദ്യാർഥികൾ എഴുതിയ നാലാം സെമസ്റ്റർ 2021 അഡ്മിഷൻ റഗുലർ സിബിസിഎസ് മെയ് 2023 പരീക്ഷകൾ റദ്ദാക്കുന്നതിനും കൂടാതെ താൽക്കാലികമായെഴുതിയ പരീക്ഷകളുടെ രജിസ്ട്രേഷൻ ക്രമവത്കരിച്ചു ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തി ഫലം പ്രസിദ്ധീകരിക്കുന്നതിനും അന്വേഷണ കമ്മീഷൻ ശിപാർശ ചെയ്തു.
അന്വേഷണ കമ്മീഷൻ സമർപ്പിച്ച മേൽ ശിപാർശ മഹാത്മാഗാന്ധി സർവകലാശാല ആക്റ്റ് 1985, അദ്ധ്യായം III, 10 (17) സെക്ഷൻ പ്രകാരം വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 22.03.2024 തീയതിയിലെ 2607/CBCSS 12/2024/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: 15/24.03/153411/AC A1-1/2023** **മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരമുള്ള അധികാരം പ്രയോഗിച്ച് വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച ഉത്തരവും [നം.2875/എസിഎ1/2024/എംജിയു തീയതി. 30.03.2024] സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

ആലുവ സെന്റ് സേവിയേഴ്സ് കോളേജിൽ നടത്തുന്ന സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023–'24 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിനായി കോളേജ് മാനേജർ അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷ പരിഗണിച്ച, 16.01.2024 ന് കൂടിയ സിൻഡിക്കേറ്റ് യോഗം, ആലുവ സെന്റ് സേവിയേഴ്സ് കോളേജിൽ നടത്തുന്ന സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ, വിവിധ ഇനങ്ങളിൽ സർവകലാശാലയ്ക്ക് നൽകാനുള്ള ഫീസ്, കോളേജിൽ നിന്നും ഒടുക്കിയ ശേഷം മാത്രം 2023–'24 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിന് തീരുമാനിച്ചു.
എന്നാൽ ഇ–ഗ്രാന്റ്സ് കുടിശിക കണക്കാക്കുന്നതിലുള്ള കാലതാമസവും, സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനുള്ള അടിയന്തര സാഹചര്യവും പരിഗണിച്ച്, "പരീക്ഷ ഫീസുമായി ബന്ധപ്പെട്ട ഇ ഗ്രാന്റ്സ് കുടിശിക സർവ്വകലാശാല കണ്ടെത്തി കോളേജിൽ അറിയിക്കുന്ന പക്ഷം ഒരു മാസത്തിനുള്ളിൽ ടി കുടിശിക തീർപ്പാക്കുന്നതാണ് എന്ന്

രേഖപ്പെടുത്തിക്കൊണ്ട് 200/- രൂപയുടെ മുദ്രപ്പത്രത്തിൽ ബന്ധപ്പെട്ട കോളേജ് മാനേജരും കോളേജ് പ്രിൻസിപ്പലും ചേർന്ന് തയ്യാറാക്കിയതും നോട്ടറി സാക്ഷ്യപ്പെടുത്തിയതുമായ സാക്ഷ്യപത്രം" ഹാജരാക്കുന്ന പക്ഷം സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023-'24 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിന് വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10(17) പ്രകാരമുള്ള അധികാരം പ്രയോഗിച്ച് ഉത്തരവായി.
ആലുവ സെന്റ് സേവിയേഴ്സ് കോളേജ്, ഹാജരാക്കിയ ടി സാക്ഷ്യപത്രം പരിഗണിച്ച്, ടി കോളേജിലെ സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023-'24 അദ്ധ്യയന വർഷം പുതുക്കി നൽകിയ നടപടിയും തദനുസരണം പുറപ്പെടുവിച്ച 30.03.2024-ലെ 2875/എസിഎ1/2024/എംജിയു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: 16/24.03/128964/AC A1-1/2023** **മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരമുള്ള അധികാരം പ്രയോഗിച്ച് വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച ഉത്തരവും [നം.2920/എസിഎ1/2024/എംജിയു തീയതി. 01.04.2024] സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

ആലുവ യൂണിയൻ ക്രിസ്റ്റ്യൻ കോളേജിൽ നടത്തുന്ന സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023-'24 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിനായി കോളേജ് പ്രിൻസിപ്പൽ അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ പരിഗണിച്ച, 16.01.2024-ന കൂടിയ സിൻഡിക്കേറ്റ് യോഗം, ആലുവ യൂണിയൻ ക്രിസ്റ്റ്യൻ കോളേജിൽ നടത്തുന്ന സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ, വിവിധ ഇനങ്ങളിൽ സർവകലാശാലയ്ക്ക് നൽകാനുള്ള ഫീസ് കോളേജിൽ നിന്നും ഒടുക്കിയ ശേഷം മാത്രം 2023-'24 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിന് തീരുമാനിച്ചു.
എന്നാൽ ഇ ഗ്രാന്റ്സ് കുടിശിക കണക്കാക്കുന്നതിലുള്ള കാലതാമസവും സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനുള്ള അടിയന്തര സാഹചര്യവും പരിഗണിച്ച് "പരീക്ഷ ഫീസുമായി ബന്ധപ്പെട്ട ഇ ഗ്രാന്റ്സ് കുടിശിക സർവ്വകലാശാല കണ്ടെത്തി കോളേജിൽ അറിയിക്കുന്ന പക്ഷം ഒരു മാസത്തിനുള്ളിൽ ടി കുടിശിക തീർപ്പാക്കുന്നതാണ് എന്ന് രേഖപ്പെടുത്തിക്കൊണ്ട് 200/- രൂപയുടെ മുദ്രപ്പത്രത്തിൽ ബന്ധപ്പെട്ട കോളേജ് മാനേജരും കോളേജ് പ്രിൻസിപ്പലും ചേർന്ന് തയ്യാറാക്കിയതും നോട്ടറി സാക്ഷ്യപ്പെടുത്തിയതുമായ സാക്ഷ്യപത്രം" ഹാജരാക്കുന്ന പക്ഷം സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023-'24 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിന് വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10(17) പ്രകാരമുള്ള അധികാരം പ്രയോഗിച്ച് ഉത്തരവാവുകയും ചെയ്തു.

ആലുവ യൂണിയൻ ക്രിസ്റ്റ്യൻ കോളേജ്, ഹാജരാക്കിയ ടി സാക്ഷ്യപത്രം പരിഗണിച്ച്, ടി കോളേജിലെ സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023-'24 അദ്ധ്യയന വർഷം പുതുക്കി നൽകിയ നടപടിയും തദനുസരണം പുറപ്പെടുവിച്ച 01.04.2024-ലെ 2920/എസിഎ1/2024/എംജിയു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: 17/24.03/35343/AC B7-1/2024 (PART I)** **കുട്ടിക്കാനം, മരിയൻ സ്വയംഭരണ കോളേജിന് നിരാക്ഷേപപത്രം നൽകുവാൻ സത്യാവാങ്മൂലം സ്വീകരിച്ചുകൊണ്ട് വൈസ്ചാൻസിലർ ഇൻ ചാർജ്ജ് അനുമതി നൽകിയ നടപടി സിന്റിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

കുട്ടിക്കാനം, മരിയൻ സ്വയംഭരണ കോളേജ് ബി.ബി.എ, ബി.സി.എ പ്രോഗ്രാമുകൾ നടത്തുന്നതിന് എഐസിറ്റിഇ അംഗീകാരം നേടുന്നതുമായി ബന്ധപ്പെട്ട് സർവകലാശാലയിൽ നിന്ന് നിരാക്ഷേപപത്രം അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു. സാക്ഷ്യപത്രത്തിനായി നിശ്ചിത ഫീസ് സർവകലാശാല ഫണ്ടിൽ അടച്ച് രസീതും സമർപ്പിച്ചിരുന്നു.

മരിയൻ സ്വയംഭരണ കോളേജിൽ നടത്തപ്പെടുന്നതായ എയ്ഡഡ് ബിബിഎ, ബിസിഎ പ്രോഗ്രാമുകൾക്ക് പുറമെ സർവ്വകലാശാലയുടെ അനുമതി ഇല്ലാതെ സ്വാശ്രയ അധിക ബാച്ച് 2021-22, 2022-23, 2023-24 അധ്യയന വർഷങ്ങളിൽ ആരംഭിച്ച് വിദ്യാർത്ഥി പ്രവേശനം നടത്തിയതുമായി ബന്ധപ്പെട്ട് കോളേജിന് പത്ത് ലക്ഷം രൂപ പിഴ ചുമത്തിക്കൊണ്ട് പ്രവേശനം ക്രമപ്പെടുത്തിയിരുന്നു. കോളജ് പിഴ അടയ്ക്കാതെ പിഴ തുകയിൽ ഇളവ് നൽകുന്നതിനായി അപേക്ഷ സമർപ്പിക്കുകയും വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയുമാണ്.

മരിയൻ കോളേജിന് ബി.ബി.എ, ബി.സി.എ പ്രോഗ്രാമുകൾ നടത്തുന്നതിന് എഐസിടിഇ അംഗീകാരം നേടുന്നതുമായി ബന്ധപ്പെട്ട് സർവകലാശാലയിൽ നിന്ന് നിരാക്ഷേപ പത്രം അനുവദിക്കണമെന്നും പിഴ കുറവ് ചെയ്യുന്നതിനുള്ള സിൻഡിക്കേറ്റ് തീരുമാന പ്രകാരം പിഴ തുക അടയ്ക്കുന്നതിന് സന്നദ്ധമാണെന്നും ഇതിനായി സത്യവാങ്മൂലം സമർപ്പിക്കുകയാണെന്നും അറിയിച്ചുകൊണ്ട് മാനേജർ കത്ത് സമർപ്പിച്ചിരുന്നു.

പ്രസ്തുത വിഷയം വൈസ്ചാൻസിലർ ഇൻ ചാർജ്ജ് പരിഗണിക്കുകയും മരിയൻ കോളേജ് മാനേജർ സമർപ്പിച്ച സത്യവാങ്മൂലം പരിഗണിച്ചുകൊണ്ട് നിരാക്ഷേപപത്രം അനുവദിക്കുന്നതിന്, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 17/04/2024 തീയതിയിലെ 3443/AC B7/2024/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: 18/24.03/13725/ADA9 SO/2024 (PART I)** **സ്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്ട് – ബാർ കൗൺസിൽ ഓഫ് ഇൻഡ്യ യുടെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന ചെലവിലേക്കായി Rs.6,10,000/- അനുവദിച്ച് ഉത്തരവായത് സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് (SILT) അംഗീകൃത law colleges-ന്റെ പുതുക്കിയ ലിസ്റ്റിൽ ഇല്ലാത്തതിനാൽ ബാർ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരം അടിയന്തിരമായി ലഭിച്ചാൽ മാത്രമേ അഞ്ചു വർഷ BBA LLB കോഴ്സ് ചെയ്യുന്ന കുട്ടികൾക്ക് enrol ചെയ്യാൻ സാധിക്കു എന്നും ആയതിന്റെ അടിസ്ഥാനത്തിൽ താഴെ സൂചിപ്പിക്കുന്ന പ്രകാരമുള്ള ചെലവുകൾക്കായി ₹ 6,10,000/- (ആറ് ലക്ഷത്തി പതിനായിരം രൂപ മാത്രം )താത്കാലിക മുൻകൂർ തുകയായി അനുവദിക്കണമെന്ന് പ്രൊഫസർ (ഡോ) ജിജി പി വി, വകുപ്പ് മേധാവി,SILT അപേക്ഷ സമർപ്പിച്ചിരുന്നു.

| | | |
|---|---|---|
| 1 | One time registration fee | ₹50,000/- (Rs Fifty Thousand only) |
| 2 | Application fee for the Academic year | ₹ 10000/- (Rs Ten Thousand only) |
| 3 | Course fee for Honours degree | ₹ 500,000/- (Rs Five Lakh only) |
| 4 | Fine, if any | ₹ 50,000/- (Rs Fifty Thousand only) |
| | TOTAL | ₹ 6,10,000/- (Rs Six Lakh Ten Thousand only) |

പ്രസ്തുത അപേക്ഷ പരിഗണിച്ച്, സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് (SILT) വകുപ്പ് മേധാവി പ്രൊഫസർ (ഡോ) ജിജി പി വി -യുടെ പേരിൽ, സർവകലാശാലാ ആക്ട് 1985 ലെ അദ്ധ്യായം III സെക്ഷൻ 10 (17) വകുപ്പ് അനുശാസിക്കുന്ന അധികാരം വിനിയോഗിച്ച്, സർക്കുലർ നമ്പർ 26895/ AD A 1/3/ എ ഡി എ 1/ AD A 1 തീയതി 15.11.2021 ലെ അഞ്ചാമത്തെ വ്യവസ്ഥയിൽ ഇളവ് നൽകി താൽക്കാലിക മുൻകൂർ തുകയായി ₹6,10,000/- (ആറ് ലക്ഷത്തി പതിനായിരം രൂപ മാത്രം) രൂപ അനുവദിച്ചു കൊണ്ട് വൈസ് ചാൻസലർ ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ചിട്ടുള്ള 05.02.2024 തീയതിയിലെ 1089/AD A 9/2024/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: 19/24.03/25684/AD A3/4/2019** **മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരമുള്ള പ്രത്യേക അധികാരം വിനിയോഗിച്ച് വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ഗവ. ഉത്തരവ് പുറത്തെഴുത്ത് നടത്തി നടപ്പിലാക്കിയത് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

കേരള സർവീസ് ചട്ടങ്ങൾ, ഭാഗം I, അനുബന്ധം VII, സെക്ഷൻ II, ചട്ടം 1(i) ന് ചുവടെയുള്ള കുറിപ്പ് 2-ലെ പ്രത്യേക ആകസ്മിക അവധി അനുവദനീയമായ സാംക്രമിക രോഗങ്ങളുടെ പട്ടികയിൽ, 01/02/2024 തീയതി പ്രാബല്യത്തിൽ, ക്രമനമ്പർ 2 ആയി 'ചിക്കൻപോക്സ് ' ഉൾപ്പെടുത്തി പുറപ്പെടുവിച്ച സ.ഉ.(അച്ചടി) നം.10/2024/Fin, തീയതി, 16.02.2024 - പുറത്തെഴുത്ത് നം.117849/AD A3-4/2023/AD A 3, തീയതി 16.04.2024 പ്രകാരം സർവകലാശാലയിൽ നടപ്പിലാക്കിയത്.
മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ മേല്പറഞ്ഞ പ്രകാരം നടപടികൾ കൈക്കൊള്ളുകയും,

തദനുസരണം സർവ്വകലാശാല പുറത്തെഴുത്ത് പുറപ്പെടുവിക്കുകയും ചെയ്ത വിവരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: 20/24.03/ADA1/5285/2/2021 (PART I)** **ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നല്കിയ വൈസ് ചാൻസലറുടെ 01.04.2024 തീയതിയിലെ ഉത്തരവ് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

താഴെ പരാമർശിച്ചിരിക്കുന്ന ഡെപ്യൂട്ടി രജിസ്ട്രാര് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം മഹാത്മാഗാന്ധി സർവകലാശാല ആക്റ്റ് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അനുവദിച്ചുകൊണ്ട് വൈസ് ചാൻസലര് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 01/04/2024-ലെ 2938/AD A1/2024/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

| ക്രമ നം. | പേര് | സ്ഥാനക്കയറ്റ തസ്തിക, പ്രാബല്യം | തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | ഉത്തരവ് നമ്പർ,തീയതി |
|---|---|---|---|---|
| 1. | ശ്രീ. പ്രശാന്ത് തമ്പി പി., (PEN-1855) അസിസ്റ്റൻറ് രജിസ്ട്രാർ (ഹയർ ഗ്രേഡ്) -3 (ഭരണ വിഭാഗം) | ഡെപ്യൂട്ടി രജിസ്ട്രാർ, 01.04.2024 പൂർവ്വാഹ്നം മുതല് | ശ്രീ. അജിത്കുമാർ വി., ഡെപ്യൂട്ടി രജിസ്ട്രാർ, വിരമിച്ചതിനെത്തുടർന്നു ണ്ടായ തസ്തിക ഒഴിവ്. | നമ്പർ: 2938/AD A1/2024/എം.ജി.യു., തീയതി: 01.04.2024 |

**ഇനംനമ്പർ: 21/24.03/120259/AC A1-3/2023** **നിർമ്മല സദൻ ട്രെയിനിംഗ് കോളേജ് ഫോർ സ്പെഷ്യൽ എഡ്യൂക്കേഷൻ (സ്വാശ്രയം) - 2024-'25 അദ്ധ്യയന വർഷം M.Ed Special Education (Learning Disability) പ്രോഗ്രാം ആരംഭിക്കുന്നതിനായി നൽകിയ അപേക്ഷ - മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III വകുപ്പ് 10(17) പ്രകാരം കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും - സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്:**

സ്പെഷ്യൽ എഡ്യൂക്കേഷൻ കോളേജുകളുടെ റെഗുലേറ്ററി ബോഡിയായ 'Rehabilitation Council of India(RCI)' യുടെ അംഗീകാരത്തോടുകൂടി മാത്രമേ M.Ed Special Education (Learning Disability) പ്രോഗ്രാമിന് അഫിലിയേഷൻ നൽകുവാൻ സാധിക്കുകയുള്ളൂ എന്നതിനാൽ 19.03.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. 60/24.02/120259/ACA1-3/2023 പ്രകാരമുള്ള തീരുമാനത്തിൽ 'റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ (RCI) അംഗീകാരത്തിനും വിധേയമായി' M.Ed Special Education (Learning Disability) കോഴ്സ് ആരംഭിക്കുന്നതിനുള്ള അനുമതി നൽകുന്നതിനും എന്ന് ഭേദഗതി വരുത്തുന്നതിന് വൈസ് ചാൻസലറുടെ ചുമതല വഹിയ്ക്കുന്ന പ്രൊഫസർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 3324/ACA1/2024/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: 22/24.03/105348/ADA3 SO/2023** **ശ്രീ. ഷൊയബ് കെ എ, ശ്രീമതി കവിത കെ എസ്, എന്നിവർ ബഹു. കേരള ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച റിട്ട് ഹർജി W P (c) No.27008/2023 - അന്വേഷണ കമ്മീഷൻ സമർപ്പിച്ച ശുപാർശകൾ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം 3, പരിച്ഛേദം 10(17) പ്രകാരം ബഹു. വൈസ് ചാൻസലർ കൈക്കൊണ്ട തീരുമാനം സിൻഡിക്കേറ്റ് മുമ്പാകെ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

സർവകലാശാലയിൽ സെക്ഷൻ ഓഫീസർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. ഷൊയബ് കെ എ, ശ്രീമതി കവിത കെ എസ്, എന്നിവർ The Rights of Persons with Disabilities Act 2016 അടിസ്ഥാനപ്പെടുത്തി കണ്ടെത്തിയിട്ടുള്ള ഒഴിവുകളിൽ സ്ഥാനക്കയറ്റം നൽകുന്നതിന് വേണ്ടി ബഹു.കേരള ഹൈക്കോടതി മുൻപാകെ സമർപ്പിച്ച റിട്ട് ഹർജി W P (c) No.27008/2023-കേസിന്മേൽ നൽകിയ കോടതിയലക്ഷ്യ പെറ്റീഷൻ CON.CASE(C) No.2772/2023(S) ബഹു.കേരള ഹൈക്കോടതിയുടെ 19.02.2024 തീയതിയിലെ വിധിപ്രസ്താവത്തിൽ ഹർജിക്കാരെ കേൾക്കുന്നതിനായി ഉത്തരവായതിന്റെ

അടിസ്ഥാനത്തിൽ ടിയാളുകളെ ഹിയർ ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ.ഷജില ബീവി എസ്, അഡ്വ.റെജി സക്കറിയ എന്നിവരെ ചുമതലപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ 26.02.2024 തീയതിയിൽ ഹർജിക്കാരെ ഹിയറിംഗ് നടത്തുകയും തുടർന്ന് ടി വിഷയവുമായി ബന്ധപ്പെട്ട വിശദാംശങ്ങളും W P (c) No.8126/2020 ഹർജിയിന്മേൽ ബഹു.ഹൈക്കോടതിയുടെ ഉത്തരവിന്റെയും മേൽ ഹിയറിംഗിൽ ഉന്നയിക്കപ്പെട്ട വിഷയങ്ങളുടെയും അടിസ്ഥാനത്തിൽ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് പ്രകാരമുള്ള ശുപാർശ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, പരിച്ഛേദം 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 06/03/2024-ലെ 2109/ADA 3/2024/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: 23/24.03/42950/AC A9-3/2024**

**CBCS 2017 റെഗുലേഷൻ പ്രകാരമുള്ള വിദ്യാർത്ഥികൾക്ക് Retracking/Notional Registration ബാധകമാക്കിക്കൊണ്ടും, Retracking ഫീ നിരക്ക് 200 രൂപയിൽ നിന്നും 1000 രൂപയായി വർധിപ്പിച്ചുകൊണ്ടും - സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III,വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലറുടെ ചുമതലയുള്ള പ്രൊഫസർ അംഗീകരിച്ച് ഉത്തരവായത് - സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

കാലടി ശ്രീ ശങ്കര കോളേജിലെ 2018-2021 ബാച്ച് B.A. Hindi Model I റെഗുലർ വിദ്യാർത്ഥിനിയായിരുന്ന Smt. Sameena Siyad-ന് പരീക്ഷ എഴുതുന്നതിന് ആവശ്യമായ ഹാജർനില ഉണ്ടായിട്ടും വ്യക്തിപരമായ കാരണങ്ങളാൽ 2021-ൽ നടന്ന ആറാം സെമസ്റ്റർ പരീക്ഷ യഥാസമയം രജിസ്റ്റർ ചെയ്യാൻ സാധിച്ചിരുന്നില്ല എന്നും, ആയതിനാൽ നോഷണൽ രെജിസ്ട്രേഷൻ വഴി 2024 മാർച്ചിൽ നടക്കുന്ന ആറാം സെമസ്റ്റർ B.A. Hindi Model I പരീക്ഷ എഴുതുന്നതിനുള്ള അനുവാദം നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു.

അവസാന വർഷം ആവശ്യമായ ഹാജർനില ഉണ്ടായിരിക്കുകയും എന്നാൽ യഥാസമയം പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാതിരിക്കുകയും ചെയ്യുന്ന വിദ്യാർത്ഥികൾക്ക്, 200 രൂപ ഫീസ് ഒടുക്കി അവർ പഠിച്ച കോളേജ് പ്രിൻസിപ്പൽ മുഖേനെ അപേക്ഷ സമർപ്പിച്ചാൽ retracking വഴി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്നതിന് അവസരം നൽകിക്കൊണ്ട് 10.07.2002 തീയ്യതിയിൽ സർവ്വകലാശാല AcAIII/1/25/NR/2000 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത വിദ്യാർത്ഥിനിയ്ക്ക് ബാധകമായ CBCS 2017 റെഗുലേഷനിൽ retracking മുഖേനെ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് പരാമർശമില്ല. കൂടാതെ CBCS 2017 റെഗുലേഷൻ clause 5.3 പ്രകാരം ഒരു പ്രോഗ്രാം പൂർത്തിയാക്കുവാൻ അനുവദിക്കുന്ന പരമാവധി കാലാവധി 6 വർഷം (12 സെമസ്റ്റർ) എന്ന് പരാമർശിക്കുന്നുണ്ട്. അതിൻപ്രകാരം ആറാം സെമസ്റ്റർ സി.ബി.സി.എസ്. യു.ജി മാർച്ച് 2024 പരീക്ഷ ടിയാരിയുടെ അവസാന അവസരമായതിനാലും, കൂടാതെ അടുത്ത അധ്യയന വർഷം മുതൽ സർവ്വകലാശാലയിൽ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ തുടങ്ങാനിരിക്കുന്ന സാഹചര്യത്തിലും, ടി അപേക്ഷകയ്ക്കും സമാന സാഹചര്യത്തിലുള്ള മറ്റ് വിദ്യാർത്ഥികൾക്കും പ്രോഗ്രാം പൂർത്തിയാക്കുന്നതിന് അവസരം നൽകുന്നതിനായി CBCS 2017 റെഗുലേഷനിൽ ഇളവ് നൽകിക്കൊണ്ട്, Retracking/Notional Registration CBCS 2017 റെഗുലേഷൻ വിദ്യാർത്ഥികൾക്ക് കൂടി ബാധകമാക്കുന്നതിനും, റീട്രാക്കിങ് ഫീസ് 200/- രൂപയിൽ നിന്നും 1000/- രൂപയായി പരിഷ്കരിക്കുന്നതിനും മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം 18.04.2024 തീയ്യതിയിൽ വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ അംഗീകാരം നൽകി ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 22.04.2024 തീയതിയിലെ 3545/AC A9/2024/എം.ജി.യു. നമ്പർ സർവ്വകലാശാലാ ഉത്തരവും, മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം V, സെക്ഷൻ 40 (1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: 24/24.03/187154/AC A1-3/2021**

**2022-'23 അദ്ധ്യയന വർഷം പുതിയ സ്വാശ്രയ ലോ കോളേജ് ആരംഭിക്കുന്നതിനായി വിവിധ എഡ്യൂക്കേഷണൽ ഏജൻസികൾ നൽകിയ അപേക്ഷകൾ – മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III വകുപ്പ് 10(17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും – സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത്- സംബന്ധിച്ച്:-**

ബഹു. കേരള ഹൈക്കോടതിയിൽ എഡ്യൂക്കേഷണൽ ഏജൻസികൾ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ നം. 34243/2023, 34303/2023 & 34353/2023 മേലുള്ള 12.12.2023 തീയതിയിലെ വിധിന്യായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർവകലാശാല ഉത്തരവ് നം. 1050/ACA1/2024/MGU തീയതി: 03.02.2024 ൽ KMM Law College, Thrikkakara, Indira Gandhi Law Academy, Nellikuzhy, Ilahia Law College, Muvattupuzha എന്നീ കോളേജുകൾക്ക് 2024-'25 അക്കാദമിക വർഷം സംസ്ഥാന സർക്കാരിൽ നിന്നുള്ള നിരാക്ഷേപ പത്രം, ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ താത്ക്കാലിക അഫിലിയേഷൻ എന്നിവയ്ക്ക് വിധേയമായി പ്രവർത്തനാനുമതി നൽകിയിരുവെന്നും എന്നാൽ ടി ഉത്തരവിൽ പ്രസ്തുത കോളേജുകളിലെ പ്രോഗ്രാം വിവരങ്ങൾ നല്കിയിരുന്നില്ലയെന്നും അതിനാൽ പ്രസ്തുത എഡ്യൂക്കേഷണൽ ഏജൻസികൾക്ക് ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തിന് അപേക്ഷിക്കുവാൻ സാധിക്കാതെ വന്നതായും ശ്രദ്ധയിൽപെട്ടിരിക്കുന്നു. ആയതിനാൽ സർവകലാശാല ഉത്തരവ് നം. 1050/ACA1/2024/MGU തീയതി: 03.02.2024 ൽ ചുവടെ ചേർത്തിരിക്കുന്ന പ്രോഗ്രാം ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനു അഫിലിയേഷൻ & അപ്രൂവൽ സിൻഡിക്കേറ്റ് ഉപസമിതി കൺവീനർ ശിപാർശ ചെയ്തു.

| Sl No. | Name of the College | Programmes Sanctioned |
|---|---|---|
| 1. | KMM Law College, Thrikkakara | Integrated Five year B.Com LL.B(Honours) (60 seats)<br>Three year Unitary LL.B (60 seats) |
| 2. | Indira Gandhi Law Academy, Nellikuzhy, Kothamangalam | Integrated Five year B.Com LL.B(Honours) (60 seats)<br>Integrated Five year BBA LL.B(Honours) (60 seats)<br>Three year Unitary LL.B (60 seats) |
| 3. | Ilahia Law College, Muvattupuzha | Integrated Five year BA LL.B(Honours) (60 seats)<br>Integrated Five year BCom LL.B(Honours) (60 seats)<br>Three year Unitary LL.B (60 seats) |

പ്രസ്തുത ശുപാർശ അംഗീകരിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം, വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 17.04.2024 തീയതിയിലെ 3407/ACA1/2024/MGU നമ്പർ സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: 25/24.03/110917/AD A4-3/2023**

**DASP & CDOE – താത്കാലിക – കരാർ അടിസ്ഥാനത്തിൽ ലീഡ് ഡെവലപ്പർ – ഫുൾ സ്റ്റാക്ക് (Python) / സീനിയർ സോഫ്റ്റ്വെയർ ഡെവലപ്പർ – ഫുൾ സ്റ്റാക്ക് (Python) – തസ്തികകളിലേക്കുള്ള അഭിമുഖത്തിന്റെ നടപടിക്രമം മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ III സെക്ഷൻ 10(17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ചത് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

DASP & CDOE ലേക്ക് താത്കാലിക – കരാർ അടിസ്ഥാനത്തിൽ ലീഡ് ഡെവലപ്പർ – ഫുൾ സ്റ്റാക്ക് (Python) / സീനിയർ സോഫ്റ്റ്വെയർ ഡെവലപ്പർ – ഫുൾ സ്റ്റാക്ക് (Python) തസ്തികകളിലേക്ക് ലഭിച്ച അപേക്ഷകളിൽ നിന്നും യോഗ്യരായ അപേക്ഷകരെ ഉൾക്കൊള്ളിച്ചുകൊണ്ട് 27.02.2024 തീയതി രാവിലെ 10.30 മണിക്ക് നേരിട്ടുള്ള അഭിമുഖം നടത്തുകയുണ്ടായി. അഭിമുഖത്തിന്റെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ ലീഡ് ഡെവലപ്പർ – ഫുൾ സ്റ്റാക്ക് (Python) നിയോഗത്തിനായി റാങ്ക് ക്രമത്തിൽ ശ്രീ. സിനോ വർഗീസ് തോമസ് നെയും സീനിയർ സോഫ്റ്റ്വെയർ ഡെവലപ്പർ – ഫുൾ സ്റ്റാക്ക് (Python) നിയോഗത്തിനായി റാങ്ക് ക്രമത്തിൽ ശ്രീമതി നൂറ നൗഷാദ് നെയും സെലക്ഷൻ കമ്മിറ്റി

തെരഞ്ഞെടുത്തിരുന്നു. സെലക്ഷൻ കമ്മിറ്റിയുടെ ടി നടപടിക്രമം മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 05.03.2024 തീയതിയിലെ 2065/AD A 4/2024/MGU നമ്പർ സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: 26/24.03/161430/CBCSS 22-2/2023** **മുരിക്കാശ്ശേരി പാവനാത്മ കോളേജിലെ ALAN SHAJI (PRN : 220021065726) എന്ന ബികോം മോഡൽ I ഫിനാൻസ് ആൻഡ് ടാക്സേഷൻ (റിവൈസ്ഡ്) പ്രോഗ്രാം വിദ്യാർത്ഥിയുടെ മേൽ ആരോപിക്കപ്പെട്ട മൂന്നാം സെമസ്റ്റർ ഒക്ടോബർ 2023 പരീക്ഷയിലെ ക്രമക്കേട് സംബന്ധിച്ച വിഷയത്തിൽ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10(17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് ബഹു: വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ കൈകൊണ്ട തീരുമാനവും അതനുസരിച്ച് പുറപ്പെടുവിച്ച സർവകലാശാല ഉത്തരവും സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്:-**

മുരിക്കാശ്ശേരി പാവനാത്മ കോളേജിലെ ALAN SHAJI (PRN : 220021065726) എന്ന ബികോം മോഡൽ I ഫിനാൻസ് ആൻഡ് ടാക്സേഷൻ (റിവൈസ്ഡ്) പ്രോഗ്രാം വിദ്യാർത്ഥി മൂന്നാം സെമസ്റ്റർ ഒക്ടോബർ 2023 പരീക്ഷയിലെ 05.12.2023 തീയതിയിൽ നടന്ന "Goods and Services Tax (CO3OCT01)" എന്ന കോഴ്സിന്റെ പരീക്ഷാവേളയിൽ ക്രമക്കേട് നടത്തിയതായി പ്രസ്തുത കോളേജിൽ നിന്നും റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനക്കായി സമർപ്പിച്ചിരുന്നു.

ടി വിദ്യാർത്ഥിയുടെ മൂന്നാം സെമസ്റ്റർ ഒക്ടോബർ 2023 പരീക്ഷകൾ റദ്ദ് ചെയ്യുന്നതിനും, തുടർന്നു നടന്ന ഒന്നാം സെമസ്റ്റർ CBCS ഡിസംബർ 2023 റീ-അപ്പിയറൻസ് പരീക്ഷാ അവസരത്തിൽ നിന്നും വിലക്കുന്നതിനും, നാലാം സെമസ്റ്റർ CBCS പരീക്ഷയുടെ രജിസ്ട്രേഷൻ സാധ്യമാക്കുന്നതിനുമായി മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 24.04.2024 തീയതിയിലെ 3608/CBCSS 22/2024/എം.ജി.യു. നമ്പർ സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: 27/24.03/155979/EI 31-3/2023** **പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.ബി.എ എൽ.എൽ.ബി. (Hons.) കോഴ്സിന്റെ ഒൻപതാം സെമസ്റ്റർ ഓഗസ്റ്റ് 2023 റെഗുലർ പരീക്ഷയിൽ ശ്രീ നാരായണ ലോ കോളേജ്, പൂത്തോട്ടയിലെ അഷ്ഫാൻ അഷ്റഫ് എന്ന വിദ്യാർത്ഥി നടത്തിയ പരീക്ഷാ ക്രമക്കേടുമായി ബന്ധപ്പെട്ട വിഷയത്തിൽ അന്വേഷണ കമ്മീഷൻ ഡോ. അനിത ആർ, കൺവീനർ സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി - സ്റ്റുഡൻറ്സ് ഡിസിപ്ലിൻ, വെൽഫെയർ & ഗ്രീവൻസസ്, സമർപ്പിച്ച അന്വേഷണ കമ്മീഷൻ റിപ്പോർട്ട്- മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അധ്യായം III ,10(17) പ്രകാരം, വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ അംഗീകരിച്ചത്- സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്:-**

പൂത്തോട്ട, ശ്രീ നാരായണ ലോ കോളേജിലെ, പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.ബി.എ എൽ.എൽ ബി(Hons.) വിദ്യാർത്ഥിയായ ശ്രീ അഷ്ഫാൻ അഷ്റഫ് (PRN-183241510343)-ന്റെ ഒൻപതാം സെമസ്റ്റർ ഓഗസ്റ്റ് 2023 പരീക്ഷയുടെ FL 29 Public International Law എന്ന വിഷയത്തിന്റെ 900067 ഫാൾസ് നമ്പറിലുള്ള ഉത്തരക്കടലാസിന്റെ ഉള്ളിൽ നിന്നും പരീക്ഷ സംബന്ധിയായ പേപ്പർ ലഭിക്കുകയുണ്ടായി എന്ന് എറണാകുളം മൂല്യനിർണയ ക്യാമ്പിൽ നിന്നും റിപ്പോർട്ട് ചെയ്തിരുന്നു.

മേൽ വിഷയത്തിൽ, 08.04.2024 തീയതിയിലെ 3168/EI31/2024/MGU നമ്പർ സർവകലാശാല ഉത്തരവ് പ്രകാരം രൂപീകൃതമായ അന്വേഷണ കമ്മീഷൻ 22.04.2024 തീയതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ, "ശ്രീ നാരായണ ലോ കോളേജ്, പൂത്തോട്ട-യിലെ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.ബി.എ എൽ.എൽ.ബി (ഓണേഴ്സ്) വിദ്യാർത്ഥിയായ അഷ്ഫാൻ അഷ്റഫ് (PRN-183241510343), നിലവിൽ 1 മുതൽ 8 വരെയുള്ള

സെമസ്റ്ററുകൾ റെഗുലർ അവസരത്തിൽ തന്നെ പാസ്സായിട്ടുള്ളതിനാലും, പരീക്ഷാ ഹാളിൽ ടി വിദ്യാർത്ഥിയിൽ നിന്നും സംശയാസ്പദമായ പെരുമാറ്റം ഉണ്ടായിട്ടില്ല എന്ന് പ്രിൻസിപ്പൽ, ശ്രീ നാരായണ ലോ കോളേജ് പൂത്തോട്ട റിപ്പോർട്ട് ചെയ്തിരിക്കുന്നതിനാലും, ഒൻപതാം സെമസ്റ്റർ ഓഗസ്റ്റ് 2023 റെഗുലർ പരീക്ഷ റദ്ദ് ചെയ്യുന്നതിനും, റിസൽട്ട് തടഞ്ഞു വച്ചിരിക്കുന്ന പത്താം സെമസ്റ്റർ സെപ്റ്റംബർ 2023 റെഗുലർ പരീക്ഷയുടേ ഫലം പ്രസിദ്ധീകരിക്കുന്നതിനും ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ശിപാർശ വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 23.04.2024 തീയതിയിലെ 3600/EI 31/2024/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ: 28/24.03/44876/AC A5-3/2024**

**അക്കാദമികം- ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ്ങ് ലേർണിംഗ് ആൻഡ് എക്സ്റ്റൻഷൻ -എം.എ ഇൻ കൗൺസിലിംഗ് പ്രോഗ്രാം - സിലബസ് (2021 അഡ്മിഷൻ മുതൽ)- കോഴ്സ് കോഡ് പരിഷ്കരണം- - വകുപ്പ് മേധാവിയുടെ ശിപാർശ - വൈസ് ചാൻസലർ അംഗീകരിച്ച്- മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ്- സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത്- സംബന്ധിച്ച്:-**

മഹാത്മാഗാന്ധി സർവകലാശാലയുടെ പഠനവകുപ്പായ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ്ങ് ലേർണിംഗ് ആൻഡ് എക്സ്റ്റൻഷൻ വകുപ്പ് മേധാവി, പ്രസ്തുത പഠനവകുപ്പിലെ എം.എ ഇൻ കൗൺസിലിംഗ് പ്രോഗ്രാമിന്റെ സിലബസിലെ (2021 അഡ്മിഷൻ മുതൽ) കോഴ്സുകളുടെ കോഴ്സ് കോഡുകൾ പരിഷ്കരിക്കണമെന്ന് 18.04.2024 തീയതിയിലെ കത്ത് മുഖേന ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 19.04.2024-ലെ 3509/AC A 5/2024/MGU നമ്പർ സർവകലാശാലാ ഉത്തരവും മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം V.40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ: 29/24.03/153627/CBCSS23-3/2023**

**മുരിക്കാശ്ശേരി പാവനാത്മ കോളേജിലെ സി ബി സി എസ്, ബി എ ഹിസ്റ്ററി മോഡൽ II** Forestry & Environmental History **വിദ്യാർത്ഥിയായ ആൽബർട്ട് തോമസ് (PRN: 210021017684 ) അഞ്ചാം സെമസ്റ്റർ ഒക്ടോബർ 2023 പരീക്ഷയിൽ നടത്തി എന്നാരോപിക്കപ്പെടുന്ന പരീക്ഷ ക്രമക്കേട് സംബന്ധിച്ച് കൈകൊണ്ട തീരുമാനം -റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് .**

1. മുരിക്കാശ്ശേരി പാവനാത്മ കോളേജിലെ സി ബി സി എസ്, ബി എ ഹിസ്റ്ററി മോഡൽ II Forestry & Environmental History വിദ്യാർത്ഥിയായ ആൽബർട്ട് തോമസ് (PRN: 210021017684) 24 .11 .2023- ന നടന്ന അഞ്ചാം സെമസ്റ്റർ ഒക്ടോബർ 2023 പരീക്ഷയിൽ, Physical Health and Life Skill Education എന്ന വിഷയത്തിന് പരീക്ഷക്രമക്കേട് നടത്തിയതായി പരീക്ഷാ ചുമതലയിൽ ഉണ്ടായിരുന്ന അദ്ധ്യാപകൻ കണ്ടെത്തുകയും കോളേജ് പ്രിൻസിപ്പാൾ ഇക്കാര്യത്തിൽ അന്വേഷണം നടത്തി അന്വേഷണ റിപ്പോർട്ട്, ഉത്തരങ്ങൾ അടങ്ങിയ കൈയ്യെഴുത്തുപ്രതി, വിദ്യാർഥിയുടെ പ്രസ്താവന, ഹാൾടിക്കറ്റ്, ഉത്തരക്കടലാസ് എന്നിവ സഹിതം സർവകലാശാലക്ക് സമർപ്പിച്ചിരുന്നു.
മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം ടി വിദ്യാർത്ഥിയുടെ അഞ്ചാം സെമസ്റ്റർ ഒക്ടോബർ 2023 പരീക്ഷ റദ്ദാക്കാനും, ഒരു റെഗുലർ/സപ്ലിമെന്ററി പരീക്ഷയിൽ നിന്ന് വിലക്കുന്നതിനും, കൂടാതെ അഞ്ചാം സെമസ്റ്റർ സപ്പ്ളിമെന്ററി മാർച്ച് 2024 പരീക്ഷ എഴുതാൻ അനുവദിക്കുകയും ചെയ്ത നടപടിയും തദനുസരണം പുറപ്പെടുവിച്ച 16/04/2024 തീയതിയിലെ 3403/CBCSS 23/2024/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

## (b) സിൻഡിക്കേറ്റിലേക്കുള്ള റിപ്പോർട്ട് (മറ്റിനം)

**ഇനംനമ്പർ: 30/24.03/25432/AC B1-2/2024**

**സ്വകാര്യ എയ്ഡഡ് കോളേജുകൾ – ടൈറ്റസ് സെക്കന്റ് കോളേജ്, തിരുവല്ല – കോളേജ് മാനേജരുടെ മാറ്റം – സിൻഡിക്കേറ്റ് മുൻപാകെ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

തിരുവല്ല ടൈറ്റസ് സെക്കന്റ് കോളേജിലെ മാനേജർ ആയിരുന്ന റൈറ്റ്. റവറന്റ്. ഡോ. എബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ യുടെ പിൻഗാമിയായി 01.11.2023 പൂർവ്വാഹ്നം മുതൽ റൈറ്റ്. റവ തോമസ് മാർ ടിമോതയോസ് എപ്പിസ്കോപ്പ-യെ മാനേജർ ആയി നിയമിച്ച വിവരം സർവ്വകലാശാലയെ അറിയിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം 23, സ്റ്റാറ്റ്യൂട്ട് 19 (2) പ്രകാരം അഫിലിയേറ്റഡ് കോളേജുകളിലെ ഗവേർണിംഗ് ബോഡി (യൂണിറ്ററി മാനേജ്മെന്റ്) അല്ലെങ്കിൽ മാനേജിങ് കൗൺസിൽ (കോർപ്പറേറ്റ് മാനേജ്മെന്റ്) എന്നിവയിലെ മാറ്റങ്ങൾ ( "All changes in the membership of the Governing Body or the Managing Council and all appointments, transfers, promotions,demotions or dismissals of teachers of the colleges with name, qualification and designation shall forthwith be reported to the Syndicate.") സർവ്വകലാശാല സിൻഡിക്കേറ്റ് മുൻപാകെ റിപ്പോർട്ട് ചെയ്യേണ്ടതായിട്ടുണ്ട്. കൂടാതെ,മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം VIII, സെക്ഷൻ 54 (2 ) – പ്രകാരം പ്രൈവറ്റ് കോളേജുകളിലെ (യൂണിറ്ററി മാനേജ്മെന്റ്) മാനേജർ, ഗവേർണിംഗ് ബോഡിയുടെ ചെയർമാൻ ആണെന്ന് പരാമർശിച്ചിട്ടുണ്ട്.

ടി വിഷയം സർവ്വകലാശാല സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ: 31/24.03/43703/AC A4-2/2023**

**2011 റെഗുലേഷൻ (2011 മുതൽ 2017 വരെയുള്ള അഡ്മിഷൻ ബാച്ച്) പഞ്ചവത്സര എൽ എൽ ബി കോഴ്സുകളുടെ Theory/Compulsory Clinical/Practical വിഷയങ്ങൾക്ക് ഇന്റേണൽ റീഡു അനുവദിച്ച – റെഗുലേഷൻ ഭേദഗതി – ബഹു. വൈസ് ചാൻസലർ അംഗീകരിച്ച – ഉത്തരവ് പുറപ്പെടുവിച്ചത്- സംബന്ധിച്ച്:-**

2011 പൊതു റെഗുലേഷൻ ബാധകമായിട്ടുള്ള പഞ്ചവത്സര എൽ എൽ എൽ ബി കോഴ്സുകൾക്ക് ഇന്റേണൽ റീ ഡു അനുവദനീയമല്ല. പക്ഷെ പഞ്ചവത്സര ബി എ ക്രിമിനോളജി(2011)/ ബി എ എൽ എൽ ബി കോഴ്സുകളുടെ 2012, 2013 ബാച്ച വിദ്യാർത്ഥികൾക്ക് കോടതി വിധിയുടെ പിൻബലത്തോടെ പ്രത്യേക കേസ് ആയി പരിഗണിച്ച് മാനുഷിക പരിഗണന നൽകി ഒറ്റ തവണത്തേക്കു മാത്രമായി പ്രത്യേക ഉത്തരവുകളിലൂടെ ഇന്റെര്ണൽ റീ ഡു അനുവദിച്ചിരുന്നു. ടി റെഗുലേഷൻ ബാധകമായിട്ടുള്ള പഞ്ചവത്സര കോഴ്സുകളിലെ ഇതര ബാച്ച് വിദ്യാർഥികളുടെ ഇന്റേണൽ റീ ഡു വിനുള്ള നിരവധി അപേക്ഷകൾ ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ സിൻഡിക്കറ്റ് ഉപസമിതി (പരീക്ഷ/അക്കാദമിക് കൗൺസിൽ സമിതികൾ) വിഷയം പരിശോധിക്കുകയും റെഗുലേഷനിൽ ഇന്റേണൽ റീഡു ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾ/നിബന്ധനകൾ ശുപാർശ ചെയ്യുന്നതിനായി ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ലോ (യു ജി &പി ജി) യെ ചുമതലപ്പെടുത്തുകയും ചെയ്തു.

ആയത് പ്രകാരം ബോർഡ് ഓഫ് സ്റ്റഡീസ് സമർപ്പിച്ച ശുപാർശകളും, വിഷയത്തിൽ അക്കാഡമിക് /പരീക്ഷാവിഭാഗം നിർദ്ദേശങ്ങളും അക്കാഡമിക് കൗൺസിലിന്റെ പരിഗണനക്ക് സമർപ്പിക്കുകയും 30.01.2024-നു കൂടിയ അക്കാദമിക് കൗൺസിൽ യോഗം, പ്രസ്തുത വിഷയം പഠിച്ച് നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് സമർപ്പിക്കുന്നതിന് ഡോ . ഗിരിശങ്കർ എസ് .എസ് , ചെയർപേഴ്സൺ, ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ലോ (യു ജി ,പി ജി, സംയുക്തം ) -യെ ചുമതലപ്പെടുത്തുന്നതിനും പ്രസ്തുത നിർദ്ദേശങ്ങളിൽ തീരുമാനം കൈക്കൊള്ളുന്നതിനു ബഹു.വൈസ് ചാന്സലറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിക്കുകയും അപ്രകാരം ഉത്തരവ് നമ്പർ 1807/ACA4/2024/ എം ജി യു. തീയതി 26.02.2024 പുറപ്പെടുവിക്കുകയും ചെയ്തു.

തുടർന്ന് ചെയർ പേഴ്സൺ, ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ലോ (യു ജി & പി ജി ) 2011 റെഗുലേഷൻ (2011 മുതൽ 2017 വരെയുള്ള അഡ്മിഷൻ ബാച്ച്) പഞ്ചവത്സര എൽ എൽ ബി കോഴ്സുകളുടെ Theory / Compulsory Clinical/Practical വിഷയങ്ങൾക്ക് ഇന്റേണൽ റീ ഡു സംബന്ധിച്ച വ്യവസ്ഥകൾ/ നിബന്ധനകൾ ക്രോഡീകരിച്ച നിർദ്ദേശിച്ചത് വൈസ് ചാൻസലർ 12.03.2024 ന അംഗീകരിച്ച ഉത്തരവായിരുന്നു.

തദനുസരണം പുറപ്പെടുവിച്ച 18.03.2024 തീയതിയിലെ 2452/AC A4/2024/MGU നമ്പർ സർവകലാശാല ഉത്തരവ് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അധ്യായം V സെക്ഷൻ 40 (1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

## (II) ക്രമ ഇനങ്ങൾ

### (i) നടപ്പ് ഇനങ്ങൾ

**ഇനംനമ്പർ: 32/24.03/Ac AVI/1/RG/3925/2022** **അരുവിത്തുറ സെൻറ് ജോർജ്ജ്സ് കോളേജിലെ ബോട്ടണി വിഭാഗം അസിസ്റ്റൻറ് പ്രൊഫസറായ ഡോ.അബിൻ സെബാസ്റ്റ്യൻ (Dr. Abin Sebastian) പാലാ, സെൻറ്. തോമസ് കോളേജിലെ ബിരുദാനന്തര ബിരുദ ബോട്ടണി ഡിപ്പാർട്ട്മെന്റിൽ/ ഗവേഷണ കേന്ദ്രത്തിൽ ബോട്ടണിയിൽ റിസർച്ച് ഗൈഡായി പ്രവർത്തിക്കുന്നതിനുള്ള സർവ്വകലാശാലയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്:-**

Resolved to approve Dr. Abin Sebastian, Assistant Professor in Botany, St. George's College, Aruvithura as Research Guide in Botany at the Post Graduate/ Research Department of Botany, St. Thomas College, Pala.

**ഇനംനമ്പർ: 33/24.03/80650/AC A13-2/2023** **ശ്രീമതി ജാസ്മിൻ മേരി പി ജെ –2018 പ്രവേശനം– ഹിന്ദി – ഗവേഷണ മാർഗദർശി മാറ്റി അനുവദിക്കുന്നത് – സംബന്ധിച്ച് .**

മൂവാറ്റുപുഴ, നിർമ്മല കോളേജ് കേന്ദ്രമായി ഗവേഷണം ചെയ്യുന്ന ശ്രീമതി. ജാസ്മിൻ മേരി പി. ജെ.-യുടെ ഗവേഷണ മാർഗദർശിത്വം ഡോ. സുജ സി-യിൽ നിന്നും ഡോ. രമ്യാ കെ ആർ (അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഹിന്ദി, ശ്രീ ശങ്കര വിദ്യാപീഠം കോളേജ്, വളയൻചിറങ്ങര)-ലേക്ക് മാറ്റി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 34/24.03/139955/AC A2-1/2023** **ഗവേഷണം – ഇംഗ്ലീഷ് വിഷയം – 2020 അഡ്മിഷൻ – ശ്രീമതി ചാസ്മി മരിയ ചാക്കോ – ഗവേഷണ കേന്ദ്രം, ഗവേഷണ മാർഗദർശി എന്നിവരെ മാറ്റി അനുവദിക്കുന്നത് സംബന്ധിച്ച്**

പാലാ, സെന്റ്. തോമസ് കോളേജ് കേന്ദ്രമായി ഗവേഷണം ചെയ്യുന്ന ശ്രീമതി. ചാസ്മി മരിയ ചാക്കോ –യുടെ ഗവേഷണ മാർഗദർശിത്വം ഡോ. സണ്ണി ജോസഫ്-ൽ നിന്നും ഡോ. മിനു മേരി മാത്യു (Assistant Prof., Assumption College, Changanacherry) യിലേക്കും, ഗവേഷണ കേന്ദ്രം സെന്റ് തോമസ് കോളേജ്, പാലാ -യിൽ നിന്നും എസ് ബി കോളേജ്, ചങ്ങനാശ്ശേരിയിലേക്കും മാറ്റി നല്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 35/24.03/161299/ACA11-3/2023** **പി.എച്ച്.ഡി.പ്രോഗ്രാം – രസതന്ത്രം വിഷയം – 2015 പ്രവേശനം -ശ്രീമതി ജെസ്ന കെ സെബാസ്റ്റ്യൻ – ഗവേഷണ മാർഗ്ഗദർശിയെ മാറ്റുന്നത് സംബന്ധിച്ച് .**

എറണാകുളം, മഹാരാജാസ് കോളേജ് കേന്ദ്രമായി ഗവേഷണം ചെയ്യുന്ന ശ്രീമതി. ജെസ്ന കെ സെബാസ്റ്റ്യൻ-ന്റെ ഗവേഷണ മാർഗദർശിത്വം ഡോ. എം കെ മുരളീധരൻ നായർ-ൽ നിന്നും ഡോ. അമൃത എസ് രാജൻ (അസ്സോസിയേറ്റ് പ്രൊഫസർ, മഹാരാജാസ് കോളേജ്, എറണാകുളം)-ലേക്ക് മാറ്റി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 36/24.03/4006/ACA5-3/2023** **മഹാത്മാഗാന്ധി സർവകലാശാലയുടെ D.Sc ബിരുദത്തിനായുള്ള Dr. T. Daniel Thangadurai-യുടെ അപേക്ഷ -സംബന്ധിച്ച് :-**

D.Sc ബിരുദത്തിനായുള്ള Dr. T. Daniel Thangadurai, പ്രൊഫസർ, Department of Chemistry, KPR Institute of Engineering and Technology, Coimbatore, Tamilnadu സമർപ്പിച്ച റിസർച്ച് വർക്ക്

പരിശോധിക്കുന്നതിനായി വൈസ് ചാൻസലർ നാമനിർദ്ദേശം ചെയ്ത ചുവടെ ചേർത്തിരിക്കുന്ന വിഷയവിദഗ്ധരുടെ പാനൽ അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

(1) Prof. Biao Kong
(2) Dr. Shuhui Sen
(3) Prof. Didier Rouxel

| | |
|---|---|
| **ഇനംനമ്പർ: 37/24.03/9284/AC A6-3/2024** | **ആലുവ യു സി കോളേജിലെ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിന് സൈക്കോളജി വിഭാഗവുമായി ചേർന്ന് ഇന്റർ ഡിസിപ്ലിനറി ഗവേഷണ കേന്ദ്രമായി പ്രവർത്തിക്കുന്നതിനുള്ള സർവ്വകലാശാല യുടെ അംഗീകാരം ലഭ്യമാക്കുന്നതിനും അതേ കോളേജിലെ തന്നെ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിലെ അസ്സോസിയേറ്റ് പ്രൊഫസറായ ഡോ ബിന്ദു എം, അങ്കമാലി മോർണിംഗ് സ്റ്റാർ ഹോം സയൻസ് കോളേജിലെ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. മെറ്റിൽഡ തോമസ്, ആലുവ സെന്റ് സേവിയേഴ്സ് കോളേജ് ഫോർ വിമെൻ-ലെ അസ്സോസിയേറ്റ് പ്രൊഫസറായ ഡോ. സിസിലി പേളി അലക്സ് എന്നിവരെ നിർദ്ദിഷ്ട ഗവേഷണകേന്ദ്രത്തിലെ റിസർച്ച് ഗൈഡ് ആയി അംഗീകരിക്കുന്നതിനുമായി നൽകിയിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്;** |

Resolved to constitute an inspection commission comprising Dr. R. Anitha, Member Syndicate as Convener, Sri. Ashish Joseph, HoD, Physical Education, St. Thomas College, Pala as subject expert to inspect the centre and submit the report.

| | |
|---|---|
| **ഇനംനമ്പർ: 38/24.03/Ac AVI/1/RG/3781/2022** | **തുരുത്തികാട്, ബി .എ .എം കോളേജിലെ ബിരുദാനന്തര ബിരുദ കോമേഴ്സ് വിഭാഗത്തിൽ റിസർച്ച് ഗൈഡായി പ്രവർത്തിക്കുന്നതിന് ആലപ്പുഴ എടത്വ സെൻറ് അലോഷ്യസ് കോളേജിലെ കോമേഴ്സ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ.ജോഷി ആൻഡ്രൂസ് (Dr.Joshy Andrews) മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്.** |

Resolved to approve Dr. Joshy Andrews, Assistant Professor in Commerce, St. Aloysius College, Edathua as Research Guide in Commerce at the Post Graduate/ Research Department of Commerce, BAM College, Thuruthicad.

| | |
|---|---|
| **ഇനംനമ്പർ: 39/24.03/Ac AVI/1/RG/53/2023** | **അമലഗിരി ബിഷപ്പ് കുര്യാലശ്ശേരി (B. K. College for Women, Amalagiri) കോളേജ് ഫോർ വിമെനിലെ ഇക്കണോമിക്സ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. ദീപാ കെ. തോമസ് (Dr. Deepa K. Thomas) റിസർച്ച് ഗൈഡായി എം. ജി. സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്.** |

Resolved to approve Dr. Deepa K. Thomas, Assistant Professor in Economics, B. K. College for Women, Amalagiri as Research Guide in Economics at the Post Graduate/ Research Department of Economics, B. K. College for Women, Amalagiri.

| | |
|---|---|
| **ഇനംനമ്പർ: 40/24.03/97680/AC A6-2/2023** | **ശ്രീമതി സൂര്യ ശശി - യു.ജെ.ആർ.എഫ്. കണ്ടിൻജൻസി ഗ്രാന്റ് അനുവദിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന നിവേദനം - സംബന്ധിച്ച്.** |

സർവ്വകലാശാലാ ഫെലോഷിപ്പിനർഹരായ ഗവേഷകർക്ക് കണ്ടിൻജൻസി ഗ്രാന്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്നവ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു..

(a) പ്രതിവർഷം 5000/- രൂപ നിരക്കിൽ പരമാവധി മൂന്ന് വർഷത്തേക്ക് എന്നുള്ളതിൽ ഒരു വർഷത്തെ തുക ക്ലെയിം ചെയ്യുന്നില്ല എങ്കിൽ പ്രസ്തുത തുക അടുത്ത വർഷത്തേക്ക് ക്യാരി ഓവർ ചെയ്യുന്നതിന് തീരുമാനിച്ചു.
(b) ഗവേഷണവുമായി ബന്ധപ്പെട്ടതാണെങ്കിൽ ഫെലോഷിപ്പ് കാലാവധിക്ക് പുറത്തുള്ള ബില്ല് (തീസിസ് സമർപ്പിക്കുന്നതിന് മുൻപ്) ആകസ്മിക ചെലവ് തുക അനുവദിക്കുന്നതിന് പരിഗണിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 41/24.03/6094/AC A6-3/2024**

**കളമശേരി, സെന്റ് പോൾസ് കോളേജിലെ മാത്തമാറ്റിക്സ് വിഭാഗത്തിൽ ഗവേഷണ മാർഗദർശിയാകുന്നതിനായി , ടി കോളേജിലെ തന്നെ അസ്സോസിയേറ്റ് പ്രൊഫസർ ആയ ഡോ. സവിത കെ എസ് സമർപ്പിച്ചിരിക്കുന്ന അപേക്ഷ സംബന്ധിച്ച്.**

Resolved to approve Dr. Savitha K. S., Associate Professor in Mathematics, St. Paul's College, Kalamassery as Research Guide in Mathematics at the Post Graduate/Research Department of Mathematics, St. Paul's College, Kalamassery.

**ഇനംനമ്പർ: 42/24.03/32793/AC A2-2/2023**

**ഗവേഷണ വിഷയം - മലയാളം - 2012 പ്രവേശന വർഷം - ശ്രീ. രാജേഷ് പി എസ് - ഗവേഷണവുമായി ബന്ധപ്പെട്ട് സർവകലാശാല ഈടാക്കുന്ന പിഴ ഒഴിവാക്കി ഫീസ് അടയ്ക്കാനുള്ള അനുമതി സംബന്ധിച്ച്.**

ആലുവ യു സി കോളേജ് ഗവേഷണ കേന്ദ്രമായി മുഴുവൻ സമയ വ്യവസ്ഥയിൽ ഗവേഷണം ചെയ്യുന്ന ശ്രീ. രാജേഷ് പി എസ് ഗവേഷണവുമായി ബന്ധപ്പെട്ടുണ്ടായ പിഴ ഒഴിവാക്കി ഫീസ് അടയ്ക്കാനുള്ള അനുമതിക്കും തുടർന്ന് ഗവേഷണം പൂർത്തിയാക്കി പ്രബന്ധം സമർപ്പിക്കാനുമുള്ള അനുമതിയ്ക്കായും സമർപ്പിച്ച അപേക്ഷ പരിഗണിച്ച്, ടിയാന്റെ അർദ്ധവാർഷിക പുരോഗതി റിപ്പോർട്ടുകൾ സമർപ്പിക്കാത്ത ഇനത്തിലെ പിഴയായ Rs. 1,42,500/- (ഒരു ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) ഒഴിവാക്കി മറ്റ് ഇനങ്ങളിൽ വന്ന ചേർന്ന ബാക്കി തുകകൾ അടച്ച് കൊണ്ട് ഗവേഷണം പൂർത്തിയാക്കി പ്രബന്ധം സമർപ്പിക്കുന്നതിനുള്ള അനുമതി നൽകുവാൻ തീരുമാനിച്ചു.

**ഇനംനമ്പർ: 43/24.03/143188/AC A6-3/2023**

**തലയോലപ്പറമ്പ് ദേവസ്വം ബോർഡ് കോളേജിലെ ഫിസിക്സ് വിഭാഗത്തിനെ സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുവാൻ നല്കിയിരിക്കുന്ന അപേക്ഷ -അന്വേഷണ കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്;-**

അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, തലയോലപ്പറമ്പ് ദേവസ്വം ബോർഡ് കോളേജിലെ ഫിസിക്സ് വിഭാഗത്തിനെ സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനും, ടി കോളേജിലെ തന്നെ ഫിസിക്സ് വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർമാരായ ഡോ. ആൻവി മോളി ടോം (Dr. Anvy Moly Tom), ഡോ. സുമിത്ര ശിവദാസ് മേനോൻ (Dr. Sumithra Sivadas Menon), ഡോ. സത്യജിത് എസ് (Dr. Sathyajith S) എന്നിവരെ മേൽപ്പടി കേന്ദ്രത്തിൽ റിസർച്ച് ഗൈഡുമാരായി അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: 44/24.03/128073/ACA6 SO/2023**

**തേവര സേക്രഡ് ഹാർട്ട് കോളേജിലെ കെമിസ്ട്രി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. ഷാലുമോൻ കെ. റ്റി. (Dr. Shalumon K. T.) റിസർച്ച് ഗൈഡായി എം. ജി. സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്.**

Resolved to to approve Dr. Shalumon K. T., Assistant Professor in Chemistry, Sacred Heart College, Thevara as Research Guide in Chemistry at the Post Graduate/ Research Department of Chemistry, Sacred Heart College, Thevara.

**ഇനംനമ്പർ: 45/24.03/143531/AC A2-1/2021** **ഗവേഷണം – ഇംഗ്ലീഷ് വിഷയം – 2018 പ്രവേശന വർഷം – ശ്രീമതി മിനു എലിസബത്ത് ജോർജ് – ഗവേഷണ രീതി ഭാഗിക സമയ രീതിയിലേക്ക് മാറ്റി അനുവദിക്കുന്നത് സംബന്ധിച്ച്**

സെന്റ്. സേവിയേഴ്സ് കോളേജ് ഫോർ വുമൺ, ആലുവ ഗവേഷണ കേന്ദ്രമായി ഇംഗ്ലീഷ് വിഷയത്തിൽ പൂർണസമയ രീതിയിൽ ഗവേഷണം ചെയ്യുന്ന ശ്രീമതി. മിനു എലിസബത്ത് ജോർജ്, ഗവേഷണ രീതി ഭാഗിക സമയ രീതിയിലേക്ക് മാറ്റി അനുവദിക്കുന്നതിനായി സമർപ്പിച്ചരിക്കുന്ന അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 46/24.03/17722/AC A6-1/2024** **വാഴൂർ,എസ്.വി.ആർ എൻ.എസ്.എസ് കോളേജിൽ മാത്തമാറ്റിക്സ് ഡിപ്പാർട്ട്മെന്റിൽ സ്റ്റാറ്റിസ്റ്റിക്സിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ.മായ റ്റി.നായർ (Dr. Maya T. Nair) എം. ജി. സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്:-**

Resolved to approve Dr. Maya T. Nair, Assistant Professor in Mathematics, SVR NSS College, Vazhoor as Research Guide in Mathematics at the Post Graduate/ Research Department of Mathematics, St. Thomas College, Pala.

**ഇനംനമ്പർ: 47/24.03/14615/AC A6-1/2024** **കോട്ടയം, ബസേലിയസ് കോളേജിൽ ഫിസിക്സ് വിഭാഗത്തിൽ അസ്സോസിയേറ്റ് പ്രൊഫസറായ ഡോ.ലിഞ്ജു ആൻ ജേക്കബ് (Dr.Linju Ann Jacob) അതെ വിഭാഗത്തിലെ ഗവേഷണകേന്ദ്രത്തിൽ ഗവേഷണമാർഗദർശിയായി പ്രവർത്തിക്കുന്നതിനുള്ള സർവ്വകലാശാലയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്:-**

Resolved to approve Dr. Linju Ann Jacob, Associate Professor in Physics, Baselius College, Kottayam as Research Guide in Physics at the Post Graduate/Research Department of Physics, Baselius College, Kottayam.

**ഇനംനമ്പർ: 48/24.03/21710/AC A6-1/2024** **അങ്കമാലി, മോർണിംഗ് സ്റ്റാർ ഹോം സയൻസ് കോളേജിലെ ഹോം സയൻസ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ.മേഘ തമ്പി (Dr.Megha Thampy) റിസർച്ച് ഗൈഡായി പ്രവർത്തിക്കുന്നതിനുള്ള സർവ്വകലാശാലയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.**

Resolved to approve Dr. Megha Thampy, Assistant Professor in Home Science, Morning Star Home Science College, Angamaly as Research Guide in Home Science at the Post Graduate/Research Department of Home Science, Morning Star Home Science College, Angamaly.

**ഇനംനമ്പർ: 49/24.03/19757/AC A6-1/2024** **ആലുവ, യൂണിയൻ ക്രിസ്ത്യൻ കോളേജിലെ സുവോളജി വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ.ആൻ മേരി ജേക്കബ് (Dr.Ann Mary Jacob) റിസർച്ച് ഗൈഡായി പ്രവർത്തിക്കുന്നതിനുള്ള സർവ്വകലാശാലയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.**

Resolved to approve Dr. Ann Mary Jacob, Assistant Professor in Zoology, Union Christian College, Aluva as Research Guide in Zoology at the Post Graduate/ Research Department of Zoology, Union Christian College, Aluva.

ഇനംനമ്പർ: 50/24.03/115939/ACA6 SO/2023 (AcAVI/1/RG/796/2023) തൃപ്പൂണിത്തുറ ഗവൺമെൻറ് സംസ്കൃത കോളേജിലെ ബിരുദാനന്തര ബിരുദ സംസ്കൃതം ഡിപ്പാർട്ട്മെന്റിൽ/ഗവേഷണകേന്ദ്രത്തിൽ സംസ്കൃതത്തിൽ റിസർച്ച് ഗൈഡായി പ്രവർത്തിക്കുന്നതിനുള്ള സർവ്വകലാശാലയുടെ അംഗീകാരത്തിനായി കോട്ടയം, ബസേലിയസ് കോളേജിലെ സംസ്കൃതം വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. ശരത് പി നാഥ് (Dr. Sarath P. Nath) സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.

Resolved to approve Dr. Sarath P. Nath, Assistant Professor in Sanskrit, Baselius College, Kottayam as Research Guide in Sanskrit at the Post Graduate/ Research Department of Sanskrit, Govt. Sanskrit College, Thripunithura.

ഇനംനമ്പർ: 51/24.03/112340/ACA6 SO/2023 (AcAVI/1/RG/680/2023) ചങ്ങനാശ്ശേരി എസ്. ബി. കോളേജിലെ കെമിസ്ട്രി വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. സജിനി റ്റി. (Dr. Sajini T.) റിസർച്ച് ഗൈഡായി പ്രവർത്തിക്കുവാനുള്ള സർവകലാശാലയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.

Resolved to approve Dr. Sajini T., Assistant Professor in Chemistry, S. B. College, Changanassery as Research Guide in Chemistry at the Post Graduate/Research Department of Chemistry, S. B. College, Changanassery.

ഇനംനമ്പർ: 52/24.03/130153/ACA6 SO/2023 മാറമ്പള്ളി എം. ഇ. എസ്. കോളേജിലെ കമ്പ്യൂട്ടർ സയൻസ് ആൻഡ് അലൈഡ് ഏരിയാസ് ഓഫ് ഇലക്ട്രോണിക്സ് ഗവേഷണകേന്ദ്രത്തിൽ കമ്പ്യൂട്ടർ സയൻസിൽ റിസർച്ച് ഗൈഡ് ആയി പ്രവർത്തിക്കുന്നതിനുള്ള സർവ്വകലാശാലയുടെ അംഗീകാരത്തിനായി തൃക്കാക്കര ഭാരത മാതാ കോളേജിലെ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിലെ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. ജോൺ റ്റി ഏബ്രഹാം (Dr. John T. Abraham) സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.

Resolved to approve Dr. John T. Abraham, Assistant Professor in Computer Science, Bharat Mata College, Thrikkakkara as Research Guide in Computer Science at the Post Graduate/Research Department of Computer Science, MES College, Marampally.

ഇനംനമ്പർ: 53/24.03/8768/AC A6-1/2024 കോട്ടയം സി.എം.എസ് കോളേജിലെ ഫിസിക്സ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ.നീതു തെരേസ വില്ലിംഗ്ടൺ (Dr. Neethu Theresa Willington) റിസർച്ച് ഗൈഡായി പ്രവർത്തിക്കുന്നതിനുള്ള സർവ്വകലാശാലയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.

Resolved to approve Dr. Neethu Theresa Willington, Assistant Professor in Physics, C.M.S. College, Kottayam as Research Guide in Physics at the Post Graduate/ Research Department of Physics, C.M.S. College, Kottayam.

ഇനംനമ്പർ: 54/24.03/9201/AC A6-1/2024 കോട്ടയം സി .എം .എസ് കോളേജിലെ ഫിസിക്സ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. റീനു ജേക്കബ് (Dr. Reenu Jacob) റിസർച്ച് ഗൈഡായി പ്രവർത്തിക്കുന്നതിനുള്ള സർവ്വകലാശാലയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.

Resolved to approve Dr. Reenu Jacob, Assistant Professor in Physics, C.M.S. College, Kottayam as Research Guide in Physics at the Post Graduate/ Research Department of Physics, C.M.S. College, Kottayam.

| | |
|---|---|
| **ഇനംനമ്പർ: 55/24.03/19097/AC A6-1/2024** | **മൂവാറ്റുപുഴ, നിർമല കോളേജിലെ ബിരുദാനന്തര ബിരുദ സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിറൽ/ഗവേഷണകേന്ദ്രത്തിൽ സ്റ്റാറ്റിസ്റ്റിക്സിൽ റിസർച്ച് ഗൈഡായി പ്രവർത്തിക്കുന്നതിനുള്ള സർവ്വകലാശാലയുടെ അംഗീകാരത്തിനായി, കോതമംഗലം, മാർ അത്തനേഷ്യസ് കോളേജിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. നിധി പി. രമേഷ് (Dr. Nidhi P. Ramesh) സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്.** |

Resolved to approve Dr. Nidhi P. Ramesh, Assistant Professor in Statistics, Mar Athanasius College, Kothamangalam as Research Guide in Statistics at the Post Graduate/ Research Department of Statistics, Mar Athanasius College, Kothamangalam.

| | |
|---|---|
| **ഇനംനമ്പർ: 56/24.03/Ac AVI/1/RG/52/2023** | **അമലഗിരി ബിഷപ്പ് കുര്യാളശ്ശേരി (B.K College for Women, Amalagiri) കോളേജ് ഫോർ വിമെനിലെ ഇക്കണോമിക്സ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ.പ്രിൻസി പി.ജെയിംസ് (Princy P. James) അതെ വിഭാഗത്തിലെ ഗവേഷണകേന്ദ്രത്തിൽ റിസർച്ച് ഗൈഡായി പ്രവർത്തിക്കുന്നതിനുള്ള സർവ്വകലാശാലയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്:-** |

Resolved to approve Dr. Princy P. James, Assistant Professor in Economics, B. K College for Women, Amalagiri as Research Guide in Economics at the Post Graduate/ Research Department of Economics, B.K College for Women, Amalagiri.

| | |
|---|---|
| **ഇനംനമ്പർ: 57/24.03/62945/AC A10-2/2023** | **പി എച്ച് ഡി പ്രോഗ്രാം - ഹിസ്റ്ററി - സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് - 2021 അഡ്മിഷൻ - ശ്രീമതി. ടീസ ദിവ്യ ടി. ജെ. - അന്വേഷണ കമ്മീഷൻ റിപ്പോർട്ട് - സിൻഡിക്കറ്റ് മുൻപാകെ സമർപ്പിക്കുന്നത് സംബന്ധിച്ച്.** |

അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ: 58/24.03/9903/AC A6-3/2024** | **റാന്നി സെന്റ് തോമസ് കോളേജിലെ ബിരുദാനന്തര ബിരുദ കെമിസ്ട്രി വിഭാഗത്തെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്;** |

Resolved to constitute an Inspection Commission Comprising Dr. Biju Pushpan, Member Syndicate as convenor, Dr. Seno Jose, Professor of Chemistry, Govt. College, Kottayam as Subject Expert to inspect the Centre and submit the report.

| | |
|---|---|
| **ഇനംനമ്പർ: 59/24.03/1707/AC A6-3/2024** | **കളമശ്ശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിലെ സ്വാശ്രയ രീതിയിൽ പ്രവർത്തിക്കുന്ന ബിരുദാനന്തരബിരുദ ബയോ-സയൻസസ് വിഭാഗത്തെ ഇന്റർ ഡിസ്സിപ്ലിനറി ഇൻ ലൈഫ് സയൻസസ് (Interdisciplinary in Life Sciences) ഗവേഷണ കേന്ദ്രമായി മഹാത്മാഗാന്ധി സർവ്വകലാശാല അംഗീകരിക്കാൻ നല്കിയിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്** |

Resolved to constitute an Inspection Commission Comprising Adv. Reji Zachariah, Member Syndicate, Dr. Keralavarma B., Member Syndicate, Dr. Radhakrishnan E. K., Associate Professor, School of Bio-Sciences (Subject Expert), M. G. University, Dr. Annie Y, Associate Professor, School of Bio-Sciences, M. G. University (Subject Expert) to inspect the Centre and submit the report.

**ഇനംനമ്പർ: 60/24.03/177629/AC A13-3/2022** **ശ്രീമതി റീന മാത്യു -2014 അഡ്മിഷൻ - വൈക്കം സത്യാഗ്രഹ സ്മാരക കൾച്ചറൽ റിസർച്ച് സെന്റർ ഗവേഷക - ഗവേഷണ കേന്ദ്രവും ഗവേഷണ മാർഗദർശിയെയും മാറ്റി അനുവദിക്കുന്നത് - സംബന്ധിച്ച് .**

ശ്രീമതി. റീന മാത്യു എന്ന ഗവേഷകയുടെ ആവശ്യപ്രകാരം ഗവേഷണ മാർഗദർശിയായി ഡോ. സിന്റർല പി. എസ്-നെ അനുവദിക്കുന്നതിനും ഗവേഷണ കേന്ദ്രം സെന്റ് തോമസ് കോളേജ് പാലായിലേക്ക് മാറ്റി നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: 61/24.03/AcAVI/1/RG/629/2023** **(105650/ACA6 SO/2023/AC A 6) കൊച്ചി, ദി കൊച്ചിൻ കോളേജിലെ കൊമേഴ്സ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. കൊച്ചു ത്രേസ്യാ ജോസ് (Dr. Kochuthresia Jose) സർവ്വകലാശാലയുടെ റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടുവാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്.**

ഇനം പിൻവലിച്ചു.

**ഇനംനമ്പർ: 62/24.03/105546/ACA6 SO/2023** **കൊച്ചി, ദി കൊച്ചിൻ കോളേജിലെ കോമേഴ്സ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. രേഖ പി. ജി. (Dr. Rekha P. G.) ടി കോളേജിലെ ഗവേഷണകേന്ദ്രത്തിൽ റിസർച്ച് ഗൈഡായി പ്രവർത്തിക്കുവാനുള്ള സർവ്വകലാശാലയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്.**

ഇനം പിൻവലിച്ചു.

**ഇനംനമ്പർ: 63/24.03/112309/AC A13-3/2023** **ഡോ. സുന്ദരേശൻ പി.കെ -2020 അഡ്മിഷൻ - ഫിലോസോഫി -മഹാരാജാസ് കോളേജ് എറണാകുളം - ഗവേഷണ മാർഗദർശിയെ മാറ്റി അനുവദിക്കുന്നത് - സംബന്ധിച്ച് .**

എറണാകുളം മഹാരാജാസ് കോളേജിലെ ഫിലോസഫി ഗവേഷണ കേന്ദ്രത്തിലെ ഗവേഷകനായ ഡോ. സുന്ദരേശൻ പി.കെ.-യുടെ ആവശ്യപ്രകാരം മാർഗ്ഗദർശിത്വം ഡോ. നാഗമണി പി.എസിൽ നിന്നും അസിസ്റ്റന്റ് പ്രൊഫസറായ ഡോ. നീന ടി. എസ്.-ലേക്ക് മാറ്റി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 64/24.03/136919/ADA9 SO/2023** **NAAC സന്ദർശനം - സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ബിസിനസ് സ്റ്റഡീസ് (SMBS) വകുപ്പിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ചെലവിലേക്കായി വകുപ്പ് മേധാവി ഡോ.സന്തോഷ് പി തമ്പി-യുടെ പേരിൽ താത്കാലിക മുൻകൂർ തുകയായി അനുവദിക്കപ്പെട്ട 5,00,000/- (അഞ്ചു ലക്ഷം രൂപ മാത്രം) രൂപയുടെ ക്രമീകരണം - പിഴപ്പലിശ ഈടാക്കുന്നത് സംബന്ധിച്ച് :-**

NAAC സന്ദർശനവുമായി ബന്ധപ്പെട്ട് സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ബിസിനസ് സ്റ്റഡീസ് (SMBS) വകുപ്പിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ചെലവിലേക്കായി വകുപ്പ് മേധാവി ഡോ.സന്തോഷ് പി തമ്പി-യുടെ പേരിൽ അനുവദിച്ച താത്കാലിക മുൻകൂർ തുകയായ 5,00,000/- (അഞ്ചു ലക്ഷം രൂപ മാത്രം) രൂപ താഴെപ്പറയുന്നരീതിയിൽ ക്രമീകരിക്കുന്നതിന് തീരുമാനിച്ചു.

1. സ്റ്റോർ പർച്ചേസ് മാനുവൽ നിബന്ധനകൾക്ക് വിരുദ്ധമായി കൂടിയ തുകയിലുള്ള പ്രൊജക്ടർ, ഫോട്ടോ കോപ്പിയർ മെഷീൻ എന്നിവ വാങ്ങിയതുവഴി സർവ്വകലാശാലയ്ക്കുണ്ടായ 32,880/- (മുപ്പത്തി രണ്ടായിരത്തി എണ്ണൂറ്റി എൺപത് രൂപ മാത്രം) രൂപയുടെ നഷ്ടത്തിൽനിന്നും അധികമായി ചെലവഴിച്ച തുകയായ 2,772 രൂപ കിഴിച്ച് ബാക്കി തുകയായ Rs. 30,108 (മുപ്പതിനായിരത്തി ഒരുനൂറ്റി എട്ട് രൂപ മാത്രം) ടിയാനിൽ നിന്നും ഈടാക്കുന്നതിനും,
2. നാക് സന്ദർശനവുമായി ബന്ധപ്പെട്ട് അടിയന്തര പ്രാധാന്യത്തോടെ ചെയ്ത പ്രവൃത്തി എന്നത് പരിഗണിച്ച് ടി തുക ക്രമീകരിക്കുന്നതിനുണ്ടായ കാലതാമസത്തിന് കണക്കാക്കിയ പിഴപ്പലിശ ഒഴിവാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: 65/24.03/9387/AD A5-4/2024**

**മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ (2022 - 2023) ന്റെ നേതൃത്വത്തിൽ കോട്ടയത്ത് വച്ച് സർവ്വകലാശാല യുവജനോത്സവം, 2024 ജനുവരി 29 മുതൽ ഫെബ്രുവരി 4 വരെ തീയതികളിൽ സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് മുൻകൂർ തുക അനുവദിച്ചത് സംബന്ധിച്ച് :-**

മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ (2022-2023)-ന്റെ നേതൃത്വത്തിൽ സർവ്വകലാശാല യുവജനോത്സവം 2024 ജനുവരി 29, 30, 31 ഫെബ്രുവരി 1, 2, 3, 4 തീയതികളിൽ കോട്ടയത്തെ ബസേലിയസ് കോളേജ്, സി.എം.എസ്. കോളേജ്, ബി.സി.എം. കോളേജ് എന്നിവിടങ്ങളിൽ വിജയകരമായി സംഘടിപ്പിച്ചതിന് ടി കോളേജുകൾക്ക് Certificate of Appreciation നൽകുന്നതിനും, സർവ്വകലാശാല യുവജനോത്സവത്തിന്റെ നടത്തിപ്പിന്റെ ചെലവിലേക്കായി അധികമായി ചെലവഴിച്ച ₹9,62,480/- (ഒൻപത് ലക്ഷത്തി അറുപത്തിരണ്ടായിരത്തി നാന്നൂറ്റി എൺപത് രൂപ മാത്രം) രൂപയിൽ ₹8,62,480/- (എട്ട് ലക്ഷത്തി അറുപത്തി രണ്ടായിരത്തി നാന്നൂറ്റി എൺപത് രൂപ മാത്രം) തിരികെ നൽകുന്നതിനും, സർവ്വകലാശാല ഉത്തരവിന് വിരുദ്ധമായി താത്കാലിക മുൻകൂർ ആയി അനുവദിച്ച തുകയിലും കൂടുതൽ തുക ചെലവഴിച്ചതിന് DSS Director-നോടും Administrative officer-നോടും വിശദീകരണം വാങ്ങുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: 66/24.03/136095/AD A9-2/2023**

**സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് -NAAC സന്ദർശനവുമായി ബന്ധപെട്ട് വകുപ്പിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി സ്പെസ്സ് ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസിന്റെ പേരിൽ അനുവദിച്ച 5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം ) ലക്ഷം രൂപ ക്രമീകരിക്കുന്നത് - സംബന്ധിച്ച്**

നാക് സന്ദർശനവുമായി ബന്ധപ്പെട്ട് സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് - ലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസിന്റെ പേരിൽ അനുവദിച്ച 5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം) രൂപ താഴെപ്പറയുന്ന രീതിയിൽ ക്രമീകരിക്കുന്നതിന് തീരുമാനിച്ചു.
1. സർവ്വകലാശാല ഉത്തരവ് പ്രകാരം അനുവദിച്ച മുൻകൂർ തുകയേക്കാൾ കൂടുതൽ തുക മുൻകൂർ അനുമതി വാങ്ങാതെ ചെലവഴിച്ചതിനാൽ അധികമായി ചെലവഴിച്ച 3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) സർവ്വകലാശാലയിൽ നിന്നും തിരികെ നൽകേണ്ടതില്ലായെന്നും,
2. സർവകലാശാല ഉത്തരവ് നമ്പർ 4082 /AD A 9/2023/എം ജി യു തീയതി 12.04.2023 പ്രകാരം സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗീസ്-ന്റെ പേരിൽ താത്കാലിക മുൻകൂർ തുകയായി അനുവദിക്കപ്പെട്ട 5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം) ക്രമീകരിക്കുന്നതിനും,
3. മേൽ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ സർവകലാശാല ബജറ്റിലെ 22 101 84 - NAAC Visit എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തി ക്രമപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: 67/24.03/56125/ADA9 SO/2023** **സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് –2022 –23 ഇന്റർ യൂണിവേഴ്സിറ്റി ടൂർണമെന്റ്-സ്പോർട്സ് മെറിറ്റ് അവാർഡ് വിതരണവുമായി ബന്ധപ്പെട്ട ചെലവിലേക്കായി സ്പെസ്സ് ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസിന്റെ പേരിൽ അനുവദിച്ച ₹9,16,000/– രൂപ ക്രമീകരിക്കുന്നത് – സംബന്ധിച്ച്**

- 2022 –23ലെ ഇന്റർ യൂണിവേഴ്സിറ്റി ടൂർണമെന്റ്-സ്പോർട്സ് മെറിറ്റ് അവാർഡ് വിതരണവുമായി ബന്ധപ്പെട്ട് ആകെ ചെലവഴിച്ച തുകയായ ₹9,14,000 /–(ഒൻപത് ലക്ഷത്തി പതിനാലായിരം രൂപ മാത്രം ) രൂപയുടെ ചെലവ് അംഗീകരിക്കുന്നതിനും,
- ചെലവഴിക്കാതെ അവശേഷിച്ച ₹2,000 /– (രണ്ടായിരം രൂപ മാത്രം ) സർവകലാശാല ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടുള്ള നടപടി അംഗീകരിക്കുന്നതിനും,
- സർവകലാശാല ഉത്തരവ് നമ്പർ 5435/AD A 9/2023/എം ജി യു തീയതി 16.05.2023 പ്രകാരം 2022–23 സ്പോർട്സ് അവാർഡ് വിതരണവുമായി ബന്ധപ്പെട്ട് SPESS ഡയറക്ടർ ഡോ.ബിനു ജോർജ് വർഗീസ് –ന്റെ പേരിൽ താത്കാലിക മുൻകൂർ തുകയായി അനുവദിച്ച ₹.9,16,000/– (ഒൻപത് ലക്ഷത്തി പതിനാറായിരം രൂപ മാത്രം) ക്രമീകരിക്കുന്നതിനും,
- മേൽ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ സർവകലാശാല ബജറ്റിലെ 22 418 72 – Sports Scholarships– Non – Plan (Expenditure) എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: 68/24.03/11223/F O SECTION 5/2019** **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 1998–99 മുതൽ 2021–22 വരെയുള്ള ഓഡിറ്റ് ചാർജ് ₹15,03,38,465 /– അടവാക്കുന്നത് സംബന്ധിച്ച് –**

സർവ്വകലാശാലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഡിറ്റ് വിഭാഗത്തിന് വർഷങ്ങളായി സ്ഥല, പശ്ചാത്തല സൗകര്യങ്ങൾ തടസ്സം കൂടാതെ സർവ്വകലാശാല നൽകിവരുന്നത് പരിഗണിച്ച് ഓഡിറ്റ് വിഭാഗത്തിന് നൽകേണ്ട ഓഡിറ്റ് ഫീ കുടിശിക അടക്കുന്നതിൽ നിന്നും സർവ്വകലാശാലയെ ഒഴിവാക്കി നൽകണമെന്നും, 2023 മാർച്ചിൽ സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ടിയിരുന്ന നോൺ പ്ലാൻ ഗ്രാന്റ് തുകയായ Rs.16.33 കോടി രൂപയിൽ നിന്നു ഓഡിറ്റ് വിഭാഗത്തിന് നൽകേണ്ട ഓഡിറ്റ് ഫീ കുടിശ്ശിക Book adjustment നടത്തുവാൻ സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: 69/24.03/12695/FO SECTION– SO/2024** **ധനകാര്യം: യൂണിവേഴ്സിറ്റി യൂണിയൻ ഫണ്ട്/ സ്റ്റുഡന്റ്സ് വെൽഫെയർ ഫണ്ട് – ട്രാൻസ്ഫർ ചെയ്യുന്നതുമായി ബന്ധപ്പെട്ടു ഫിനാൻസ് ഓഫീറുടെ റിപ്പോർട്ട് – സംബന്ധിച്ച്**

ഫിനാൻസ് ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2020 അദ്ധ്യയനവർഷം മുതലുള്ള യൂണിവേഴ്സിറ്റി യൂണിയൻ ഫണ്ട്, സ്റ്റുഡന്റ്സ് വെൽഫെയർ ഫണ്ട് എന്നിവ ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ്സ് സർവ്വീസ് കൈകാര്യം ചെയ്യുന്ന അക്കൗണ്ടിലേക്ക് മാറ്റേണ്ടതില്ല എന്ന് തീരുമാനിച്ചു.

**ഇനംനമ്പർ: 70/24.03/148096/ADA9 SO/2023** **NAAC Visit– സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് വകുപ്പിന്റെ അടിസ്ഥാന സൗകര്യ വികസന ചെലവിലേക്ക് IQAC കോർഡിനേറ്റർ ഡോ. ചിത്ര മോഹൻ ന്റെ പേരിൽ അനുവദിച്ച താൽക്കാലിക മുൻകൂർ തുക 5,00,000/– (അഞ്ച് ലക്ഷം രൂപാ മാത്രം) രൂപയുടെ ക്രമീകരണം – പിഴപ്പലിശ ഈടാക്കുന്നത് സംബന്ധിച്ച് :–**

നാക് സന്ദർശനവുമായി ബന്ധപ്പെട്ട് സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് വകുപ്പിന്റെ അടിസ്ഥാന സൗകര്യ വികസനചെലവിലേക്ക് IQAC കോർഡിനേറ്റർ ഡോ. ചിത്ര മോഹൻ ന്റെ പേരിൽ അനുവദിച്ച താൽക്കാലിക മുൻകൂർ തുകയായ 5,00,000/– (അഞ്ച് ലക്ഷം രൂപാ മാത്രം) രൂപ താഴെപ്പറയുന്ന രീതിയിൽ ക്രമീകരിക്കുന്നതിന് തീരുമാനിച്ചു.

1. സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് വകുപ്പിൽ NAAC സന്ദർശനത്തിന്റെ മുന്നോടിയായി വകുപ്പിന്റെ അടിസ്ഥാന സൗകര്യ വികസന ചെലവിലേക്ക് അനുവദിച്ച മുൻകൂർ തുക 5,00,000/– രൂപയും, ബാങ്ക്

പലിശയിനത്തിൽ ലഭിച്ച 2,335/- രൂപയും ചേർത്ത്ആകെ വരവായി ലഭിച്ച 5,02,335/- രൂപ (അഞ്ചു ലക്ഷത്തി രണ്ടായിരത്തി മുന്നൂറ്റി മുപ്പത്തി അഞ്ചു രൂപ മാത്രം) അംഗീകരിക്കുന്നതിനും,
2.അടിസ്ഥാന സൗകര്യ വികസനത്തിനായി ആകെ ചെലവഴിച്ച തുകയായ 5,05,770/- രൂപ (അഞ്ചു ലക്ഷത്തി അയ്യായിരത്തി എഴുന്നൂറ്റി എഴുപത് രൂപ മാത്രം) (5,05,628/- രൂപയും, ചെക്ക് ഇഷ്യൂ ചെയ്ത വകയിൽ ബാങ്ക് ഈടാക്കിയ 142/- രൂപയും ചേർത്ത് )അംഗീകരിക്കുന്നതിനും,
3.അധികമായി ചെലവഴിച്ച 3,435/- രൂപ (മൂവായിരത്തി നാന്നൂറ്റി മുപ്പത്തി അഞ്ചു രൂപ മാത്രം) ടിയാരിക്കു തിരികെ നൽകുന്നതിനും,
4.സർവകലാശാല ഉത്തരവ് നമ്പർ 2518/AD A 9/2023/എം.ജി.യു തീയതി 03.03.2023 പ്രകാരം IQAC കോർഡിനേറ്റർ ഡോ. ചിത്ര മോഹൻ -ന്റെ പേരിൽ താത്കാലിക മുൻകൂർ തുകയായി അനുവദിക്കപ്പെട്ട 5,00,000/- രൂപ (അഞ്ചു ലക്ഷം രൂപ മാത്രം ) ക്രമപ്പെടുത്തുന്നതിനും,
5.പ്രസ്തുത മുൻകൂർ തുക നടപ്പു സാമ്പത്തിക വർഷത്തെ ' 21 101 27 - others ' എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും വകയിരുത്തി ക്രമപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: 71/24.03/175688/AD A9-3/2021** **സെന്റർ ഫോർ ഓൺലൈൻ എഡ്യൂക്കേഷൻ (COE) വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനങ്ങൾക്കായി അനുവദിച്ച കെട്ടിടത്തിന്റെ അടിസ്ഥാനസൗകര്യ വികസന ചെലവുകൾക്കായി COE ഡയറക്ടർ - ഇൻ - ചാർജ്ജ് പ്രൊഫ. (ഡോ) റോബിനറ്റ് ജേക്കബിന്റെ പേരിൽ താത്കാലിക മുൻകൂർ തുകയായി അനുവദിച്ച 5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം) രൂപയുടെ ക്രമീകരണം - പിഴപ്പലിശ ഈടാക്കുന്നത് സംബന്ധിച്ച്:-**

സെന്റർ ഫോർ ഓൺലൈൻ എഡ്യൂക്കേഷൻ (COE) വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനങ്ങൾക്കായി അനുവദിച്ച കെട്ടിടത്തിന്റെ അടിസ്ഥാനസൗകര്യ വികസനചെലവുകൾക്കായി COE ഡയറക്ടർ - ഇൻ - ചാർജ്ജ് പ്രൊഫ. (ഡോ) റോബിനറ്റ് ജേക്കബിന്റെ പേരിൽ താത്കാലിക മുൻകൂർ തുകയായി അനുവദിച്ച 5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം) രൂപ അടിയന്തര പ്രാധാന്യത്തോടെ ചെയ്ത പ്രവൃത്തി എന്നത് പരിഗണിച്ച് പിഴപ്പലിശ ഒഴിവാക്കി ക്രമീകരിക്കുന്നതിനും, അധികമായി ചെലവഴിച്ച 965/- രൂപ (തൊള്ളായിരത്തി അറുപത്തഞ്ച് രൂപ മാത്രം) ടിയാന് തിരികെ നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: 72/24.03/166880/AC A5-3/2022** **സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് പഠന വകുപ്പിലെ ത്രിദിന സെമിനാർ (2016) നടത്തുന്നതിനായി അസിസ്റ്റന്റ് പ്രൊഫസർ ജാസ്മിൻ അലക്സിന്റെ പേരിൽ അനുവദിച്ച മുൻകൂർ തുക ക്രമീകരണം സംബന്ധിച്ച്.**

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് പഠന വകുപ്പിലെ ത്രിദിന സെമിനാർ (2016) നടത്തുന്നതിനായി അസിസ്റ്റന്റ് പ്രൊഫസർ ജാസ്മിൻ അലക്സിന്റെ പേരിൽ അനുവദിച്ച താൽക്കാലിക മുൻകൂർ തുകയായ 2,50,000/- (രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപയും, പ്രസ്തുത തുക കൈപ്പറ്റിയ അന്നുമുതൽ ക്രമീകരണ അപേക്ഷ സമർപ്പിച്ച ദിവസം വരെയുള്ള കാലതാമസത്തിന്മേലുള്ള പിഴ പലിശയായ 2,27,836/- രൂപയും ചേർത്ത് 4,77,836/-(നാല് ലക്ഷത്തി എഴുപത്തിയേഴായിരത്തി എണ്ണൂറ്റി മുപ്പത്തിയാറ് രൂപ മാത്രം), 36 തവണകളായി (13,275/- രൂപ വീതം 35 മാസത്തിലും അവസാന മാസത്തിൽ 13,211/- രൂപയും വീതം) ടിയാരിയുടെ ശമ്പളത്തിൽ നിന്നും ഈടാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 73/24.03/56565/AD B2-3/2023** **ഡിഗ്രി ഡസ്പാച്ച് ഫയൽ ഫോൾഡറുകളുടെ മുദ്രണത്തിനു പ്രതിഫലം നൽകുന്നത് സംബന്ധിച്ച് :-**

M/s Classic Mattresses, Kottayam എന്ന സ്ഥാപനം 25,670 എണ്ണം ഡിഗ്രി ഡസ്പാച്ച് ഫയൽ ഫോൾഡറുകൾ അച്ചടിച്ചു നൽകിയ വകയിൽ സമർപ്പിച്ച ഇൻവോയ്സ് തുകയായ Rs.21,50,631/- (ഇരുപത്തിയൊന്ന് ലക്ഷത്തി അൻപതിനായിരത്തി അറുന്നൂറ്റി മുപ്പത്തിയൊന്നു രൂപ മാത്രം) രൂപയിൽ നിന്ന് വിതരണം ചെയ്യുന്നതിൽ വരുത്തിയ കാലതാമസത്തിനുള്ള പിഴപ്പലിശയായി Rs.40,923/- (നാല്പത്തിനായിരത്തി തൊള്ളായിരത്തി ഇരുപത്തി മൂന്നു രൂപ മാത്രം) (പിഴപ്പലിശ) രൂപ കിഴിച്ചു ബാക്കി തുകയായ (നികുതി ഉൾപ്പെടെ) Rs.21,09,708/- രൂപ (ഇരുപത്തൊന്ന് ലക്ഷത്തി ഒമ്പതിനായിരത്തി എഴുന്നൂറ്റി എട്ടു രൂപ മാത്രം) ടി സ്ഥാപനത്തിന് അനുവദിച്ചു നൽകുന്നതിനും, പ്രസ്തുത ചിലവ് നടപ്പ് സാമ്പത്തിക വർഷത്തെ "22 201 04 Printing, Stationery, Paper and Computer Consumables എന്ന ശീർഷകത്തിൽ നിന്ന് വകയിരുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: 74/24.03/130923/ADA9 SO/2023**

**NAAC വിസിറ്റുമായി ബന്ധപ്പെട്ട് Dr. K N Raj Study Centre-ന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി, വകുപ്പിന്റെ ഡയറക്ടർ ഡോ. ജോണി ജോൺസൺ -ന്റെ പേരിൽ അനുവദിച്ച താൽക്കാലിക മുൻകൂർ തുക 2,00,000/-രൂപ (രണ്ട് ലക്ഷം രൂപ മാത്രം) രൂപയുടെ ക്രമീകരണം - പിഴപ്പലിശ ഈടാക്കുന്നത് സംബന്ധിച്ച്**

NAAC വിസിറ്റുമായി ബന്ധപ്പെട്ട് Dr. K N Raj Study Centre-ന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി, വകുപ്പിന്റെ ഡയറക്ടർ ഡോ. ജോണി ജോൺസൺ -ന്റെ പേരിൽ അനുവദിച്ച താൽക്കാലിക മുൻകൂർ തുകയായ 2,00,000/-രൂപ (രണ്ട് ലക്ഷം രൂപ മാത്രം) രൂപ, നാക് സന്ദർശനവുമായി ബന്ധപ്പെട്ട് അടിയന്തര പ്രാധാന്യത്തോടെ ചെയ്ത പ്രവൃത്തി എന്നത് പരിഗണിച്ച് പിഴപ്പലിശ ഒഴിവാക്കി ക്രമീകരിക്കുന്നതിനും അധികമായി ചെലവാക്കിയ തുകയായ 384/- രൂപ ടിയാന് തിരികെ നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: 75/24.03/56975/P&D 1-1/2022**

**സർവ്വകലാശാല ക്യാമ്പസിലെ സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് കെട്ടിടത്തിന്റെ നവീകരണ പ്രവർത്തികൾ ചെയ്ത വകയിൽ കരാറുകാരായ Durolac, Plot No.3, Industrial Development Plot, Angamaly, Ernakulam-ന് പ്രസ്തുത പ്രവൃത്തിയുടെ ആദ്യ & ഫൈനൽ ബിൽ തുകയായ 12,57,538/- അനുവദിക്കുന്നത്- സംബന്ധിച്ച് :-**

സർവ്വകലാശാല ക്യാമ്പസിലെ സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് കെട്ടിടത്തിന്റെ നവീകരണം ചെയ്ത വകയിലുള്ള ഫസ്റ്റ് & ഫൈനൽ ബിൽ തുകയായ 12,57,538/- (പന്ത്രണ്ട് ലക്ഷത്തി അൻപത്തി ഏഴായിരത്തി അഞ്ഞൂറ്റി മുപ്പത്തിയെട്ട് രൂപാ മാത്രം) Durolac, Plot No.3, Industrial Development Plot, Angamaly, Ernakulam-നു അനുവദിക്കുന്നതിനും, മേൽ തുകയിൽ നിന്ന് താഴെ പറയുന്ന പ്രകാരം കിഴിവുകൾ വകയിരുത്തുന്നതിനും [(IT(1%)- Rs 21,314/ --, WWF (1%)-10,657/-(Amount of cess to the Board (KCWWF)-10,550/- + Cost of collection charge to be remitted to FO 's account (1% of KCWWF) -107/-), GST (2%)-Rs.21,314/-, statutory GST invoice സമർപ്പിച്ചിട്ടില്ലാത്തതിനാൽ കോൺട്രാക്ടർക്ക് അനുവദിക്കാവുന്ന GST തുകയായ 1,91,828/- (ഒരു ലക്ഷത്തി തൊണ്ണൂറ്റൊന്നായിരത്തി എണ്ണൂറ്റി ഇരുപത്തെട്ട രൂപ മാത്രം) രൂപ ഒഴിവാക്കികൊണ്ടു ബാക്കി തുകയായ 10,12,425/- രൂപ (പത്ത് ലക്ഷത്തി പന്തീരായിരത്തി നാന്നൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) കരാറുകാരന് നൽകുന്നതിനും) ],
കോൺട്രാക്ടർ സമർപ്പിക്കുന്ന statutory GST invoice സമർപ്പിക്കുന്ന മുറയ്ക്ക് ആവശ്യമായ പരിശോധനകൾക്ക് ശേഷം Divisional Accounts Officer-ടെയും University Engineer-ടെയും അനുമതിയോടെ GST തുക നൽകുന്നതിനും,
മേൽച്ചെലവ് നടപ്പ സാമ്പത്തിക വർഷത്തിലെ '21 101 06 i - Initiatives for Infrastructure Development of School of Social Sciences, Maintenance of Existing Students Hostel and Canteen' എന്ന ബജറ്റ് ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: 76/24.03/101223/ADA3/2023**

**പരിപത്രം നം.08/2024/ധന, തീയതി 08/02/2024 സർവകലാശാലയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച്.**

സർക്കാർ പരിപത്രം നം.08/2024/ധന, തീയതി 08/02/2024 സർവകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 77/24.03/39690/DSS 2/2023**

**2023-24 അധ്യയന വർഷം മഹാത്മാഗാന്ധി സർവകലാശാലയോട് അഫിലിയേറ്റഡ് ചെയ്തിട്ടുള്ള കോളേജുകളിൽ വ്യത്യസ്ത പ്രോഗ്രാമുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കുമായി ഏർപ്പെടുത്തുന്ന ആക്സിഡന്റ്/ ഡെത്ത് ഇൻഷുറൻസ് പോളിസിയുമായി ബന്ധപ്പെട്ട തുടർ നടപടികൾ സംബന്ധിച്ച്**

ഇൻഷ്വറൻസ് കമ്പനിക്ക് അധികമായി 1357 കുട്ടികളുടെ പ്രീമിയം തുക മുൻകൂറായി നൽകിയത് ഇനിയും വിവരങ്ങൾ ലഭ്യമാക്കാനുള്ള കുട്ടികളുടെ പ്രീമിയം തുകയായി ഉൾപ്പെടുത്തുന്നതിനും, സ്വയംഭരണ കോളേജുകളിൽ നിന്നുമുള്ള 9968 കുട്ടികൾക്കായി ഇൻഷ്വറൻസ് പ്രീമിയം തുക 19 രൂപ നിരക്കിൽ ആകെ 1,89,392/- (ഒരു ലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം) രൂപ

അതത് കോളേജുകൾ സർവ്വകലാശാലയിൽ ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രം ടി തുക 22 402 62 (a) – Group Insurance Scheme എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തി അനുവദിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: 78/24.03/157921/AD A9-2/2023**

**സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് (SPESS) 2023 – 2024 ലെ അന്തർ കലാലയ/ സർവ്വകലാശാലാ കായിക മത്സരങ്ങളുടെ നടത്തിപ്പ് ചെലവിലേയ്ക്കായി (രണ്ടാം ഗഡു തുക) താൽക്കാലിക മുൻകൂർ തുകയായി ₹ 35,00,000/- (മുപ്പത്തഞ്ച് ലക്ഷം രൂപ മാത്രം) SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ് -ന്റെ പേരിൽ അനുവദിച്ചത് -ക്രമീകരണത്തിനുള്ള സമയപരിധി നീട്ടി നൽകുന്നത് - സംബന്ധിച്ച്**

SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച്, 2023 – 2024 ലെ അന്തർ കലാലയ/ സർവ്വകലാശാലാ കായിക മത്സരങ്ങളുടെ നടത്തിപ്പ് ചെലവിലേയ്ക്കായി (രണ്ടാം ഗഡു തുക) ടിയാന്റെ പേരിൽ താത്കാലിക മുൻകൂർ തുകയായി അനുവദിക്കപ്പെട്ട ₹35,00,000/- (മുപ്പത്തഞ്ച് ലക്ഷം രൂപ മാത്രം) രൂപയുടെ ക്രമീകരണത്തിനായി ബില്ലുകൾ സമർപ്പിക്കേണ്ട സമയപരിധി രണ്ടു മാസം കൂടി (20.05.2023 വരെ) നീട്ടിനൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 79/24.03/31855/AUDIT 5-3/2023**

**സെന്റർ ഫോർ യോഗ & നാച്ചുറോപ്പതി ഡിപ്പാർട്ട്മെന്റ് – 2022 -2023 സാമ്പത്തിക വർഷത്തെ അധിക ചിലവ് സംബന്ധിച്ചും 2023 -2024 ലെ ബില്ലുകൾ പരിഗണിക്കുന്നത് സംബന്ധിച്ചും :-**

1. സെന്റർ ഫോർ യോഗ ആന്റ് നാച്ചുറോപ്പതിയുടെ 2022-2023 സാമ്പത്തിക വർഷം 22 352 31 – Payment to Guest/Visiting Faculty എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും അധികമായി ചെലവഴിച്ച തുക ക്രമപ്പെടുത്തുന്നത് വരെയും ഇന്റേണൽ ഓഡിറ്റ് സെക്ഷന്റെ അന്വേഷണം പൂർത്തിയാകുന്നത് വരെയും നടപ്പ് സാമ്പത്തിക വർഷം (2023-2024) പ്രസ്തുത ശീർഷകത്തിലെ ബില്ലുകൾ താത്കാലികമായി തടഞ്ഞ് വയ്ക്കുന്നതിനും,
2. ഇന്റേണൽ ഓഡിറ്റ് സെക്ഷന്റെ അന്വേഷണം എത്രയും വേഗം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: 80/24.03/151401/AD A3-4/2023**

**ധനകാര്യ (പ്രോവിഡന്റ് ഫണ്ട്)വകുപ്പ് – കേരള സംസ്ഥാന സർക്കാർ ജനറൽ പ്രോവിഡന്റ് ഫണ്ടുകൾ – നിക്ഷേപ തുകയ്ക്ക് 2024 ജനുവരി 1 മുതൽ മാർച്ച് 31 വരെയുള്ള പലിശനിരക്ക് -ഉത്തരവ് സംബന്ധിച്ച്.**

സ.ഉ (അച്ചടി) നം.05/2024/ധന . തീയതി 22.01.2024 സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 81/24.03/32367/AD A9-2/2024**

**സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ്- വേൾഡ് യൂണിവേഴ്സിറ്റി ഹാൻഡ്ബാൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന ഇന്ത്യൻ ടീമിലേക്ക് തെരഞ്ഞെടുക്കപെട്ട വിദ്യാർത്ഥികൾക്ക് ചെലവ് തുക അനുവദിക്കുന്നത് -സംബന്ധിച്ച്**

വേൾഡ് യൂണിവേഴ്സിറ്റി ഹാൻഡ്ബാൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ ആകെ ചെലവിന്റെ 50% തുക സർവ്വകലാശാലയിൽ നിന്നും നൽകിയിട്ടുള്ളതിനാൽ മുഴുവൻ ചെലവ് തുകയും സർവ്വകലാശാലയിൽ നിന്നും നൽകണമെന്ന് ആവശ്യപ്പെട്ട് വിദ്യാർത്ഥികൾ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിനും ഭാവിയിൽ വേൾഡ് യൂണിവേഴ്സിറ്റി ഗെയിംസ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നതിനുള്ള അലവൻസുകൾ സർവ്വകലാശാലയിൽ നിന്നും നൽകേണ്ടതില്ല എന്നും തീരുമാനിച്ചു.

ഇനംനമ്പർ: 82/24.03/106089/DSS SO/2021

SWF ഫണ്ട് വിനിയോഗം-2022-23 സാമ്പത്തിക വർഷത്തിലെ പ്രവർത്തനങ്ങൾക്കു ചെലവിട്ട തുകയുടെ ക്രമവത്ക്കരണം, 2023-24 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങളുടെ നിർദേശ രേഖയുടെ അന്തിമ അംഗീകാരവും സംബന്ധിച്ച ഉത്തരവ് പരിഷ്കരിക്കുന്നത് - സിൻഡിക്കേറ്റ് മുമ്പാകെ സമർപ്പിക്കുന്നത് സംബന്ധിച്ച്.

2023-'24 അക്കാദമിക വർഷത്തിൽ SWF വിനിയോഗിച്ച് നടപ്പിലാക്കുന്ന താഴെ സൂചിപ്പിച്ചിരിക്കുന്ന പ്രോഗ്രാമുകളുടെ ചെലവുകളുടെ ബഡ്ജറ്റ് എസ്റ്റിമേറ്റും നിർദേശവും അതിലേക്കായി പ്രതീക്ഷിക്കുന്ന അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

| Sl. No | | Programme | Approximate Expenditure in Rs. |
|---|---|---|---|
| (a) | 1 | Cultural Scholarship to Youth Festival Winners and conduct of felicitation ceremony to them<br>(based on annual income of the applicant)<br>Rs.5,000 X 25 Beneficiaries | 1,40,000/- |
| | 2 | Scholarship to Physically Challenged Students Rs.5,000 X 40 Beneficiaries | 2,00,000/- |
| | 3 | Financial assistance for Medical aid to Students (based on expert opinion from the University Medical Officer)<br>Rs.50,000 X 8 Beneficiaries | 4,00,000/- |
| | 4 | Cash Awards to Republic Day Parade Contingent of NSS & NCC and conduct of felicitation ceremony to them<br><br>Rs.5,000 X 25 Beneficiaries | 1,40,000/- |
| | 5 | Seminars/Orientation Programmes/Camps/Workshops/Training for Students on various welfare activities | 9,00,000/- |
| | 6 | Medical Aid/ Scholarships to Transgender Students | 2,00,000/- |
| | 7 | (a) Inter Collegiate and Inter University Competitions/Cultural Exchange Programs conducted by DSS<br>(b) Distribution of cash awards to best college magazine and conduct of felicitation ceremony to them | 5,50,000/- |
| | 8 | Participation in South Zone and National Inter University Youth Festivals organized by Association of Indian Universities, New Delhi & Distribution of cash awards to the I,II,III prize winners irrespective of whether the event is Individual or Group in the following rates:<br>I Prize: Rs.5,000/-<br>II Prize: Rs.4,000/-<br>III Prize: Rs.3,000/- | 9,00,000/- |
| | 9 | Distribution of cash awards to the winners of University Youth Festival as per the prevailing University rates and conduct of felicitation ceremony to them. | 7,50,000/- |
| | 10 | Special amount to be earmarked for innovative programs other than mentioned in item number (5) of SWF proposal 2023-24. | 1,50,000/- |
| | | Grand Total (Forty Three Lakhs Thirty Thousand Only) | 43,30,000/- |

**ഇനംനമ്പർ: 83/24.03/165209/AD A9-3/2021**

**സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ & സ്പോർട്സ് സയൻസസ്-2021-22ലെ ദക്ഷിണ മേഖല അന്തർ സർവകലാശാല/അഖിലേന്ത്യ അന്തർ സർവകലാശാല പുരുഷ ഫുട്ബോൾ മത്സരം- ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസിന്റെ പേരിൽ താത്കാലിക മുൻകൂർ തുകയായി അനുവദിച്ച ₹15 ലക്ഷം രൂപ യിൽ നിന്നും അധികമായി ചെലവഴിച്ച തുക തിരികെ നൽകുന്നത്-സംബന്ധിച്ച്.**

മാർ അത്താനാഷ്യസ് കോളേജ് പ്രിൻസിപ്പാൾ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിനും ഈ ഫയൽ യാതൊരു കാരണവശാലും പുനഃപരിശോധിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

**ഇനംനമ്പർ: 84/24.03/13725/ADA9 SO/2024**

**സ്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്ട് (SILT) അംഗീകൃത law colleges -ന്റെ പുതുക്കിയ ലിസ്റ്റിൽ ഇല്ലാത്ത സാഹചര്യത്തിൽ Bar Council of India യുടെ അംഗീകാരം അടിയന്തിരമായി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് ചെലവിലേക്കായി പ്രൊഫസർ ( ഡോ.) ജിജി പി.വി യുടെ -ന്റെ പേരിൽ അനുവദിച്ച താൽക്കാലിക മുൻകൂർ തുക 6,10,000/- രൂപയുടെ (ആറു ലക്ഷത്തി പതിനായിരം രൂപ മാത്രം) ക്രമീകരണം - സംബന്ധിച്ച്**

സ്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്ട് (SILT) അംഗീകൃത ലോ കോളേജുകളുടെ പുതുക്കിയ പട്ടികയിൽ ഇല്ലാത്ത സാഹചര്യത്തിൽ ബാർ കൗൺസിൽ ഓഫ് ഇന്ത്യ യുടെ അംഗീകാരം അടിയന്തിരമായി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനുള്ള ചെലവിലേക്കായി പ്രൊഫസർ (ഡോ.) ജിജി പി.വി യുടെ പേരിൽ അനുവദിച്ച താത്കാലിക മുൻകൂർ തുകയായ 6,10,000/- രൂപ (ആറു ലക്ഷത്തി പതിനായിരം രൂപ മാത്രം) പോർട്ടൽ ക്ലോസ് ചെയ്യുത് മൂലം ഉപയോഗിക്കാത്തതിനാൽ ടി തുക സർവ്വകലാശാല അക്കൗണ്ടിൽ തിരിച്ചടച്ചിട്ടുള്ളത് അംഗീകരിച്ച് മേൽ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ സർവകലാശാല ബജറ്റിലെ 22 101 17 - Other Expenses എന്ന ശീർഷകത്തിൽ വകയിരുത്തി ക്രമീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: 85/24.03/87593/P&D 1-1/2022**

**സർവ്വകലാശാല അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിടത്തിന്റെ മുൻപിൽ നിലവിൽ ഉള്ള ഇന്റർലോക്ക് മാറ്റി പുതിയ പേവർബ്ലോക്ക് ഇടുന്നതിനും ടി ബ്ലോക്ക് ഉപയോഗിച്ച് ഫാക്കൽറ്റി ക്ലബിലേക്കുള്ള റോഡ് ചെയ്യുന്നതിനും അഡ്മിൻ ബ്ലോക്കിന് മുൻപിലുള്ള സ്റ്റെപ്പ് റാമ്പ് ആക്കി മാറ്റുന്നതുമായ പ്രവൃത്തികളുടെ ഫസ്റ്റ് & ഫൈനൽ ബിൽ തുകയായ 11,96,725/- രൂപ കരാറുകാരന് അനുവദിക്കുന്നത് - സംബന്ധിച്ച് :-**

1. മഹാത്മാ ഗാന്ധി സർവ്വകലാശാല അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിടത്തിന്റെ മുൻപിൽ നിലവിൽ ഉള്ള ഇന്റർലോക്ക് മാറ്റി പുതിയ പേവർബ്ലോക്ക് ഇടുന്നതിനും ടി ബ്ലോക്ക് ഉപയോഗിച്ച് ഫാക്കൽറ്റി ക്ലബിലേക്കുള്ള റോഡ് ചെയ്യുന്നതിനും അഡ്മിൻ ബ്ലോക്കിന് മുൻപിലുള്ള സ്റ്റെപ്പ് റാമ്പ് ആക്കി മാറ്റുന്നതുമായ പ്രവൃത്തികളുടെ ഫസ്റ്റ് & ഫൈനൽ ബിൽ തുകയായ 11,96,725/- രൂപ കരാറുകാരനായ ശ്രീ റോണി ജോർജ്, ആലഞ്ചേരിൽ, ഏറ്റുമാനൂർ-ന്നു അനുവദിക്കുന്നതിനും മേൽ തുകയിൽ നിന്ന് താഴെ പറയുന്ന പ്രകാരം കിഴിവുകൾ വകയിരുത്തുന്നതിനും [(BV-Rs.10,14,173.68/-, IT(1% of BV)- Rs.10,142/-, WWF (1% of BV)-Rs.10,142/-(Amount of cess to the Board (KCWWF)-10,041/- + Cost of collection charge to be remitted to FO's account (1% of KCWWF)- 101/-), GST(2% of BV)- Rs.20,283/-, Amount payable to Contractor- Rs.9,73,607/- )],
2. മേൽച്ചെലവ് നടപ്പ് സാമ്പത്തിക വർഷത്തിലെ '25 101 06 - Modernisation of the University Administration, Academic Departments & Examination Infrastructure' എന്ന ബജറ്റ് ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിനും,
3. കോൺട്രാക്ടർ സമർപ്പിക്കുന്ന statutory GST invoice സമർപ്പിക്കുന്ന മുറയ്ക്ക് ആവശ്യമായ പരിശോധനകൾക്ക് ശേഷം Divisional Accounts Officer ടെയും University Engineer-ടെയും അനുമതിയോടുകൂടി GST തുക അനുവദിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: 86/24.03/27882/AD A3/4/2019** **7th UGC/AICTE റെഗുലേഷൻസ് പ്രകാരം, സർവകലാശാലയിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും അദ്ധ്യാപകർ, ലൈബ്രേറിയൻസ് തുടങ്ങിയവരുടെ Bunching of increment- പരിഷ്കരിച്ച് കൊണ്ടുള്ള സർക്കാർ ഉത്തരവ് - സർവകലാശാലയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച്:**

G.O.(P) No.22/2024/FIN തീയതി 15.03.2024 സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 87/24.03/3695/AD A1/ASO1/2018** **25.03.2024-ൽ കൂടിയ യൂണിവേഴ്സിറ്റി പ്രൊമോഷൻ കമ്മിറ്റി തയ്യാറാക്കിയ സെലക്ട് ലിസ്റ്റ്, കമ്മറ്റിയുടെ തീരുമാനം എന്നിവ സംബന്ധിച്ച്.**

25.03.2024- തീയതിയിൽ കൂടിയ യൂണിവേഴ്സിറ്റി പ്രൊമോഷൻ കമ്മിറ്റിയുടെ യോഗം അംഗീകരിച്ച ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ, സെക്ഷൻ ഓഫീസർ എന്നീ തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായുള്ള സെലക്ട് ലിസ്റ്റും, കമ്മറ്റിയുടെ 1 മുതൽ 4 വരെയുള്ള തീരുമാനങ്ങളും അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 88/24.03/10670/AD A1-2/2024** **സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & റോബോട്ടിക്സ്, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് എന്നീ പഠന വകുപ്പുകളിൽ അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൺട്രാക്ട് തസ്തികയിലേക്കുള്ള നിയമനം- യോഗ്യതയില്ലാത്ത ആളുടെ പേര് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടത് - Ad A5 സെക്ഷൻ ഓഫീസർ ആയ ഡോ.അനിൽകുമാർ പി.കെ.യിൽ നിന്നും ലഭിച്ച വിശദീകരണം - സിൻഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച് -**

സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & റോബോട്ടിക്സ്, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് എന്നീ പഠന വകുപ്പുകളിലേക്ക് നടന്ന അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൺട്രാക്ട് തസ്തികയിലേക്കുള്ള നിയമനത്തിൽ യോഗ്യതയില്ലാത്തവരുടെ പേര് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടത് ഗൗരവതരമായ വിഷയമായതിനാൽ ആയതിന്മേൽ വിശദമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. ബി. കേരളവർമ്മ (സിൻഡിക്കേറ്റ് അംഗം)-യെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 89/24.03/158316/IT CELL1 2/2023** **പഞ്ചിങ് മെഷീനുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട റിപ്പോർട്ട് - സംബന്ധിച്ച്.**

സർവ്വകലാശാലയിലെ പഞ്ചിങ് സംവിധാനം കാലപ്പഴക്കം മൂലം നിരന്തരം തകരാറിലാകുന്നതിനാൽ, എത്രയും വേഗം പുതിയ പഞ്ചിങ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള ജോലി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 90/24.03/66836/AD A3-4/2020** **ജൂനിയർ- സീനിയർ അപാകതകളും പരിഹരിച്ചുകൊണ്ടുള്ള തിരിച്ചടവ് കുടിശ്ശിക ടി അപാകത മേലധികാരിയുടെ/ഓഫീസിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന തീയതിക് തൊട്ടുമുൻപുള്ള ഒരു വർഷത്തേക്ക് പരിമിത പ്പെടുത്തുവാൻ G.O. (P) No.4/ 2024/FIN, Dated 17/01/2024 പ്രകാരം ഉത്തരവായത് സർവകലാശാലയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച്.**

G.O.(P) No.4/2024/FIN , Dated 17/01/2024 സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 91/24.03/15951/AD A3/4/2019** **01.07.2022 മുതൽ പുതുതായി സേവനത്തിൽ പ്രവേശിച്ച / പ്രവേശിക്കുന്ന, സ്പാർക്ക് മുഖേനയോ അല്ലാതെയോ ശമ്പളവിതരണം നടത്തി വരുന്ന വകുപ്പുകളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം അടവാക്കുന്നത് - നിർദ്ദേശങ്ങൾ - സംബന്ധിച്ച്.**

സർക്കാർ പരിപത്രം നം. 03/2024/ധന. തീയതി, 16.01.2024 സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 92/24.03/124607/AD A5-1/2022** **സർവകലാശാലാ ലൈബ്രറി വിഭാഗത്തിലെ പ്രൊഫഷണൽ അസിസ്റ്റന്റ് ഗ്രേഡ് II (ലൈബ്രറി ) തസ്തികയുടെ ഹയർ തസ്തികകളിലെ ഒഴിവുകൾ, ഡൗൺഗ്രേഡ് ചെയ്ത് പി.എസ്.സി -ക്ക് റിപ്പോർട്ട് ചെയ്യുന്ന വിഷയത്തിൽ, സർവ്വകലാശാല ലൈബ്രറിയിലെ സ്റ്റാഫ് സ്ട്രെങ്ത്, വർക്ക് ലോഡ് എന്നിവ സംബന്ധിച്ച് ഡെപ്യൂട്ടി രജിസ്ട്രാർ 3 (ഭ .വി.) തയ്യാറാക്കി സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ട് സംബന്ധിച്ച്:-**

ഡെപ്യൂട്ടി രജിസ്ട്രാർ 3 (ഭ .വി.) സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും, നിലവിൽ ലൈബ്രറി വിഭാഗം ജീവനക്കാരുടെ കുറവ് പരിഹരിക്കപ്പെട്ടിരിക്കുന്നതിനാലും ലൈബ്രറി വിഭാഗത്തിലെ ജീവനക്കാരുടെ എണ്ണം ആവശ്യത്തിലധികമാകുമെന്നതിനാലും സർവകലാശാലയ്ക്ക് അധിക സാമ്പത്തിക ബാധ്യത വരുത്തുമെന്നതിനാലും ലൈബ്രറി വിഭാഗത്തിലെ ഹയർ തസ്തികകളിലെ ഒഴിവുകൾ ഡൗൺ ഗ്രേഡ് ചെയ്ത് റിപ്പോർട്ട് ചെയ്യേണ്ടതില്ലയെന്ന് തീരുമാനിച്ചു.

**ഇനംനമ്പർ: 93/24.03/83723/AD A3-4/2023** **പ്രത്യേക പ്രയാസം അനുഭവിക്കുന്നതും ഹൈസപ്പോർട്ട് ആവശ്യമായതുമായ ഭിന്നശേഷിക്കാരായ സർക്കാർ ജീവനക്കാരെ മാത്രം സ്പാർക് ബന്ധിത ബയോമെട്രിക് പഞ്ചിങ് സംവിധാനത്തിൽ നിന്നും ഒഴിവാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത് സംബന്ധിച്ച്.**

സർക്കാർ ഉത്തരവ്(സാധാ)നം.298/2024/GAD, തീയതി 19/01/2024 സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 94/24.03/4096/AD A4-2/2024** **അന്തർസർവ്വകലാശാല സ്ഥലംമാറ്റം മുഖേന കേരള സർവ്വകലാശാലയിലേക്ക് സ്ഥലംമാറ്റം ലഭിച്ച കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാരുടെ അടിസ്ഥാനവേതനം കാലാനുസൃതമായി സംരക്ഷിച്ച ക്രമാനുഗതമാക്കി നൽകുന്നതുമായി ബന്ധപ്പെട്ട് കേരള സർവ്വകലാശാലയിൽ നിന്നും ലഭിച്ച കത്ത് - തുടർനടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്.**

വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ഷജിലാ ബീവി എസ്., ഡോ. ബിജു തോമസ് എന്നിവരെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 95/24.03/8109/AD B7-2/2024** **17-01-2024 തീയതി മുല്ലയാർ ക്വാർട്ടേഴ്സ് ഉണ്ടായ സംഘർഷം - സ്വീകരിക്കേണ്ട മേൽ നടപടികൾ സംബന്ധിച്ച് .**

സർവ്വകലാശാല മുല്ലയാർ ക്വാർട്ടേഴ്സ് ഉണ്ടായ സംഘർഷം സംബന്ധിച്ച വിഷയം അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. ബിജു പുഷ്പൻ (സിൻഡിക്കേറ്റ് അംഗം)-നെ നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 96/24.03/111657/ADB3 SO/2023** **സർവ്വകലാശാലയുടെ സാറ്റലൈറ്റ് സെന്ററിനായി നെടുങ്കണ്ടം പഞ്ചായത്ത് യുപി സ്കൂൾ വിട്ടുനൽകിയ കെട്ടിടത്തിലെ ഉപയോഗിക്കാത്ത മുറികൾ സ്കൂളിന് തിരികെ നൽകുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച്.**

സർവ്വകലാശാലയുടെ സാറ്റലൈറ്റ് സെന്ററിനായി നെടുങ്കണ്ടം പഞ്ചായത്ത് വിട്ടുനൽകിയ കെട്ടിടത്തിലെ ഉപയോഗിക്കാത്ത മൂന്ന് മുറികൾ യു പി സ്കൂളിന്റെ ദൈനംദിന ആവശ്യങ്ങൾക്കായി വിട്ട് നൽകുന്നതിനും ടി മുറികളിലുള്ള സർവ്വകലാശാലയുടെ ഫർണീച്ചർ അടിയന്തിരമായി തിരികെ കൊണ്ടുവരുന്നതിനും കൂടാതെ സെന്ററിന്റെ നിലവിലെ പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: 97/24.03/30859/AD B 3-3/2023** **മഹാത്മാഗാന്ധി സർവ്വകലാശാല ക്യാമ്പസിൽ മൊബൈൽ നെറ്റ്വർക്ക് കണക്റ്റിവിറ്റി ലഭിക്കുന്നതിന് വേണ്ടി ഗ്രൗണ്ട് ബേസ്ഡ് ടെലികോം സ്ട്രക്ചർ സ്ഥാപിക്കുന്നത് സംബന്ധിച്ച്.**

ഇനം പിൻവലിച്ചു.

**ഇനംനമ്പർ: 98/24.03/24794/P&D 1/2/2019** **കൺവർജൻസ് അക്കാദമിയ കോംപ്ലക്സ് കെട്ടിട നിർമ്മാണം – IUCSSRE, IUIC, ACCESD എന്നീ സെന്ററുകൾക്ക് കൺവെർജെൻസ് അക്കാഡെമിയ കോംപ്ലെക്സിൽ (CAC) allot ചെയ്ത റൂമുകളുടെ Plan, IUCSSRE ഡയറക്ടറുടെ കത്ത്, പ്രൊ വൈസ് ചാൻസിലറുടെ കത്ത്, CAC ൽ ചെയ്തു തീർക്കേണ്ട വർക്കുകൾ സംബന്ധിച്ച് വൈസ് ചാൻസിലറുടെ ഓഫീസിൽ നിന്ന് CPWDക്ക് നൽകിയ കത്ത് എന്നിവയുടെ പകർപ്പുകൾ CPWD സമർപ്പിച്ചത് – തുടർ നടപടികൾ കൈക്കൊള്ളുന്നതിന് സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് – സംബന്ധിച്ച്:-**

CPWD-യുമായി ഒരു അടിയന്തിരയോഗം വിളിച്ച് കാര്യങ്ങൾ ചർച്ചചെയ്ത് തീരുമാനിക്കുന്നതിനായി രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 99/24.03/157773/P&D 1-2/2022** **മഹാത്മാഗാന്ധി സർവകലാശാലയിൽ സ്ത്രീകൾക്കും, പുരുഷന്മാർക്കുമുള്ള വിശ്രമ കേന്ദ്രം , പുതിയ കാന്റീൻ എന്നിവയുടെ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കായി Pencil Dezign pvt. ltd, Kozhikode അവതരിപ്പിച്ച ഡിസൈൻ, മൾട്ടിപർപ്പസ് ആംഫി തീയറ്റർ നിർമ്മാണ പ്രവൃത്തിക്കായി Capital Engineering Consultancy Ltd, Pala അവതരിപ്പിച്ച ഡിസൈൻ തെരഞ്ഞെടുക്കാവുന്നതാണ് എന്ന BOA റിപ്പോർട്ട്, മൾട്ടി പർപ്പസ് ആംഫി തിയറ്ററിന്റെ ആവശ്യകത എന്നി വിഷയങ്ങൾ -സംബന്ധിച്ച്.**

സർവകലാശാലയിൽ സ്ത്രീകൾക്കും, പുരുഷന്മാർക്കുമുള്ള വിശ്രമ കേന്ദ്രം, പുതിയ കാന്റീൻ എന്നിവയുടെ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കായി Pencil Dezign pvt. ltd, Kozhikode അവതരിപ്പിച്ച ഡിസൈൻ തെരഞ്ഞെടുക്കാവുന്നതാണെന്ന BOA റിപ്പോർട്ട് അംഗീകരിക്കുന്നതിനും, നിലവിൽ SPAP-ന് മുൻവശത്തായി നിർമ്മിച്ചിട്ടുള്ള ആംഫിതീയറ്റർ സ്ഥല സൗകര്യ പരിമിതി ഉള്ളതിനാൽ ഒരു വലിയ ആംഫിതീയറ്റർ ആവശ്യമാണ്. ആയതിനാൽ നിർദ്ദേശിച്ച പ്രവർത്തി വേണ്ടന്ന് വയ്ക്കേണ്ടതില്ല എന്നും തീരുമാനിച്ചു.

**ഇനംനമ്പർ: 100/24.03/127255/AD B 3-2/2023** **എ ഐ എസ് എഫ് സംസ്ഥാന സെക്രട്ടറി സമർപ്പിച്ച നിവേദനത്തിലെ ആവശ്യങ്ങൾ സർവകലാശാലയിൽ നടപ്പിലാക്കുന്നതു സംബന്ധിച്ച് :-**

ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കായി ക്യാംപസുകളിൽ പ്രത്യേക അമിനിറ്റി സെന്ററുകൾ, വിദ്യാർത്ഥിനികൾക്ക് വിശ്രമമുറി, എക്സ്ട്രാ കരിക്കുലർ ആക്ടിവിറ്റിസിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കു ഡ്രസിങ് റൂം എന്നിവ അനുവദിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർവ്വകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**(ii) മുൻ ഇനങ്ങൾ**

| | |
|---|---|
| **ഇനംനമ്പർ: OA 12/24.02/30173/DSS 2/2024** | **2020 അധ്യയന വർഷം മുതലുള്ള യൂണിവേഴ്സിറ്റി യൂണിയൻ ഫണ്ട് & സ്റ്റുഡന്റ്സ് വെൽഫെയർ ഫണ്ടും അതത് വർഷം ലഭിച്ച ബാങ്ക് പലിശയടക്കം വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട ഡിപ്പാർട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവീസസ് കൈകാര്യം ചെയുന്ന അക്കൗണ്ടുകളിലേക്ക് മാറ്റം വരുത്തുവാനുമുള്ള നടപടിയും 2021 മുതൽ Department Students Union – ന്റെ പ്രവർത്തനത്തിന് ലഭിച്ച മുഴുവൻ തുകയും, അക്കൗണ്ടിൽ നിലവിൽ ഉണ്ടായിരുന്ന മുഴുവൻ തുകയും DSU – സ്റ്റാഫ് അഡൈ്വസർ എന്ന അക്കൗണ്ടിലേക്ക് മാറ്റി ഈ അക്കൗണ്ട് DSS –ന്റെ നിയന്ത്രണത്തിൽ ഏല്പ്പിച്ച് ഇനിയുള്ള DSU പ്രവർത്തനങ്ങൾക്ക് ഈ അക്കൗണ്ടിൽ നിന്ന് തുക അനുവദിക്കുവാനുള്ള തുടർ നടപടികളും – സിൻഡിക്കേറ്റ് തീരുമാനത്തിനായി സമർപ്പിക്കുന്നത് – സംബന്ധിച്ച്.–** |

സർവ്വകലാശാല ഫിനാൻസ് ഓഫീസറുടെ 14.03.2024 തീയതിയിലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2020 അദ്ധ്യയനവർഷം മുതലുള്ള യൂണിവേഴ്സിറ്റി യൂണിയൻ ഫണ്ട്, സ്റ്റുഡന്റ്സ് വെൽഫയർ ഫണ്ട് എന്നിവ ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ്സ് സർവ്വീസ് കൈകാര്യം ചെയ്യുന്ന അക്കൗണ്ടിലേക്ക് മാറ്റേണ്ടതില്ല എന്ന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ: OA 10/24.02/102387/AD A1–1/2023** | **പി ഡി 5 സെക്ഷനിൽ നിന്നും 2020 മുതൽ 24.06.2023 വരെയുള്ള കാലയളവിലെ പൂർത്തിയാക്കാത്ത അപേക്ഷ കളുടെ വിശദാംശങ്ങൾ റിപ്പോർട്ട് ചെയ്യാത്തത് – പ്രസ്തുത കാലയളവിലെ ബന്ധപ്പെട്ട സെക്ഷൻ ഓഫീസർമാർ സമർപ്പിച്ച വിശദീകരണം സംബന്ധിച്ച് ശ്രീ. സജീവ് പി കെ, ജോയിന്റ് രജിസ്ട്രാർ 3 (പരീക്ഷ) സമർപ്പിച്ച റിപ്പോർട്ട് – സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കുന്നത് – സംബന്ധിച്ച്.** |

ജോയിന്റ് രജിസ്ട്രാർ 3 (പരീക്ഷ) സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ച് നടപ്പിലാക്കുന്നതിനും, ഉദ്യോഗസ്ഥർ നൽകിയ വിശദീകരണങ്ങൾ സ്വീകരിച്ച് തുടർനടപടികൾ അവസാനിപ്പിക്കുന്നതിനും തീരുമാനിച്ചു.

## <u>അഡീഷണൽ അജൻഡ</u>

### (I) (a) 1985–ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് III 10(17) പ്രകാരം ബഹു. വൈസ് ചാൻസലർ കൈക്കൊണ്ട നടപടികൾ സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നവ:

| | |
|---|---|
| **ഇനംനമ്പർ: 101/24.03/17198/AD A1–3/2024** | **ശ്രീ. ഗൗതം എൻ. രാമചന്ദ്രൻ–ന്റെ സെക്ഷൻ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ – തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, സെക്ഷൻ 3. 10 (17) പ്രകാരമുള്ള പ്രത്യേക അധികാരം ഉപയോഗിച്ച് വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചത് – റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.** |

ശ്രീ. ഗൗതം എൻ. രാമചന്ദ്രൻ–ന്റെ സെക്ഷൻ ഓഫീസർ തസ്തികയിലെ ഒരു വർഷത്തെ തുടർച്ചയായ സേവന കാലാവധി 21.07.2021 അപരാഹ്നത്തിൽ അവസാനിച്ചിരുന്നു. എന്നാൽ പ്രസ്തുത കാലയളവിൽ പ്രൊബേഷനെ ബാധിക്കുന്ന അവധികൾ വിനിയോഗിച്ചിട്ടുള്ളതിനാൽ ടിയാളുടെ സെക്ഷൻ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനായി അനുവദിച്ചിട്ടുള്ള ഒരു വർഷത്തെ സമയപരിധി എന്നതിനു പകരം 2 വർഷവും 2 മാസവും 2 ദിവസവും ടിയാൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം 23.09.2022 അപരാഹ്നത്തിലാണ് ടിയാൾ പ്രസ്തുത തസ്തികയിലെ പ്രൊബേഷൻ

പൂർത്തീകരിച്ചിരിച്ചിട്ടുള്ളത്. ഇത്രയും കാലയളവ് പ്രയോജനപ്പെടുത്തിയാണ് സെക്ഷൻ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ ടിയാൾ പൂർത്തീകരിച്ചിട്ടുള്ളത് എന്നതിനാൽ പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച ഉത്തരവിനായി ഫയൽ ബഹു. വൈസ് ചാൻസലർ മുൻപാകെ സമർപ്പിക്കുകയുണ്ടായി.

2024 മെയ് 01 മുതൽ സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) തസ്തികയിലേക്ക് ടിയാളെ സ്ഥാനക്കയറ്റത്തിന് പരിഗണിക്കുന്നതിനായി സെക്ഷൻ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കേണ്ടതുണ്ടായിരുന്നു. ടി അടിയന്തിര സാഹചര്യം പരിഗണിച്ച് 24.09.2022 പൂർവാഹ്നം മുതൽ ടിയാന്റെ സെക്ഷൻ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം പ്രത്യേക വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 23.04.2024-ലെ 3603/AD A1/2024/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: 102/24.03/29270/P&D 2-1/2024**

**മഹാത്മാഗാന്ധി സർവ്വകലാശാലയും Indian Council of World Affairs (ICWA), New Delhi - യും തമ്മിൽ ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിന്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവായത് - സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവ്വകലാശാലയും Indian Council of World Affairs (ICWA), New Delhi - യും തമ്മിൽ പരസ്പര സഹകരണത്തിനായി ഒരു ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിനായി സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സ് - ലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. ജോജിൻ വി ജോൺ കരട് ധാരണാപത്രം സഹിതം അപേക്ഷ സമർപ്പിച്ചിരുന്നു.

സർവ്വകലാശാല നിയമോപദേശകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, മഹാത്മാഗാന്ധി സർവ്വകലാശാലയും Indian Council of World Affairs (ICWA), New Delhi - യും തമ്മിൽ ഒരു ധാരണാപത്രം ഒപ്പുവയ്ക്കുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 02.05.2024-ലെ 3770/P&D 2/2024/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: 103/24.03/22891/CBCSS 16-2/2024**

**കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട - മൂന്നാം സെമസ്റ്റർ സി ബി സി എസ്, ഒക്ടോബർ 2023 ബിഎസ് സി. സൂവോളജി മോഡൽ I പരീക്ഷ - PARTHIP P PILLAI (PRN;220021036502), PARVANA T NAIR(PRN:220021036503), PARVATHY T NAIR (PRN:220021036504) എന്നീ വിദ്യാർത്ഥികൾ പരീക്ഷാ ക്രമക്കേട് നടത്തിയെന്ന സംശയത്തിൽ മുവാറ്റുപുഴ മൂല്യ നിർണ്ണയ ക്യാമ്പിൽ നിന്നും സമർപ്പിക്കപ്പെട്ട റിപ്പോർട്ട് സംബന്ധിച്ച്:**

പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിലെ ബിഎസ് സി. സൂവോളജി മോഡൽ I വിദ്യാർത്ഥികളായ PARTHIP P PILLAI(PRN;220021036502), PARVANA T NAIR (PRN:220021036503), PARVATHY T NAIR (PRN:220021036504) എന്നിവർ മൂന്നാം സെമസ്റ്റർ സിബിസിഎസ് ഒക്ടോബർ 2023 പരീക്ഷകളിലെ "ZOOLOGY- ANIMAL DIVERSITY -CHORDATA" എന്ന വിഷയത്തിന്റെ പരീക്ഷാ വേളയിൽ ക്രമക്കേട് നടത്തിയെന്ന് സംശയിക്കുന്നതായി മുവാറ്റുപുഴ കേന്ദ്രീകൃത പരീക്ഷാ മൂല്യനിർണ്ണയ ക്യാമ്പിൽ നിന്നും അഡീഷണൽ എക്സാമിനർ റിപ്പോർട്ട് ചെയ്യുകയും, ടി പരീക്ഷ ക്രമക്കേട് വിഷയത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സിൻഡിക്കേറ്റ് അംഗം ഡോ. ഷാജിലാ ബീവി എസ്. നെ അന്വേഷണ കമ്മീഷനായി നിയോഗിച്ച് വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ 18.04.2024-ൽ ഉത്തരവാകുകയും ചെയ്തിരുന്നു. ടി അന്വേഷണ കമ്മീഷൻ സമർപ്പിച്ച ശുപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 24.04.2024 -ലെ 3609/CBCSS 16/2024/എംജിയു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: 104/24.03/118513/AC A1-3/2022**

**2024-'25 അദ്ധ്യയന വർഷം – 'കാഞ്ഞിരപ്പള്ളി,സെന്റ് ഡൊമിനിക്സ് കോളേജ് ഓഫ് ലോ' എന്ന പേരിൽ പുതിയ സ്വാശ്രയ ലോ കോളേജ് ആരംഭിക്കുന്നതിനായി പുറപ്പെടുവിച്ച സർവകലാശാല ഉത്തരവ് നം. 12026/ACA1/2023/MGU തീയതി: 01.12.2023 ൽ പ്രോഗ്രാം – സീറ്റ് വിവരങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിക്കുന്നത് – മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III വകുപ്പ് 10(17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

സർവകലാശാല ഉത്തരവ് നം. 12026/ACA1/2023/MGU തീയതി: 01.12.2023 ൽ Five year Integrated B.Com LL.B(Hons)- 60 സീറ്റ് , Five year Integrated B A LL.B(Hons) – 60 സീറ്റ്, Five year Integrated BBA LL.B(Hons) – 60 സീറ്റ്, Three year Unitary LL.B – 60 സീറ്റ് എന്നീ പ്രോഗ്രാം -സീറ്റ് വിവരങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനുള്ള അഫിലിയേഷൻ ആൻഡ് അപ്രൂവൽ സിൻഡിക്കേറ്റ് ഉപസമിതി കൺവീനർ നൽകിയ ശിപാർശ, വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസ്സർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 23.04.2024-ലെ 3601/ACA1/2024/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: 105/24.03/131418/AD B4-3/2023**

**സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ പി ജി ലാബിലേയ്ക്കും വിവിധ ഗവേഷണ ലാബുകളിലേയ്ക്കും പതിനൊന്ന് (11 Nos) – ഫ്യൂം ഹുഡുകൾ റിപ്പീറ്റ് ഓർഡർ നൽകി നികുതി ഉൾപ്പെടെ ആകെ 27,84,210/- രൂപക്ക് (ഇരുപത്തിയേഴ് ലക്ഷത്തി എണ്പത്തിനാലായിരത്തി ഇരുന്നൂറ്റി പത്ത് രൂപ മാത്രം) വാങ്ങുന്നതിന് – മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985 അദ്ധ്യായം 3 സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട തീരുമാനം സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് വകുപ്പ് മേധാവി സമർപ്പിച്ച അപേക്ഷ പരിഗണിച്ച്, ടി സ്കൂളിലെ അദ്ധ്യാപികയായ ഡോ.ചിത്ര മോഹന്റെ ലാബിലേക്ക് ഒരു ഫ്യൂം ഹുഡ് ടെണ്ടർ നടപടികളിലൂടെ, M/s.Modern Lab Interior, Chennai എന്ന സ്ഥാപനത്തിൽ നിന്നും ₹2,53,110/- രൂപക്ക് വാങ്ങിയിരുന്നു. അതേ സ്പെസിഫിക്കേഷനിലുള്ള പതിനൊന്ന് (11 Nos) – ഫ്യൂം ഹുഡുകൾ കൂടി ടി സ്കൂളിലെ പി ജി ലാബിലേയ്ക്കും വിവിധ ഗവേഷണ ലാബുകളിലേയ്ക്കും റിപ്പീറ്റ് ഓർഡർ നൽകി നികുതി ഉൾപ്പെടെ ആകെ 27,84,210/- രൂപക്ക് (ഇരുപത്തിയേഴ് ലക്ഷത്തി എണ്പത്തിനാലായിരത്തി ഇരുന്നൂറ്റി പത്ത് രൂപ മാത്രം) 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങുന്നതിന് മഹാത്മാഗാന്ധി സർവ്വ കലാശാലാ ആക്ട് 1985 അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 31.03.2024-ലെ 2899 /ADB4/2024/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: 106/24.03/17652/AC A1-3/2024**

**'Fee for reporting affiliation status' എന്ന ഹെഡിൽ ഫീസ് ഈടാക്കിക്കൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം ബഹു.വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവകലാശാല ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച് :-**

സർവ്വകലാശാല ഉത്തരവ് 4193/AC A1/ 2020/ MGU dated 22-09-2020 പ്രകാരം മറ്റ് സർവ്വകലാശാലകൾ, വിദേശ രാജ്യങ്ങളിലെ എംബസികൾ, കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് കീഴിലുള്ള വിദ്യാഭ്യാസ ഏജൻസികൾ, ഇന്ത്യൻ സായുധ സേനകൾ, നോർക്ക, കേന്ദ്ര സംസ്ഥാന

ഡിപ്പാർട്മെന്റുകൾ എന്നിവയെ ഉദ്യോഗാർഥികളുടെ സർട്ടിഫിക്കറ്റ് / മാർക്ക് ലിസ്റ്റിന്റെ ആധികാരികത പരിശോധനയിൽ നിന്നും ഫീ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 09-04-2024-ൽ വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം III, സെക്ഷൻ 10 (17) പ്രകാരം, മേൽ പരാമർശിത സ്ഥാപനങ്ങളെ മാത്രം ഒഴിവാക്കിക്കൊണ്ട്, മറ്റെല്ലാ ഏജൻസികളിൽ നിന്നും കോളേജുകളുടെ അഫിലിയേഷൻ സ്റ്റാറ്റസ് റിപ്പോർട്ട് ചെയ്യുന്നതിന് ഫീ ഈടാക്കുവാനും, പ്രസ്തുത ഫീ 1000/- രൂപയായി നിജപ്പെടുത്തുന്നതിനും ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 12.04.2024-ലെ 3320/ ACA1/2024/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: 107/24.03/151213/AD B2-3/2023 ഡിഗ്രി ഡെസ്പാച്ച് ഫയൽ ഫോൾഡറുകളുടെ മുദ്രണം സംബന്ധിച്ച് :-**

ഡിഗ്രി ഡസ്പാച്ച് ഫയൽ ഫോൾഡറുകൾ ഒരു ലക്ഷം എണ്ണം അച്ചടിക്കുന്നതിനായി 01/01/2024 തീയതിയിൽ ഇ-ടെൻഡർ ക്ഷണിച്ചിരുന്നു. പ്രസ്തുത ടെൻഡറിൽ പങ്കെടുത്തിരുന്ന 3 സ്ഥാപനങ്ങളിൽ, ഏറ്റവും ചെറിയ തുക - നികുതിയുൾപ്പെടെ ആകെ ₹82,00,000/-(എൺപത്തി രണ്ടു ലക്ഷം മാത്രം) - ക്വോട്ട് ചെയ്ത M/s V K Enterprises എന്ന സ്ഥാപനത്തിനു മുദ്രണ ജോലി ഏൽപ്പിക്കുന്നതിനുള്ള അനുമതി നൽകി, വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം III, സെക്ഷൻ 10 (17) പ്രകാരം ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 22..04.2024-ലെ 3533/AD B2/2024/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: 108/24.03/5285/AD A1/1/2019 (PART I) ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ എന്നി തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നല്കിയ വൈസ് ചാൻസലറുടെ 02.05.2024 തീയതിയിലെ ഉത്തരവ് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

| ക്രമ നം. | പേര് | സ്ഥാനക്കയറ്റ തസ്തിക, പ്രാബല്യം | തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | ഉത്തരവ് നമ്പർ,തീയതി |
|---|---|---|---|---|
| 1. | ശ്രീമതി ബിന്ദു എൻ.ബി.,(PEN-1522), ഡെപ്യൂട്ടി രജിസ്ട്രാർ-2 (ഭരണ വിഭാഗം) | ജോയിൻറ് രജിസ്ട്രാർ, 01.05.2024 പൂർവ്വാഹ്നം മുതൽ | ശ്രീ. പ്രദീപ് ആർ., ജോയിൻറ് രജിസ്ട്രാർ, വിരമിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | നമ്പർ: 3768/AD A1/2024/എം.ജി.യു., തീയതി: 02.05.2024. |
| 2. | ശ്രീ.മോഹനൻ കെ.റ്റി.,(PEN-1461),ഡെപ്യൂട്ടി രജിസ്ട്രാർ -2 (അക്കാദമിക് വിഭാഗം) | ജോയിൻറ് രജിസ്ട്രാർ, 01.05.2024 പൂർവ്വാഹ്നം മുതൽ | ശ്രീ. മനോജ് പി.എസ്., ജോയിൻറ് രജിസ്ട്രാർ, വിരമിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | |
| 3. | ശ്രീമതി ലിയ ജെ.,(PEN-1825),അസിസ്റ്റന്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ്)-19 (പരീക്ഷാ വിഭാഗം) | ഡെപ്യൂട്ടി രജിസ്ട്രാർ, 01.05.2024 പൂർവ്വാഹ്നം മുതൽ | ശ്രീമതി ബിന്ദു എൻ.ബി., ഡെപ്യൂട്ടി രജിസ്ട്രാർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | |
| 4. | ശ്രീമതി ഉഷ വി.ഡി.,(PEN-1837),അസിസ്റ്റന്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ്)-2 (ഭരണ വിഭാഗം) | ഡെപ്യൂട്ടി രജിസ്ട്രാർ, 01.05.2024പൂർവ്വാഹ്നം മുതൽ | ശ്രീ.മോഹനൻ കെ.റ്റി., ഡെപ്യൂട്ടി രജിസ്ട്രാർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | |

മേൽ പരാമർശിച്ച ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ എന്നീ തസ്തികകളിലെ സ്ഥാനക്കയറ്റം, വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം III, സെക്ഷൻ 10 (17) പ്രകാരം അനുവദിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 02.05.2024 ലെ 3768/AD A1/2024/എം.ജി.യു. നമ്പർ സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: 109/24.03/117830/AD B2-3/2023** **ഇൻഫർമേഷൻ ബുക്കുകളുടെ മുദ്രണം സംബന്ധിച്ച :-**

St.Joseph Orphanage Press and Book stall, Changanacherry, എന്ന സ്ഥാപനത്തിന് 2000 എണ്ണം ഇൻഫർമേഷൻ ബുക്കുകൾ, പഴയ നിരക്കായ ₹4,39,904/- (നാല് ലക്ഷത്തി മുപ്പത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി നാല് രൂപ മാത്രം) രൂപയ്ക്കു മുദ്രണം ചെയ്തു 45 ദിവസത്തിനുള്ളിൽ സർവ്വകലാശാലയിൽ വിതരണം ചെയ്യുന്നതിനുള്ള റിപീറ്റ് ഓർഡർ നൽകുവാൻ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം പ്രൊഫസർ ഇൻ ചാർജ് ഓഫ് വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 04/05/2024-ലെ 3812/AD B2/2024/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

## (II) ക്രമ ഇനങ്ങൾ

## (i) നടപ്പ് ഇനങ്ങൾ

**ഇനംനമ്പർ: 110/24.03/91010/AC B1-3/2023/AC B 1** **സ്വകാര്യ എയ്ഡഡ് കോളേജുകൾ - ശ്രീ ശങ്കരാ വിദ്യാപീഠംകോളേജ്, വളയൻചിറങ്ങര - നേരിട്ടുള്ള നിയമനം വഴിപ്രിൻസിപ്പലായി നിയമിതനായ പ്രൊഫ (ഡോ.) സുധാകരൻ കെ എം - ന്റെ - നിയമനാംഗീകാര ശുപാർശയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്.**

വളയൻചിറങ്ങര, ശ്രീ ശങ്കരാ വിദ്യാപീഠം കോളേജിലെ പ്രിൻസിപ്പൽ നിയമനത്തിനായി സർവ്വകലാശാല വൈസ് ചാൻസലർ നിർദ്ദേശിച്ച സെലക്ഷൻ കമ്മിറ്റിയുടെ വിശദീകരണ പ്രകാരം, യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും ഡോ. സുധാകരൻ കെ. എം.-ന് ഉണ്ട് എന്ന് വ്യക്തമായിട്ടുള്ളതിനാലും, നിയമന പ്രക്രിയ യുജിസി റെഗുലേഷൻ പ്രകാരമാണ് പൂർത്തീകരിച്ചിട്ടുള്ളത് എന്നതിനാലും, ടി കോളേജിലെ പ്രിൻസിപ്പലായി നേരിട്ടുള്ള നിയമനം മുഖേന നിയമിതനായ ഡോ. സുധാകരൻ കെ. എം.-ന്റെ നിയമനം 01.06.2023 പൂർവാഹ്നം മുതൽ ടിയാന്റെ റിട്ടയർമെന്റ് തീയതി വരെയോ അല്ലെങ്കിൽ അഞ്ച് വർഷം വരെയോ ഏതാണോ ആദ്യം അതുവരെ അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 111/24.03/33466/AC B1-1/2024/AC B 1** **സ്വകാര്യ എയ്ഡഡ് കോളേജുകൾ - പാലാ അൽഫോൻസാ കോളേജിൽ UGC റെഗുലേഷൻസ് 2018 പ്രകാരം നേരിട്ടുള്ള നിയമനം മുഖേന പ്രിൻസിപ്പലായി നിയമിതനായ പ്രസ്തുത കോളേജിലെ പൊളിറ്റിക്കൽ സയൻസ് വിഭാഗം അസോസിയേറ്റ് പ്രൊഫെസ്സർ ഡോ. ഫാദർ ഷാജി ജോണിന്റെ നിയമനം -അംഗീകരിക്കുന്നത് സംബന്ധിച്ച് .**

പാലാ, അൽഫോൺസ കോളേജിലെ പ്രിൻസിപ്പലായി നേരിട്ടുള്ള നിയമനം മുഖേന നിയമിതനായ ഡോ. ഫാദർ ഷാജി ജോൺ -ന് യു ജി സി റെഗുലേഷൻസ് 2018 4.1(V)(A) പ്രകാരം പ്രിൻസിപ്പൽ തസ്തികയിലേക്ക് നിയമിതനാകുന്നതിനാവശ്യമായ യോഗ്യതകൾ ഉള്ളതിനാൽ ടിയാന്റെ നിയമനം 04.03.2024 പൂർവ്വാഹ്നം മുതൽ ടിയാന്റെ റിട്ടയർമെന്റ് തീയതി വരെയോ അല്ലെങ്കിൽ അഞ്ച് വർഷം വരെയോ ഏതാണോ ആദ്യം അതുവരെ അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 112/24.03/23678/AC B1-2/2024/AC B 1** **സ്വകാര്യ എയ്ഡഡ് കോളേജുകൾ -മലങ്കര ഓർത്തോഡോക്സ് ചർച്ച് കോളേജസ് കോർപറേറ്റ് മാനേജ്മെന്റ് - പാമ്പാടി കെ ജി കോളേജ് - പ്രിൻസിപ്പലായി നിയമിതയായ ഡോ.റനി പി വറുഗീസ്- ന്റെ - നിയമനാംഗീകാരം - സംബന്ധിച്ച്:-**

മലങ്കര ഓർത്തഡോക്സ് ചർച്ച് കോളേജസ് കോർപ്പറേറ്റ് മാനേജ്മെൻറിന് കീഴിൽ വരുന്ന പാമ്പാടി കെ.ജി കോളേജിലെ പ്രിൻസിപ്പലായി നേരിട്ടുള്ള നിയമനം മുഖേന നിയമിതനായ പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിലെ മാത്തമാറ്റിക്സ് വിഭാഗം പ്രൊഫസർ ഡോ. റനി പി വറുഗീസ് -ന് യു ജി സി റെഗുലേഷൻസ് 2018 4.1(V)(A) പ്രകാരം പ്രിൻസിപ്പൽ തസ്തികയിലേക്ക്

നിയമിതനാകുന്നതിനാവശ്യമായ യോഗ്യതകൾ ഉള്ളതിനാൽ ടിയാളുടെ നിയമനം 04.10.2023 പൂർവ്വാഹം മുതൽ ടിയാളുടെ റിട്ടയമെൻറ് തീയതി വരെയോ അല്ലെങ്കിൽ അഞ്ച് വർഷം വരെയോ ഏതാണോ ആദ്യം അതുവരെ അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 113/24.03/21543/AC A1-2/2024/AC A 1** — **30.01.2024 -ന്ന കൂടിയ അക്കാഡമിക് കൗൺസിൽ യോഗം - പ്രമേയം നം .5 - എയ്ഡഡ് കോളേജുകളിലെ അൺ - എയ്ഡഡ് പ്രോഗ്രാമുകളിൽ യു .ജി .സി യുടെ മിനിമം യോഗ്യത ഉള്ളവരെ അധ്യാപകരായി ആയി നിയമിക്കണമെന്നും ഗവണ്മെന്റ് ഗസ്റ്റിന് നൽകുന്ന സാലറി കൊടുക്കണമെന്നുള്ള നിർദേശം പരിഗണിക്കുന്നത് - സംബന്ധിച്ച്.**

30.01.2024 -ന്ന കൂടിയ അക്കാഡമിക് കൗൺസിൽ യോഗത്തിൽ അംഗീകരിക്കപ്പെട്ട പ്രമേയം പരിഗണിച്ച് ഗവ. എയ്ഡഡ് കോളേജുകളിലെ അൺ - എയ്ഡഡ് പ്രോഗ്രാമുകളിൽ അധ്യാപകരായി നിയമിതരാകുന്നവർക്ക്, യു.ജി.സി അതാത് സമയങ്ങളിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾ ഉണ്ടായിരിക്കണമെന്നും സർക്കാർ നിശ്ചയിക്കുന്ന മിനിമം നിരക്കിലോ അതിനു മുകളിലോ സാലറി നൽകണമെന്നും ഗവ. എയ്ഡഡ് അഫിലിയേറ്റഡ് കോളേജ് മാനേജർമാർക്ക് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 114/24.03/109782/AC A1-3/2023** — **കോപ്പറേറ്റീവ് സ്കൂൾ ഓഫ് ലോ , തൊടുപുഴ - 2024-'25 അദ്ധ്യയന വർഷം 60 സീറ്റുകളോട് കൂടി Three Year Unitary LL.B, Five Year Integrated B.A LL.B(Hons) എന്നീ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ -സംബന്ധിച്ച്.**

സർവകലാശാലയുടെ കീഴിലുള്ള സ്വാശ്രയ ലോ കോളേജായ തൊടുപുഴ, കോപ്പറേറ്റീവ് സ്കൂൾ ഓഫ് ലോ-ൽ 2024 -'25 അദ്ധ്യയന വർഷം 60 സീറ്റുകളോട് കൂടി Three Year Unitary LL.B, Five Year Integrated B.A LL.B (Hons) എന്നീ പ്രോഗ്രാമുകൾ പുതിയതായി ആരംഭിക്കുന്നത് സംബന്ധിച്ച് നിയമിതമായ പരിശോധനാസമിതി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും സർക്കാരിൻറെ അനുമതിയും ബാർ കൌൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരവും ലഭിച്ചതിനു ശേഷം ടി പ്രോഗ്രാമുകൾ ടി കോളേജിൽ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: 115/24.03/5639/AC A1-1/2024** — **യൂണിയൻ ക്രിസ്ത്യൻ കോളേജ്, ആലുവ - 2024-'25 അദ്ധ്യയന വർഷത്തിൽ പുതിയ സ്വാശ്രയ ബി.സി.എ , ബി.ബി.എ പ്രോഗ്രാമുകൾ ആരംഭിയ്ക്കുന്നതിനായി സമർപ്പിച്ച അപേക്ഷ - സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച്:-**

എയ്ഡഡ് കോളേജുകളിൽ ബി.വോക് ഒഴികെയുള്ള സ്വാശ്രയ പ്രോഗ്രാമുകൾ അനുവദിക്കേണ്ടതില്ല എന്ന 16/10/2021 തീയതിയിലെ G.O(Ms)No.456/2021/HEDN സർക്കാർ ഉത്തരവിൻറെ അടിസ്ഥാനത്തിൽ ആലുവ, യൂണിയൻ ക്രിസ്ത്യൻ കോളേജ് 2024-'25 അദ്ധ്യയനവർഷം 60 സീറ്റുകളോടുകൂടി പുതിയ സ്വാശ്രയ ബി.സി.എ, ബി.ബി.എ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 116/24.03/147320/AC A1-3/2023** — **സർവകലാശാലയുടെ കീഴിലുള്ള സ്വാശ്രയ ട്രെയിനിംഗ് കോളേജുകളുടെയും പ്രോഗ്രാമുകളുടെയും (ബി.എഡ്/ എം.എഡ്) താല്കാലിക അഫിലിയേഷൻ 2023-'24 അദ്ധ്യയന വർഷം തുടരുന്നത് സംബന്ധിച്ച്.**

എടത്തല, എം.ഇ.എസ് ട്രെയിനിംഗ് കോളേജ്, തൊടുപുഴ, സെൻറ് തോമസ് കോളേജ് ഓഫ് ടീച്ചർ എജുക്കേഷൻ എന്നീ കോളേജുകളിലെ സ്വാശ്രയ പ്രോഗ്രാമുകളുടെ താല്കാലിക അഫിലിയേഷൻ 2023-'24 അദ്ധ്യയന വർഷം തുടരുന്നതുമായി ബന്ധപ്പെട്ട് നിയമിതമായ പരിശോധന സമിതികൾ സമർപ്പിച്ച റിപ്പോർട്ടുകൾ അംഗീകരിക്കുന്നതിനും, ടി സ്വാശ്രയ ട്രെയിനിംഗ് കോളേജുകൾക്ക് സർക്കാരിൽനിന്നും നിരാക്ഷേപപത്രം പുതുക്കി നൽകിക്കൊണ്ട് ലഭ്യമായ G.O(Ms) No.105/2024/HEDN തീയതി 16.02.2024, G.O(Ms)No.578/2023/HEDN തീയതി 17.10.2023, G.O(Ms)No.673/2023/HEDN തീയതി 06.12.2023, G.O(Ms) No.102/2024/HEDN തീയതി 16.02.2024. എന്നീ ഉത്തരവുകൾ പരിഗണിച്ച് ടി സ്വാശ്രയ ട്രെയിനിംഗ് കോളേജുകളിലെ താഴെ പട്ടിക പ്രകാരമുള്ള പ്രോഗ്രാമുകളുടെ താൽക്കാലിക അഫിലിയേഷൻ 2023-'24 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിനും തീരുമാനിച്ചു.

| Sl. No | Name of College | Programme |
|---|---|---|
| 1 | M.E.S Training College, Edathala | B.Ed |
| 2 | St. Thomas College of Teacher Education, Mylacompu, Thodupuzha | B.Ed<br>M.Ed |

**ഇനംനമ്പർ: 117/24.03/117114/AC B7-2/2022(Part I)** **സ്വയം ഭരണ കോളേജായ എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജിലെ ബി.വോക് സ്പോർട്സ് ന്യൂട്രീഷൻ ആൻറ് ഫിസിയോതെറാപ്പി എന്ന പ്രോഗ്രാം -അടുത്ത അദ്ധ്യയന വർഷവും അതേ പേരിൽ തുടരുന്നത് - സംബന്ധിച്ച്.**

എറണാകുളം, സെന്റ് ആൽബർട്ട്സ് കോളേജിൻറെ അപേക്ഷ പരിഗണിച്ച് ടി കോളേജിലെ ബി.വോക് സ്പോർട്സ് ന്യൂട്രീഷൻ ആൻറ് ഫിസിയോതെറാപ്പി എന്ന പ്രോഗ്രാം 2024-25 അദ്ധ്യയന വർഷം അതേ പേരിൽ തുടരുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 118/24.03/6725/AC A7-2/2023** **അൺ എയ്ഡഡ്/സ്വാശ്രയ ആർട്സ് ആൻറ് സയൻസ് കോളേജ് -മാർ കുര്യാക്കോസ് ആർട്സ് & സയൻസ് കോളേജ് ,പുതുവേലി ,2023-'24 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് :-**

പുതുവേലി, മാർ കുര്യാക്കോസ് ആർട്സ് & സയൻസ് കോളേജ് 2023-'24 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. എ. ജോസ് (സിൻഡിക്കേറ്റ് അംഗം)-നെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 119/24.03/46260/AC A7-2/2023** **അൺ-എയ്ഡഡ് സ്വാശ്രയ ആർട്ട്സ് ആൻറ് സയൻസ് കോളേജുകളുടെ 2023-2024 അദ്ധ്യയന വർഷം വരെയുള്ള താൽക്കാലിക അഫിലിയേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട് നിയോഗിച്ച പരിശോധനാ സമിതിയുടെ -റിപ്പോർട്ട്-സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കുന്നത്-സംബന്ധിച്ച്.**

Rajakkad, S.S.M. College -ൻറെ താൽക്കാലിക അഫിലിയേഷൻ 2023-24 അദ്ധ്യയന വർഷം പുതുക്കി നൽകുന്ന തുമായി ബന്ധപ്പെട്ട് നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും സർവകലാശാല ഉത്തരവ് നമ്പർ 7343/ACA7/2023/എം ജി യു തീയതി 04.07.2023 പരിഗണിച്ച് ടി കോളേജിലെ താഴെ പട്ടിക പ്രകാരമുള്ള പ്രോഗ്രാമുകളുടെ താൽകാലിക അഫിലിയേഷൻ 2023-24 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിനും തീരുമാനിച്ചു.

| Name Of the College | Programme | Intake |
|---|---|---|
| S.S.M. College,Rajakkad, Idukki | B.A English Language and Literature Model I | 24 |
| | B.Com Model I Finance & Taxation (SF) | 60 |
| | B.Com Model I Computer Applications | 60 |
| | B.Sc Apparel and Fashion Design Model III | 24 |
| | B.Sc Computer Science Model III | 30 |
| | Bachelor of Business Administration | 60 |
| | M A English - SF | 20 |
| | M.Com Finance and Taxation (SF) | 20 |

**ഇനംനമ്പർ: 120/24.03/20436/ACA7-3/2024**

**ജവഹർലാൽ നെഹ്റു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർട്ട്സ് ആൻറ് സയൻസ്, ബാലഗ്രാം, ഇടുക്കി- B Sc Forensics Science എന്ന പ്രോഗ്രാം ആരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ - സിലബസ് അംഗീകാരവുമായി ബന്ധപ്പെട്ട്-**

ബാലഗ്രാം, ജവഹർലാൽ നെഹ്റു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർട്ട്സ് ആൻറ് സയൻസ് 2024-2025 വർഷത്തേയ്ക്ക് B. Sc Forensics Science എന്ന പ്രോഗ്രാം ആരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിൻറെ പഠന ഭൌതിക സാഹചര്യങ്ങൾ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. ബിജു തോമസ് (സിൻഡിക്കേറ്റ് അംഗം), ഡോ. ശ്രീകുമാരൻ ഇ, അസോസിയേറ്റ് പ്രൊഫസർ, ഡിപ്പാർട്ട്മെൻറ് ഓഫ് ഫോറൻസിക് സയൻസസ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി (വിഷയവിദഗ്ധൻ) എന്നിവരെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 121/24.03/9659/ACA7-3/2024**

**സ്വാശ്രയ ആർട്സ് ആൻറ് സയൻസ് കോളേജസ് - സെയിന്റ്ഗിറ്റ്സ് കോളേജ് ഓഫ് അപ്ലയ്ഡ് സയൻസ്, പത്താമുട്ടം, കോട്ടയം- യു.ജി.സി റെഗുലേഷൻസ് പ്രകാരം ടി കോളേജിന്റെ ഫാക്കൽറ്റി സെലക്ഷൻ ബോർഡിലേയ്ക്ക് സർവ്വകലാശാല പ്രതിനിധികളെ അനുവദിച്ച് നല്കുന്നതിന് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്-**

യു.ജി.സി റെഗുലേഷൻ 2018, സർവ്വകലാശാലയിൽ അംഗീകരിച്ച് നടപ്പിലാക്കിയിട്ടുള്ളതിനാൽ എല്ലാ അഫിലിയേറ്റഡ് കോളേജുകളിലേയും (ഗവ./ഗവ. എയ്ഡഡ്/ഓട്ടോണമസ്/സെൽഫ് ഫിനാൻസ് വ്യത്യാസം കൂടാതെ) ഫാക്കൽറ്റി നിയമനത്തിനായി യു.ജി.സി റഗുലേഷൻ പ്രകാരമുള്ള പാനൽ അനുവദിച്ച് നൽകേണ്ടതാണ് എന്ന് തീരുമാനിച്ചു.

**ഇനംനമ്പർ: 122/24.03/26236/AC A7-1/2024**

**അൺ എയ്ഡഡ് / സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകൾ - ചേർപ്പുങ്കൽ , ബിഷപ്പ് വയലിൽ മെമ്മോറിയൽ ഹോളി ക്രോസ്സ് കോളേജ് വിദേശ സർവകലാശാലയുമായി കൈകോർത്ത് BSW പ്രോഗ്രാമിന് മാത്രമായി, സ്റ്റുഡൻ്റ് എക്സ്ചേഞ്ച് പ്രോഗ്രാം 2024-25 അധ്യയന വർഷം മുതൽ ആരംഭിയ്ക്കുന്നതിന് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

ചേർപ്പുങ്കൽ, ബിഷപ്പ് വയലിൽ മെമ്മോറിയൽ ഹോളി ക്രോസ്സ് കോളേജ് വിദേശ സർവകലാശാലയുമായി കൈകോർത്ത് BSW പ്രോഗ്രാമിന് മാത്രമായി, സ്റ്റുഡൻറ് എക്സ്ചേഞ്ച് പ്രോഗ്രാം 2024-25 അധ്യയന വർഷം മുതൽ ആരംഭിയ്ക്കുന്നതിന് സമർപ്പിച്ച അപേക്ഷയിൻമേൽ MGU-UGP റെഗുലേഷൻ കമ്മിറ്റിയുടെ അഭിപ്രായം വാങ്ങിയതിനു ശേഷം ഫയൽ പുനഃസമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 123/24.03/48130/AC A7-1/2023**

**അൺ എയ്ഡഡ് /സ്വാശ്രയ ആർട്സ് ആൻറ് സയൻസ് കോളേജുകൾ - 2023-24 അദ്ധ്യയന വർഷം IHRD കോളേജുകളുടെ താൽക്കാലിക അഫിലിയേഷൻ പുതുക്കിനൽകികൊണ്ട് പുറത്തിറക്കിയ സർവകലാശാല ഉത്തരവ് പരിഷ്കരിക്കുന്നത് സംബന്ധിച്ച്**

പ്രിൻസിപ്പാൾ, College of Applied Science, കടുത്തുരുത്തി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ പ്രോഗ്രാം ലിസ്റ്റിൽ B.Com Model III Taxation എന്ന കോഴ്സ് കൂടി ഉൾപ്പെടുത്തി 20/10/2023 തീയതിയിലെ 10798/എ.സി.എ7/2023/എം.ജി.യു നമ്പർ സർവ്വകലാശാലാ ഉത്തരവ് പരിഷ്കരിക്കുന്നതിന് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 124/24.03/4262/AC B7/1/2019**

**കളമശ്ശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (സ്വയം ഭരണം) - 2024-25 അക്കാദമിക വർഷം-സ്വാശ്രയ കോഴ്സുകളുടെ പ്രൊവിഷണൽ അഫിലിയേഷൻ നീട്ടി നൽകുന്നത് സംബന്ധിച്ച് .**

കളമശ്ശേരി, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിലെ 13 സാശ്രയ പ്രോഗ്രാമുകളുടെ താൽക്കാലിക അഫിലിയേഷൻ 2024-25 അക്കാദമിക വർഷം പുതുക്കി നൽകുന്നതിന് സമർപ്പിച്ച അപേക്ഷ പരിശോധിച്ച് ടി കോളേജിലെ പഠന ഭൌതിക സാഹചര്യങ്ങൾ വിലയിരുത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. സിനി കുര്യൻ (സിൻഡിക്കേറ്റ് അംഗം) -നെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 125/24.03/28793/AC A7-3/2024**

**സെന്റ് ആന്റണീസ് കോളേജ്, പെരുവന്താനം, പീരുമേട്, ഇടുക്കി** - M Com Marketing and International Business (20 Seats), BA English Language and Literature Model I (60 Seats) **എന്നീ പ്രോഗ്രാമുകൾ 2023-2024 അധ്യയന വർഷം താല്കാലികമായി നിർത്തലാക്കുന്നതിനും 2024-2025 അധ്യയന വർഷം പുനരാരംഭിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്-**

പെരുവന്താനം, സെന്റ് ആന്റണീസ് കോളേജ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ M Com Marketing and International Business (20 Seats), BA English Language and Literature Model I (60 Seats) എന്നീ പ്രോഗ്രാമുകൾ 2023-2024 അധ്യയന വർഷം താൽക്കാലികമായി നിർത്തലാക്കുന്നതിനും 2024-2025 അധ്യയന വർഷം പുനരാരംഭിക്കുന്നതിനും അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 126/24.03/31766/AC A7-3/2024**

**സെന്റ് ജോസഫ്സ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷൻ, ചങ്ങനാശ്ശേരി, കോട്ടയം** - B Com Model I Co-Operation (40 seats) **പ്രോഗ്രം 2024-2025 അധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്-**

ചങ്ങനാശ്ശേരി, സെന്റ് ജോസഫ്സ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷൻ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ B Com Model I Co-Operation (40 seats) എന്ന പ്രോഗ്രം 2024-2025 അധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 127/24.03/28796/AC A7-3/2024**

**സെന്റ് ആന്റണീസ് കോളേജ്, പെരുവന്താനം, പീരുമേട്, ഇടുക്കി** - B Sc Mathematics Model I (24 seats) **പ്രോഗ്രം 2023-2024 അധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

പെരുവന്താനം, സെന്റ് ആന്റണീസ് കോളേജ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ B Sc Mathematics Model I (24 seats)എന്ന പ്രോഗ്രം 2023-2024 അധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 128/24.03/27341/AC A7-1/2024**

**അൺ എയ്ഡഡ്/സ്വാശ്രയ കോളേജുകൾ - കോളേജ് ഓഫ് ആർട്സ് ആൻറ് കോമേഴ്സ് , ചുട്ടിപ്പാറ - 2024-'25 അദ്ധ്യയനവർഷം മുതൽ പ്രോഗ്രാമുകൾ സ്ഥിരമായ നിർത്തലാ ക്കുന്നതിന് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

ചുട്ടിപ്പാറ, കോളേജ് ഓഫ് ആർട്സ് ആൻറ് കോമേഴ്സ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ B. Com Finance and Taxation Model I (50) , B.Com Computer Applications Model I (50) എന്നീ പ്രോഗ്രാമുകൾ 2024-'25 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 129/24.03/37410/AC A1-1/2024** **ഭാരത മാതാ കോളേജ്, തൃക്കാക്കര – സ്വാശ്രയ കോഴ്സുകളുടെ താൽക്കാലിക അഫിലിയേഷൻ 2023 – '24 അദ്ധ്യയന വർഷം പുതുക്കി നല്കുന്നത് – സംബന്ധിച്ച് :-**

തൃക്കാക്കര, ഭാരത മാതാ കോളേജിലെ സ്വാശ്രയ പ്രോഗ്രാമുകളുടെ താൽക്കാലിക അഫിലിയേഷൻ 2023'-24 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിനായി ബന്ധപ്പെട്ട് നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും ടി കോളേജിന് സർക്കാരിൽനിന്നും നിരാക്ഷേപപത്രം പുതുക്കി നൽകിക്കൊണ്ട് ലഭ്യമായ 01/03/2024 തീയതിയിലെ G.O(Ms)No.147/2024/ HEDN, 15/09/2023 തീയതിയിലെ G.O(Ms) No.531/2023/HEDN എന്നീ സർക്കാർ ഉത്തരവുകൾ പരിഗണിച്ച് ടി കോളേജിലെ താഴെ പട്ടിക പ്രകാരമുള്ള പ്രോഗ്രാമുകളുടെ താൽക്കാലിക അഫിലിയേഷൻ 2023-24 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിനും തീരുമാനിച്ചു.

| Name of College | Programmes |
|---|---|
| Bharata Mata College, Thrikkakkara | 1. B.Com Tourism and Travel Management Model III<br>2. B.Com Finance & Taxation Model I(2 batches)<br>3. Master of Social Works (MSW)<br>4. B.com Computer Application Model I (2 batches)<br>5. Bachelor of Business Administartion (BBA)<br>6. B.com Marketing Model I<br>7. Master of Business Administration (2 batches) |

**ഇനംനമ്പർ: 130/24.03/68237/AC A7-3/2021** **സ്വാശ്രയ ആർട്സ് ആൻറ് സയൻസ് കോളേജുകൾ – SNGIST ആർട്സ് ആൻറ് സയൻസ് കോളേജ്, മനക്കപ്പടി, കരുമാല്ലൂർ, നോർത്ത് പറവൂർ, എറണാകുളം – സർവകലാശാലയുടെ അഫിലിയേഷൻ വ്യവസ്ഥകള് ലംഘിച്ചതുമായി ബന്ധപ്പെട്ട് തുടർ നടപടികള് സ്വീകരിക്കുന്നത് സംബന്ധിച്ച്-**

രണ്ട് മാസത്തിനുള്ളിൽ അഫിലിയേഷൻ വ്യവസ്ഥകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ചുകൊള്ളുമെന്ന കോളേജിന്റെ സത്യവാങ്മൂലം വാങ്ങി, 2024-25 വർഷം CAP-ൽ കോളേജിനെ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 131/24.03/32853/AC A7-2/2024-** **അൺ എയ്ഡഡ് സെൽഫ് ഫിനാൻസിങ് കോളേജ് – KMEA College of Arts and Science, Kuzhivelippady – 2024-'25 അധ്യയന വർഷം മുതൽ പ്രോഗ്രാമുകൾ സ്ഥിരമായി നിർത്തലാക്കുന്നത് സംബന്ധിച്ച് :**

Kuzhivelippady, KMEA College of Arts and Science സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ M Com Management & Information Technology (20 സീറ്റ്) കോഴ്സ് 2024 -2025 അധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 132/24.03/119032/AC A7-1/2023** **അൺ എയ്ഡഡ്/സ്വാശ്രയ കോളേജുകൾ – ഗിരിദീപം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ലേണിംഗ് – കോളേജിന്റെ ഉടമസ്ഥാവകാശം ബഥനി സർവീസ് സൊസൈറ്റി യിൽ നിന്നും കോട്ടയം ഗിരിദീപം എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റിന് കൈമാറുന്നതിനുള്ള അനുമതിക്കായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്:-**

വടവാതൂർ, ഗിരി ദീപം ഇൻസ്റ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ലേണിങ് കോളേജിന്റെ ഉടമസ്ഥാവകാശം ബഥനി സർവീസ് സൊസൈറ്റിയിൽ നിന്നും കോട്ടയം, ഗിരിദീപം എജ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റിന് കൈമാറുന്നതിനുള്ള അനുമതിക്കായി സമർപ്പിച്ച അപേക്ഷയിന്മേൽ സർവ്വകലാശാലയ്ക്ക് ലഭിച്ചിരിക്കുന്ന നിയമോപദേശം പരിഗണിച്ച് ടി വിഷയത്തിൽ സർക്കാരിൻറെ അഭിപ്രായം വാങ്ങിയതിനുശേഷം ഫയൽ പുനഃസമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 133/24.03/161322/AC A7-3/2023**

**ശ്രീനാരായണ ആർട്സ് ആൻറ് സയൻസ് കോളേജ്, കെടാമംഗലം, നോർത്ത് പറവൂർ, എറണാകുളം- പ്രോഗ്രാമുകൾ സ്ഥിരമായി, താല്ക്കാലികമായി നിർത്തലാക്കുന്നതിന് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്-**

നോർത്ത് പറവൂർ, ശ്രീനാരായണ ആർട്സ് ആൻഡ് സയൻസ് കോളേജ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ M.Sc Computer Science (16 seats) എന്ന പ്രോഗ്രാം 2024-25 അധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിനും B.Sc Computer Science Model III (60 seats) എന്ന പ്രോഗ്രാം 2024-25 അധ്യയന വർഷം തുടരുന്നതിനുമുള്ള അനുമതി നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: 134/24.03/37124/AC A7-1/2024**

**അൺ എയ്ഡഡ്/സ്വാശ്രയ കോളേജുകൾ - ഡി സി സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളോജി - 2024-'25 അദ്ധ്യയനവർഷം മുതൽ വിവിധ പ്രോഗ്രാമുകൾ സ്ഥിരമായി നിർത്തലാക്കുന്നതിന് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

പുള്ളിക്കാനം, ഡി സി സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളോജി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ B.Com. M I Finance and Taxation (40), B.Sc Psychology Model I (24) എന്നീ പ്രോഗ്രാമുകൾ 2024-'25 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 135/24.03/26872/AC A1-1/2024**

**എം.ഇ.എസ് കോളേജ്, മാറമ്പള്ളി - M.Sc Physics എന്ന സ്വാശ്രയ പ്രോഗ്രാം 2022-'23 അദ്ധ്യയന വർഷം മുതൽ നിർത്തലാക്കുന്നത് - സംബന്ധിച്ച്.**

മാറമ്പള്ളി, എം.ഇ.എസ് കോളേജ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ M.Sc Physics എന്ന സ്വാശ്രയ പ്രോഗ്രാം 2022-'23 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 136/24.03/126873/ACB7-1/2021**

**കുട്ടിക്കാനം മരിയൻ കോളേജിൽ ബി ബി എ /ബി സി എ സ്വാശ്രയ പ്രോഗ്രാമുകളിൽ സർവ്വകലാശാലയുടെ അനുമതിയില്ലാതെ സ്വാശ്രയ അധിക ബാച്ചുകൾ ആരംഭിച്ച് വിദ്യാർത്ഥി പ്രവേശനം നടത്തിയതുമായി ബന്ധപ്പെട്ട് പിഴ ചുമത്തിയത് - കോളേജിന്റെ അപേക്ഷ പരിഗണിക്കുന്നത് - സംബന്ധിച്ച്**

സർവ്വകലാശാലയുടെ അനുമതിയില്ലാതെ കുട്ടിക്കാനം മരിയൻ കോളേജിൽ ബി ബി എ /ബി സി എ പ്രോഗ്രാമുകളുടെ അധിക സ്വാശ്രയ ബാച്ചുകൾ ആരംഭിച്ച് വിദ്യാർത്ഥി പ്രവേശനം നടത്തിയതുമായി ബന്ധപ്പെട്ട് ചുമത്തിയ പിഴ ഇളവ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടി കോളേജ് പ്രിൻസിപ്പൽ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് പ്രസ്തുത പിഴ മൂന്നു ലക്ഷം രൂപയാക്കി കുറവ് ചെയ്യുന്നതിനു തീരുമാനിച്ചു.

**ഇനംനമ്പർ: 137/24.03/18566/ACA1/2024**

**പാമ്പനാർ ശ്രീ നാരായണ ട്രസ്റ്റ്ആർട്സ് ആൻഡ് സയൻസ് കോളേർജ് 2016-17 വർഷം മുതൽ അഫിലിയേഷൻ പുതുക്കാത്തത് - തുടർനടപടികൾ- സംബന്ധിച്ച്**

പാമ്പനാർ ശ്രീ നാരായണ ട്രസ്റ്റ് ആർട്സ് ആൻഡ് സയൻസ് കോളേർജ് 2016-17 വർഷം മുതൽ അഫിലിയേഷൻ പുതുക്കാത്തത് സംബന്ധിച്ച വിഷയത്തിൽ അഫിലിയേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ ബന്ധപ്പെട്ട അഫിലിയേഷൻ സെക്ഷനു നോട്ടപ്പിശകുണ്ടായോ എന്നു പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർ I (ഭരണ വിഭാഗം)-നെ അന്വേഷണ കമ്മീഷനായി നിയോഗിക്കുന്നതിനും കൂടാതെ 2017 മുതൽ അഞ്ചു വർഷത്തേക്ക് ഒറ്റത്തവണ അഫിലിയേഷനുള്ള ഫീസ് ഈടാക്കുന്നതിനും തുടർന്ന് അഫിലിയേഷൻ ദീർഘിപ്പിച്ച് നൽകുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനു പ്രസ്തുത കോളേജിനോടാവശ്യപ്പെടുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: 138/24.03/240003** — **06.05.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി – അഫിലിയേഷൻ ആന്റ് അപ്രൂവൽ-ന്റെ യോഗ നടപടിക്രമം**

OA I — **എം.ജി. യു.ജി.പി. – നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ സിലബസ് – സ്വയംഭരണ കോളേജുകൾക്കായുള്ള ഫീസ് – നിജപ്പെടുത്തുന്നത് – സംബന്ധിച്ച്**

2024-25 അക്കാദമിക വർഷം മുതൽ നടപ്പിലാക്കുന്ന എം.ജി.യു.ജി.പി. ഓണേഴ്സ് ബിരുദ പ്രോഗ്രാമുകൾക്കായുള്ള സിലബസുകൾ സർവ്വകലാശാല പൂർത്തിയാക്കിയ സാഹചര്യത്തിൽ, സർവ്വകലാശാല തയ്യാറാക്കിയ സിലബസുകൾ തന്നെ സ്വയംഭരണ കോളേജുകൾ സ്വീകരിക്കുന്ന പക്ഷം ഫീസ് ഈടാക്കേണ്ടതില്ലെന്നും, എന്നാൽ സ്വയംഭരണ കോളേജുകൾ ആവശ്യപ്പെടുന്നപക്ഷം ടി കോളേജുകൾ തയ്യാറാക്കിയ സിലബസ് അംഗീകാരത്തിനായി സമർപ്പിക്കുന്ന സാഹചര്യത്തിൽ അംഗീകാരത്തിനായി നിലവിൽ ഈടാക്കിക്കൊണ്ടിരുന്ന ഫീസ് മേജർ വിഷയത്തിന് മാത്രം സിലബസൊന്നിന് 30000 രൂപയായി പുതുക്കി നിശ്ചയിക്കുന്നതിനും തീരുമാനിച്ചു.

OA II — **എം ജി യു യു ജി പി -റെഗുലേഷനുകൾക്കായുള്ള ഉപസമിതിയുടെ ശുപാർശ – നിലവിലെ ബിരുദ പ്രോഗ്രാമുകൾ പുനർനാമകരണം ചെയ്യുന്നത് – സംബന്ധിച്ച്**

അക്കാദമിക് കൗൺസിലിലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 139/24.03/181281/El 15-2/2022** — **ശ്രീ. ജിബിൻ കെ ജോയ് (PRN:11011025) ടെ എട്ടാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷയിലെ പ്രോജക്ട് പേപ്പറിന്റെ ഇന്റേണൽ മാർക്ക് സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടായതുമായി ബന്ധപ്പെട്ട് കോളേജിൽ നിന്നും പിഴ ഈടാക്കുന്നത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് സിൻഡിക്കേറ്റിൽ സമർപ്പിക്കുന്നത് സംബന്ധിച്ച്.**

മൗണ്ട് സിയോൺ കോളേജ് ഓഫ് എൻജിനീയറിംഗ്, കടമ്മനിട്ടയിലെ ബി ടെക് എയ്റോനോട്ടിക്കൽ എൻജിനീയറിംഗ് വിദ്യാർത്ഥിയായിരുന്ന ശ്രീ. ജിബിൻ കെ ജോയ് - ടെ 2019 ഡിസംബർ മാസം നടന്ന എട്ടാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷയിലെ പ്രോജക്ട് പേപ്പറിന്റെ ഇന്റേണൽ മാർക്ക് സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടായതുമായി ബന്ധപ്പെട്ട് കോളേജിൽ നിന്നും 5000/- രൂപ പിഴ ഈടാക്കിയ തീരുമാനം (07.07.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ.157/23.04/181281/El 15-2/2022) റദ്ദുചെയ്യുന്നതിനും പ്രസ്തുത കാലയളവിൽ El 15 സെക്ഷനിൽ ജോലിയിൽ ഉണ്ടായിരുന്നവരിൽ നിലവിൽ സർവ്വീസിൽ ഉള്ളവരിൽ നിന്നും ടി പിഴ തുക ഈടാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: 140/24.03/140999/El 5-1/2023** — **കോതമംഗലം ഇന്ദിര ഗാന്ധി ട്രെയിനിങ് കോളേജിലെ ബി എഡ് 2022 അഡ്മിഷനിലെ 44 വിദ്യാർത്ഥികളുടെ രണ്ടാം സെമസ്റ്റർ ജൂലൈ 2023 പരീക്ഷയുടെ ഇന്റേണൽ മാർക്ക് യഥാസമയം കോളേജിൽ നിന്ന് പരീക്ഷാ പോർട്ടലിൽ ഫോർവേഡ് ചെയ്യാത്തത് – പിഴ ഈടാക്കിയത് – സംബന്ധിച്ച് :-**

കോതമംഗലം ഇന്ദിര ഗാന്ധി ട്രെയിനിങ് കോളേജിലെ ബി എഡ് 2022 അഡ്മിഷനിലെ 44 വിദ്യാർത്ഥികളുടെ രണ്ടാം സെമസ്റ്റർ ജൂലൈ 2023 പരീക്ഷയുടെ ഇന്റേണൽ മാർക്ക് യഥാസമയം കോളേജിൽ നിന്ന് പരീക്ഷാ പോർട്ടലിൽ ഫോർവേഡ് ചെയ്യാതിരുന്നതിന് ചുമത്തിയ പിഴത്തുക പുനഃപരിശോധിച്ച് തിരികെ നൽകണമെന്ന് ആവശ്യപ്പെട്ട് കോളേജ് പ്രിൻസിപ്പാൾ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ: 141/24.03/41993/Ac A 3-3/2024

**നിർത്തലാക്കിയ ഓഫ് ക്യാമ്പസ് സെന്ററുകലെ വിദ്യാർത്ഥികൾക്ക് മേഴ്സി ചാൻസ് പരീക്ഷയിലൂടെ Project /Dissertation /Practical/ Viva എന്നിവ ചെയ്യുന്നതിന് അവസരം നൽകുന്നത് – സർവ്വകലാശാലയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠനം നടത്തി ഡോ.ബാബു മൈക്കിൾ സമർപ്പിച്ച റിപ്പോർട്ട് സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത് – സംബന്ധിച്ച് :-**

അന്വേഷണ കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

ഇനംനമ്പർ: 142/24.03/EA I/2/101/2019/CBCS

**2013 അഡ്മിഷൻ മുതൽ 2016 അഡ്മിഷൻ വരെയുള്ള സി.ബി.സി.എസ്. എസ് യു.ജി. വിദ്യാർത്ഥികൾക്ക് റെഗുലേഷന് അനുസൃതമായി മേഴ്സി ചാൻസ് അവസരം നൽകിയതിന്മേൽ പരാതികൾ – സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ ജന. സെക്രട്ടറിയുടെ അപേക്ഷ പരിഗണിച്ച് 15.01.2024 ലെ EA1/1/101/2023/CBCS നോട്ടിഫിക്കേഷനിൽ താഴെപ്പറയുന്ന മാറ്റങ്ങൾ വരുത്തുന്നതിന് തീരുമാനിച്ചു.

1. 2013 അഡ്മിഷൻ മേഴ്സി ചാൻസ് പരീക്ഷ ഫൈനൽ മേഴ്സി ചാൻസായി പരിഗണിച്ച് ആയതിനുള്ള ഫീസ് ഈടാക്കുന്നതിനും,
2. 2014, 2015, 2016 അഡ്മിഷൻ മേഴ്സി ചാൻസ് പരീക്ഷ ഫസ്റ്റ് മേഴ്സി ചാൻസായി പരിഗണിച്ച് ആയതിനുള്ള ഫീസ് ഈടാക്കുന്നതിനും തീരുമാനിച്ചു.

ഇനംനമ്പർ: 143/24.03/74489/EL1-1/2023

**സെന്റ് തോമസ് കോളേജ് പാല, 2020 അഡ്മിഷൻ ബി വോക് വിദ്യാർത്ഥികളുടെ ആറാം സെമസ്റ്റർ ഇന്റേണൽ മാർക്ക് യൂ ണിവേഴ്സിറ്റിയിലേക്ക് യഥാസമയം സമർപ്പിക്കാത്തതിനാൽ – പിഴ ഈടാക്കുന്നതിനുള്ള സിൻഡിക്കേറ്റ് തീരുമാനം ഒഴിവാക്കികൊണ്ട് ഇതുമായി ബന്ധപ്പെട്ട നടപടിക്രമം അവസാനിപ്പിക്കണമെന്ന് കാണിച്ചുകൊണ്ട് കോളേജ് പ്രിൻസിപ്പാൾ സമർപ്പിച്ച 22.02.24ലെ കത്ത് – പരിഗണിക്കുന്നത് സംബന്ധിച്ച്.**

സെന്റ് തോമസ് കോളേജ് പാല, 2020 അഡ്മിഷൻ ബി വോക് വിദ്യാർത്ഥികളുടെ ആറാം സെമസ്റ്റർ ഇന്റേണൽ മാർക്ക് യൂ ണിവേഴ്സിറ്റിയിലേക്ക് യഥാസമയം സമർപ്പിക്കാത്തതിന് പിഴ ഈടാക്കിയ തീരുമാനം പുനഃപരിശോധിക്കണം എന്ന് അവശ്യപ്പെട്ട് കോളേജ് പ്രിൻസിപ്പൾ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ: 144/24.03/12887/AC A3-3/2024

**സെൻറ് സേവിയേഴ്സ് കോളേജ്, ആലുവ -യിലെ 2022 അഡ്മിഷൻ B.Sc Physics റെഗുലർ വിദ്യാർത്ഥിനിയായ ശ്രീമതി സുമയ്യ ബീഗം-ത്തിന് 2024-25 അക്കാദമിക വർഷത്തെ രണ്ടാം സെമസ്റ്ററിലേക്ക് അനുവദിച്ച റീ – അഡ്മിഷൻ, 2023 -24 അക്കാദമിക വർഷത്തെ രണ്ടാം സെമസ്റ്ററിലേക്ക് മാറ്റി നൽകണമെന്ന കോളേജ് പ്രിൻസിപ്പാളിന്റെ അപേക്ഷ പരിഗണിക്കുന്നത് സംബന്ധിച്ച് :-**

കോളേജ് പ്രിൻസിപ്പാളിന്റെ അവശ്യം പ്രായോഗികമല്ലാത്തതിനാൽ അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 145/24.03/141556/EI 37-2/2023** **തൊട്ടുപുഴ, കോ -ഓപ്പറേറ്റീവ് സ്കൂൾ ഓഫ് ലോയിലെ 2021 അഡ്മിഷൻ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബികോം എൽ എൽ ബി (ഓണേഴ്സ്) റെഗുലർ വിദ്യാർത്ഥികളുടെ 2023 സെപ്തംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ പരീക്ഷാ രജിസ്ട്രേഷൻ, എറണാകുളം, ഗവണ്മെന്റ് ലോ കോളേജിലെ 2018 അഡ്മിഷൻ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി കോം എൽ എൽ ബി (ഓണേഴ്സ്) വിദ്യാർത്ഥികളുടെ 2023 ഓഗസ്റ്റ് മാസത്തിൽ നടത്തിയ ഒൻപതാം സെമസ്റ്റർ പരീക്ഷയുടെ ഇൻറ്റേർണൽ മാർക്കുകൾ, എന്നിവ യഥാസമയം കോളേജ് അധികൃതർ സർവ്വകലാശാലയിലേക്ക് പരീക്ഷ പോർട്ടൽ മുഖേന ഫോർവേഡ് ചെയ്യാതിരുന്നത് സംബന്ധിച്ച്:-**

തൊട്ടുപുഴ, കോ -ഓപ്പറേറ്റീവ് സ്കൂൾ ഓഫ് ലോയിലെ 2021 അഡ്മിഷൻ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി കോം എൽ എൽ ബി (ഓണേഴ്സ് ) റെഗുലർ വിദ്യാർത്ഥികളുടെ 2023 സെപ്തംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ പരീക്ഷാ രജിസ്ട്രേഷൻ, എറണാകുളം, ഗവണ്മെന്റ് ലോ കോളേജിലെ 2018 അഡ്മിഷൻ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി കോം എൽ എൽ ബി (ഓണേഴ്സ് ) വിദ്യാർത്ഥികളുടെ 2023 ഓഗസ്റ്റ് മാസത്തിൽ നടത്തിയ ഒൻപതാം സെമസ്റ്റർ പരീക്ഷയുടെ ഇന്റേണൽ മാർക്കുകൾ, എന്നിവ അതാത് കോളേജ് അധികൃതർ യഥാസമയം സർവ്വകലാശാലയിലേക്ക് ഓൺലൈൻ പോർട്ടൽ മുഖാന്തിരം ഫോർവേഡ് ചെയ്യാതിരുന്നത് സംബന്ധിച്ച് മേൽപ്പറഞ്ഞ കോളേജുകളിൽ നിന്നും യൂണിവേഴ്സിറ്റി ഉത്തരവ് പ്രകാരമുള്ള പിഴ ഈടാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 146/24.03/62760/EI 6-2/2021 (EI VI/MPE/G.M/2024)** **മൂലമറ്റം, സെന്റ് ജോസഫ്സ് അക്കാഡമി ഓഫ് ഹയർ എഡ്യൂക്കേഷൻ ആൻഡ് റിസർച്ചിലെ 2011 – 2013 ബാച്ച് M.P.E വിദ്യാർത്ഥിനിയായിരുന്ന അഞ്ജന യു. രാജൻ(Reg.No.303)-ന് ഗ്രേസ് മാർക്ക് നൽകുന്നത് - അന്വേഷണ കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

മൂലമറ്റം, സെന്റ് ജോസഫ്സ് അക്കാഡമി ഓഫ് ഹയർ എഡ്യൂക്കേഷൻ ആൻഡ് റിസർച്ചിലെ 2011 – 2013 ബാച്ച് M.P.E വിദ്യാർത്ഥിനിയായിരുന്ന അഞ്ജന യു. രാജൻ(Reg.No.303)-ന് ഗ്രേസ് മാർക്ക് നൽകുന്നത് സംബന്ധിച്ച് അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 147/24.03/122826/EB 1-3/2023** **ബി.എ. മലയാളം IV സെമസ്റ്റർ, മെയ് 2023 പരീക്ഷയിലെ ML4CMT06 : ആധുനിക മലയാള ഭാഷ, ML4CRT04 : കേരളസംസ്കാരം -ഉത്തരഘട്ടം എന്നീ പരീക്ഷ ചോദ്യ പേപ്പറുകളിലെ ന്യൂനതകൾ - ചെയർമാൻ, പ്രീ വാല്യവേഷൻ ബോർഡ് കൂടി ചോദ്യപേപ്പറുമായി ബന്ധപ്പെട്ട് സമർപ്പിച്ച നിർദേശങ്ങളും അത് സംബന്ധിച്ചുണ്ടായ സിൻഡിക്കേറ്റ് തീരുമാനവും-വ്യക്തതയ്ക്കായി സിൻഡിക്കേറ്റിന് പുനഃസമർപ്പിക്കുന്നത് സംബന്ധിച്ച്.**

2024 മുതൽ പുതിയ പാഠ്യപദ്ധതി നിലവിൽ വരുന്നത് മൂലം, നിലവിലുള്ള ചോദ്യബാങ്കിന്റെ ഉപയോഗം പരിമിതമായതിനാൽ ചോദ്യബാങ്ക്, പുനഃപരിശോധന നടത്തേണ്ടതില്ല എന്ന് തീരുമാനിച്ചു.

**ഇനംനമ്പർ: 148/24.03/147023/EB OQPM-1-2/2023** **സർവകലാശാലയിലെ വിവിധ UG, PG വിഷയങ്ങളുടെ Question Bank പരിഷ്ക്കരണവും സ്ക്രൂട്ടിണിയും - സിൻഡിക്കേറ്റ് തീരുമാനങ്ങളിൽ വ്യക്തത തേടുന്നത് - സംബന്ധിച്ച്.**

നാല് വർഷ ബിരുദ പ്രോഗ്രാം തുടങ്ങുന്ന സാഹചര്യത്തിൽ, നിലവിലുള്ള ചോദ്യബാങ്കിൽ മറ്റ് നടപടികൾ ഒന്നും തന്നെ കൈക്കൊള്ളേണ്ടതില്ല എന്നും 2024 ൽ ആരംഭിക്കുന്ന എംജിയു-യുജി പ്രോഗ്രാം (Honours) പ്രോഗ്രാമിൽ ചോദ്യബാങ്ക് തയ്യാറാക്കുമ്പോൾ സ്ക്രൂട്ടിണിയുമായി ബന്ധപ്പെട്ട് പുതിയ നിർദ്ദേശങ്ങൾ നടപ്പിലാക്കിയാൽ മതിയാകും എന്നും തീരുമാനിച്ചു.

**ഇനംനമ്പർ: 149/24.03/110473/EH13 SO/2023**

**ആർ എൽ വി കോളേജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സ്, തൃപ്പൂണിത്തുറ – 2021 അഡ്മിഷൻ എം എ കഥകളി വേഷം വിദ്യാർത്ഥിയായ ശ്രീ AJEESH BABU (PRN:210011005383) ന്റെ II സെമസ്റ്റർ NOVEMBER 2022 പരീക്ഷയുടെ ഇന്റേർണൽ മാർക്ക് കോളേജിൽ നിന്നും ആബ്സന്റ് എന്ന് രേഖപ്പെടുത്തിയത് – 24.11.2023–ലെ സിൻഡിക്കേറ്റ് തീരുമാനം നടപ്പിലാക്കിയ വിവരം ബഹു.വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം – സിൻഡിക്കേറ്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത് സംബന്ധിച്ച്:–**

തൃപ്പൂണിത്തുറ, ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സ്, 2021 അഡ്മിഷൻ എം.എ. കഥകളി വേഷം വിദ്യാർത്ഥിയായ ശ്രീ AJEESH BABU (PRN:210011005383) ന്റെ II സെമസ്റ്റർ NOVEMBER 2022 പരീക്ഷയുടെ ഇന്റേർണൽ മാർക്ക് കോളേജിൽ നിന്നും ആബ്സന്റ് എന്ന് രേഖപ്പെടുത്തിയത് സംബന്ധിച്ച് കോളേജ് പ്രിൻസിപ്പലും വകുപ്പ് മേധാവിയും നൽകിയ വിശദീകരണം അംഗീകരിക്കുന്നതിനും തുടർനടപടികൾ അവസാനിപ്പിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: 150/24.03/162084/EH 5–2/2023**

**ഒന്നാം സെമസ്റ്റർ M.Com – PGCSS ഡിസംബർ 2023 പരീക്ഷ –ഫൈൻ ഇനത്തിൽ ഒടുക്കിയ ഫീസ് തിരികെ ലഭിക്കുന്നതിനായി Principal, College of Applied Science, Konni സമർപ്പിച്ച അപേക്ഷ – സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത് സംബന്ധിച്ച്.**

ഒന്നാം സെമസ്റ്റർ M.Com – PGCSS ഡിസംബർ 2023 പരീക്ഷയുടെ രണ്ട് വിദ്യാർത്ഥികളുടെ ഫീസ് സമയബന്ധിതമായി സർവ്വകലാശാലയിൽ അടയ്ക്കാത്തതുമായി ബന്ധപ്പെട്ട് ഒടുക്കേണ്ടിവന്ന ഫൈൻ തിരികെ ലഭിക്കുന്നതിനായി Principal, College of Applied Science, Konni സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 151/24.03/33544/EH 12–2/2024**

**ഇലാഹിയ കോളേജ് ഓഫ് ആർട്സ് & സയൻസ്, പേഴക്കാപ്പിള്ളിയിൽ നടത്തുന്ന എം.എസ്.സി സൈക്കോളജി(റിവൈസ്ഡ്) പ്രോഗ്രാമിന്റെ മൂന്നാം സെമസ്റ്റർ നവംബർ 2023 (2022 അഡ്മിഷൻ), ഒന്നാം സെമസ്റ്റർ ഡിസംബർ 2023 (2023 അഡ്മിഷൻ ) എന്നീ പി ജി സി എസ് എസ് പരീക്ഷകളുടെ ഇന്റേണൽ മാർക്ക് കറക്ഷനു അടക്കേണ്ടി വരുന്ന ഫൈൻ തുകയിൽ ഇളവ് നൽകുന്ന വിഷയം സംബന്ധിച്ച്**

ഇലാഹിയ കോളേജ് ഓഫ് ആർട്സ് & സയൻസ്, പേഴക്കാപ്പിള്ളിയിൽ നടത്തുന്ന എം.എസ്.സി സൈക്കോളജി(റിവൈസ്ഡ്) പ്രോഗ്രാമിന്റെ മൂന്നാം സെമസ്റ്റർ നവംബർ 2023 (2022 അഡ്മിഷൻ), ഒന്നാം സെമസ്റ്റർ ഡിസംബർ 2023 (2023 അഡ്മിഷൻ ) എന്നീ പി ജി സി എസ് എസ് പരീക്ഷകളുടെ ഇന്റേണൽ മാർക്ക് കറക്ഷനു അടക്കേണ്ടി വരുന്ന ഫൈൻ തുകയിൽ ഇളവ് നൽകണമെന്ന് ആവശ്യപ്പെട്ട് ടി കോളേജ് പ്രിൻസിപ്പൾ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 152/24.03/24465/EI 31–3/2024**

**കോ–ഓപ്പറേറ്റീവ് സ്കൂൾ ഓഫ് ലോ, തൊടുപുഴ–2022 അഡ്മിഷൻ, Five year Integrated BBA,LL.B (Hons.) Degree Programme ലെ വിദ്യാർത്ഥികളുടെ ഒന്നാം സെമസ്റ്റർ ജൂൺ 2023 പരീക്ഷയുടെ Internal mark തിരുത്തുന്നത് സംബന്ധിച്ച്:–**

കോ–ഓപ്പറേറ്റീവ് സ്കൂൾ ഓഫ് ലോ, തൊടുപുഴ–2022 അഡ്മിഷൻ, Five year Integrated BBA,LL.B (Hons.) Degree Programme ലെ വിദ്യാർത്ഥികളുടെ ഒന്നാം സെമസ്റ്റർ ജൂൺ 2023 പരീക്ഷയുടെ Internal mark തിരുത്തി നൽകുന്നതിനായി പ്രിൻസിപ്പൾ സമർപ്പിച്ച അപേക്ഷയിലും കോളേജ് യൂണിയൻ ചെയർമാൻ സമർപ്പിച്ച പരാതിയിലും അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. ബിജു പുഷ്പൻ (സിൻഡിക്കേറ്റ് അംഗം)–നെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 153/24.03/ഇനം നം.110985/EH 15-1/2023** **Internal-redo അനുവദിക്കണമെന്നാവശ്യപ്പെട്ട് SNGIST Arts & Science College, North Paravur ലെ M.Sc Biochemistry വിദ്യാർത്ഥിയായ Safeela S (PRN: 190011008527) നൽകിയ അപേക്ഷ നിരസിച്ച നടപടി പുനഃപരിശോധിക്കുന്നതിനായി വിദ്യാർത്ഥി നൽകിയ അപേക്ഷ - സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത് - സംബന്ധിച്ച്.**

സർവ്വകലാശാല maternity leave അനുവദിച്ച് ഉത്തരവിറക്കിയിട്ടുള്ള സാഹചര്യത്തിലും, internal പരീക്ഷ നടക്കുന്ന സാഹചര്യത്തിൽ വിദ്യാർഥിനി ഗർഭിണിയായതിനാൽ പരീക്ഷയെഴുതാൻ അവസരം ലഭിച്ചില്ല എന്ന വിഷയം പരിഗണിച്ചും വിദ്യാർത്ഥിനിയുടെ ഭാവിയെ കരുതിയും ഒരു പ്രത്യേക കേസായി പരിഗണിച്ച് പ്രിൻസിപ്പാൾ സമർപ്പിച്ചിട്ടുള്ള internal mark സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 154/24.03/39527/AC A4-2/2024** **പഞ്ചവത്സര എൽ എൽ ബി കോഴ്സുകൾ (2011 മുതൽ 2017 വരെയുള്ള അഡ്മിഷൻ ബാച്ച്) - പഞ്ചവത്സര എൽ എൽ ബി റെഗുലേഷൻസ് 2011 - ഇന്റേണൽ റീ ഡു അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച സർവകലാശാല ഉത്തരവു പ്രകാരം ഏർപ്പെടുത്തിയ ഫീസ് (ഒരു വിഷയത്തിനു Rs.5000/-) കുറയ്ക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

പഞ്ചവത്സര എൽ എൽ ബി റെഗുലേഷൻസ് 2011-ൽ ഇന്റേണൽ റീ ഡു അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച സർവകലാശാല ഉത്തരവു പ്രകാരം ഏർപ്പെടുത്തിയ ഫീസ് കുറയ്ക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ അപേക്ഷ പരിഗണിച്ച് പരിശോധിച്ചതിൽ, സമാനമായ വിഷയത്തിൽ ബി.ടെക് ബിരുദ വിദ്യാർത്ഥികൾക്ക് റെഗുലേഷന് പുറത്ത് internal redo അനുവദിച്ചപ്പോൾ 5 വർഷങ്ങൾക്ക് മുമ്പ് ഏർപ്പെടുത്തിയ ഫീസ് Rs.2500/- per course ആയിരുന്നു. കാലാനുസൃതമായ ഫീസ് വർദ്ധന ഏർപ്പെടുത്തുന്നതിന് നിലനിൽക്കുന്ന സർക്കാർ ഉത്തരവുകൾകൂടി പരിഗണിച്ചുകൊണ്ട് LLB Internal re-do അനുവദിക്കുന്നതിനുള്ള ഫീസ് Rs. 3,000/- per course എന്നാക്കി പുനർനിർണയിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 155/24.03/12986/AD A1-2/2024** **ബി.എസ് സി. ഇലക്ട്രോണിക്സ് വിത്ത് കമ്പ്യൂട്ടർ ഹാർഡ്‌വെയർ ബിരുദ വിദ്യാർത്ഥിയായിരുന്ന (2002-2005 batch) ശ്രീ. ബ്ലെസ്സൺ എബ്രഹാം, കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റിനായി സമർപ്പിച്ച അപേക്ഷ-ടി കോഴ്സിന്റെ 2005 ജനുവരിയിൽ നടന്ന അഞ്ചാം സെമസ്റ്റർ ഫലത്തിൽ വന്ന പിശക് കണ്ടെത്തിയത്-ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം തേടണമെന്നുള്ള സിൻഡിക്കേറ്റ് തീരുമാനം - സിന്‍ഡിക്കേറ്റിന്റെ പരിഗണനക്ക് വീണ്ടും സമർപ്പിക്കുന്നത് സംബന്ധിച്ച് -**

ബി.എസ് സി. ഇലക്ട്രോണിക്സ് വിത്ത് കമ്പ്യൂട്ടർ ഹാർഡ്‌വെയർ ബിരുദ വിദ്യാർത്ഥിയായിരുന്ന (2002-2005 batch) ശ്രീ. ബ്ലെസ്സൺ എബ്രഹാം-ന് 2005 ജനുവരി മാസം നടന്ന ബി.എസ് സി. ഇലക്ട്രോണിക്സ് വിത്ത് കമ്പ്യൂട്ടർ ഹാർഡ്‌വെയർ അഞ്ചാം സെമസ്റ്റർ റഗുലർ പരീക്ഷയിൽ Communication System-II എന്ന വിഷയം മതിയായ external minimum ഇല്ലാതെ semester pass ആയതായും course pass ആയതായും, തെറ്റി ഫലം പ്രഖ്യാപിച്ചതിൽ, 2005 കാലഘട്ടത്തിൽ ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം തേടുന്നതിന് 16.01.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിലെടുത്ത തീരുമാനം, ബന്ധപ്പെട്ട ജീവനക്കാർ വിരമിച്ച സാഹചര്യത്തിൽ തുടർനടപടികൾ അവസാനിപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 156/24.03/27893/AC B6-1/2024** **2024 അധ്യയന വർഷത്തെ അഡ്മിഷൻ നടപടികൾ കൈക്കൊള്ളുന്നതിനായ് ഓട്ടോണോമസ് പദവി ലഭിച്ച സെന്റ് സേവിയേഴ്സ് കോളേജ് ഫോർ വിമൻ, ആലുവ - യെ ക്യാപ് പോർട്ടലിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്.**

സെന്റ് സേവിയേഴ്സ് കോളേജ് ഫോർ വിമൻ, ആലുവ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 157/24.03/143479/CBCSS9-3/2023** **CAP 2023 – ഏറ്റുമാന്നൂരപ്പൻ കോളേജ് ചൂരക്കുളങ്ങര യിൽ BBA കോഴ്സിന് ഈഴവ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംവരണം ചെയ്തിരുന്ന സീറ്റിൽ വിശ്വകർമ വിഭാഗത്തിൽപ്പെട്ട ശ്രീ. അഭിജിത്.പി.എസ് എന്ന വിദ്യാർത്ഥിക്ക് പ്രവേശനം നൽകിയ വിഷയത്തിൽ പിഴ ഒടുക്കുന്നതല്ല എന്നറിയിച്ചു കൊണ്ടുള്ള ഏറ്റുമാന്നൂരപ്പൻ കോളേജ് പ്രിൻസിപ്പലിന്റെ 23.01.2024 ലെ കത്ത് സംബന്ധിച്ച്.**

ഏറ്റുമാന്നൂരപ്പൻ, കോളേജ് ചൂരക്കുളങ്ങര യിൽ BBA കോഴ്സിന് ഈഴവ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംവരണം ചെയ്തിരുന്ന സീറ്റിൽ വിശ്വകർമ വിഭാഗത്തിൽപ്പെട്ട ശ്രീ. അഭിജിത്.പി.എസ് എന്ന വിദ്യാർത്ഥിക്ക് പ്രവേശനം നൽകിയ വിഷയത്തിൽ കോളേജിനുമേൽ ചുമത്തിയ പിഴ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് പ്രിൻസിപ്പൽ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 158/24.03/117516/CBCSS 27-1/2023** **പുനഃ മൂല്യനിർണ്ണയം-ഉയർന്ന മാർക്ക് വ്യത്യാസം സംഭവിക്കുന്നത്- സംബന്ധിച്ച്.**

കോതമംഗലം, എൽദോ മാർ ബസേലിയസ് കോളേജിലെ ബി.എ. വിഷ്വൽ ആർട്ട്സ് ( ഇന്റീരിയർ ഡിസൈൻ) 2021 അഡ്മിഷൻ വിദ്യാർത്ഥികളുടെ മൂന്നാം സെമസ്റ്ററിലെ Material Culture 1 എന്ന വിഷയത്തിന്റെ മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് പരാതി നൽകിയ വിദ്യാർത്ഥികളുടെ റീവാല്യുവേഷൻ മാർക്കിൽ അസാധാരണമായ മാറ്റം വന്നതായി കാണാൻ കഴിയാത്തതിനാൽ തുടർനടപടികൾ അവസാനിപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 159/24.03/11580/ACA8-4/2024** **മൗണ്ട് സിയോൺ ലോ കോളേജിൽ 50% ശതമാനത്തിൽ താഴെ മാത്രം ഹാജർ ഉണ്ടായിരുന്ന അഞ്ചാം സെമസ്റ്റർ വിദ്യാർത്ഥിയായ ജയ്സൺ ജോസഫ് സാജൻ അടക്കം ആറു വിദ്യാർത്ഥികൾക്ക് ഉയർന്ന സെമസ്റ്ററിലേയ്ക്ക് പ്രൊമോഷൻ നൽകിയെന്ന് ആരോപിച്ചുകൊണ്ട് പ്രിൻസിപ്പലിന് എതിരെ ഇതേ കോളേജിലെ വിദ്യാർത്ഥിയായ ശ്രീമതി നിള എസ്. പണിക്കർ വൈസ് ചാൻസലർ മുൻപാകെ സമർപ്പിച്ച പരാതി.**

മൗണ്ട് സിയോൺ ലോ കോളേജിൽ 50% ശതമാനത്തിൽ താഴെ മാത്രം ഹാജർ ഉണ്ടായിരുന്ന അഞ്ചാം സെമസ്റ്റർ വിദ്യാർത്ഥിയായ ജയ്സൺ ജോസഫ് സാജൻ അടക്കം ആറു വിദ്യാർത്ഥികൾക്ക് ഉയർന്ന സെമസ്റ്ററിലേയ്ക്ക് പ്രൊമോഷൻ നൽകിയെന്ന് ആരോപിച്ചുകൊണ്ട് പ്രിൻസിപ്പലിന് എതിരെ ഇതേ കോളേജിലെ വിദ്യാർത്ഥിയായ ശ്രീമതി നിള എസ്. പണിക്കർ സമർപ്പിച്ച പരാതി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ. ഹരികൃഷ്ണൻ പി., ഡോ. സുധാകരൻ കെ.എം. എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 160/24.03/39501/EI 32-1/2024** **2022 അഡ്മിഷനിലെ ബി.ആർക് വിദ്യാർത്ഥികളുടെ ഒന്ന്, രണ്ട് സെമസ്റ്റർ റെഗുലർ ഒക്ടോബർ 2023 പരീക്ഷയുടെ ARCHITECTURAL GRAPHICS എന്ന വിഷയത്തിന്റെ ഇന്റേർണൽ മാർക്കുകൾ പോർട്ടലിൽ അപ്ലോഡ് ചെയ്തതിൽ സംഭവിച്ച പിഴവിനെ തുടർന്ന് ഫൈൻ ഈടാക്കിയത് ഒഴിവാക്കി നൽകുന്നത് – സംബന്ധിച്ച്.**

DC സ്കൂൾ ഓഫ് ആർക്കിടെക്ചർ ആൻഡ് ഡിസൈനിൽ നിന്നും 2022 അഡ്മിഷനിലെ 38 ബി.ആർക് വിദ്യാർത്ഥികളുടെ ഒന്ന്, രണ്ട് സെമസ്റ്റർ റെഗുലർ ഒക്ടോബർ 2023 പരീക്ഷയുടെ ARCHITECTURAL GRAPHICS എന്ന വിഷയത്തിന്റെ ഇന്റേർണൽ മാർക്കുകൾ കോളേജിൽ നിന്നും തെറ്റായി രേഖപ്പെടുത്തിയതിന് പിഴ ഈടാക്കിയ നടപടി ഒഴിവാക്കിനൽകണമെന്ന് അവശ്യപ്പെട്ട് പ്രിൻസിപ്പൽ നൽകിയ അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 161/24.03/2430/El 26-1/2024**

**കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ , വൈക്കം-ലെ 2022-24 ബി.എഡ് ബാച്ചിലെ 46 വിദ്യാർത്ഥികളുടെ മൂന്നാം സെമസ്റ്റർ, നവംബർ 2023 പരീക്ഷയുടെ ഇന്റേർണൽ മാർക്ക് യഥാസമയം പരീക്ഷാ പോർട്ടലിലേക്ക് ഫോർവേഡ് ചെയ്യാത്തതിൽ പിഴ ഈടാക്കുന്നത് സംബന്ധിച്ച് :-**

കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ , വൈക്കം-ലെ 2022-24 ബി.എഡ് ബാച്ചിലെ 46 വിദ്യാർത്ഥികളുടെ മൂന്നാം സെമസ്റ്റർ, നവംബർ 2023 പരീക്ഷയുടെ ഇന്റേർണൽ മാർക്ക് യഥാസമയം പരീക്ഷാ പോർട്ടലിലേക്ക് ഫോർവേഡ് ചെയ്യാത്തതത് സംബന്ധിച്ച് ഒരു വിദ്യാർത്ഥിക്ക് 585/- രൂപ വീതം 46 വിദ്യാർത്ഥികൾക്ക് മൊത്തം 26910/- രൂപ കോളേജിൽ നിന്നും പിഴ ഈടാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: 162/24.03/19319/EA 2-1/2024/EXAM**

**30.10.2023 തീയതിയിലെ സെനറ്റ് പ്രമേയം നം. 26 പ്രകാരം സർവ്വകലാശാലാ പരീക്ഷകളോടനുബന്ധിച്ച് അധ്യാപകർ/അനധ്യാപകർ എന്നിവർക്കുള്ള വേതനം, TA / DA, കോളേജുകൾക്ക് നൽകുന്ന തുക എന്നിവ കാലാനുസൃതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച്.**

30.10.2023 തീയതിയിലെ സെനറ്റ് പ്രമേയം നം. 26 പ്രകാരം സർവ്വകലാശാലാ പരീക്ഷകളോടനുബന്ധിച്ച് അധ്യാപകർ/അനധ്യാപകർ എന്നിവർക്കുള്ള വേതനം, TA / DA, കോളേജുകൾക്ക് നൽകുന്ന തുക എന്നിവ കാലാനുസൃതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

## (ii) മുൻ ഇനങ്ങൾ

**ഇനംനമ്പർ: OA 13/24.02/540/LEGN -1/2024**

**2018 -ലെ 'The Mahatma Gandhi University Ordinance Regarding the Work Load and Staff Pattern of Private Aided Arts and Science Colleges' എന്ന ഓർഡിനൻസിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്:-**

13.09.2023 തീയതിയിൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗം ബയോടെക്നോളജി സംയുക്ത ബോർഡ് ഓഫ് സ്റ്റഡീസ് യോഗത്തിന്റെ ശുപാർശയ്ക്കനുസൃതമായി ബയോടെക്നോളജി പ്രോഗ്രാമിന്റെ ഉപവിഷയങ്ങളായ മൈക്രോബയോളജി, ബയോകെമിസ്ട്രി വിഷയങ്ങളുടെ teaching hours കൂടി ഉൾപ്പെടുത്്തിക്കൊണ്ട് 2018ലെ മഹാത്മാഗാന്ധി സർവ്വകലാശാല ജോലിഭാര ഓർഡിനൻസിൽ 5-B ആയി വ്യവസ്ഥ ചെയ്തിട്ടുള്ള എം.എസ്.സി. ബയോടെക്നോളജി കോഴ്സിന്റെ പരിഷ്ക്കരിച്ച സ്കീം പ്രകാരമുള്ള ജോലിഭാരം ഭേദഗതി വരുത്തി പരിഷ്ക്കരിച്ചതിന്റെ കരട് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

| Existing Ordinance | | Proposed Amendment | |
|---|---|---|---|
| Subject | Work Load | Subject | Work Load |
| Biotechnology | 38 hours | Biotechnology | 34 hours |
| Biochemistry | 15 hours | Biochemistry/ Microbiology | 16 hours |
| Microbiology | 12 hours | Total | 50 hours<br>(I and II year together) |
| Total | 65 hours<br>(I and II year together) | ***Note:*** *This shall have effect from 07th August 2023. The Work Load Calculation for the faculty members appointed before the above said date shall be continued as it is being done before without affecting the work load or subject of specialisation.* | |

**ഇനംനമ്പർ: 156/24.01/135426/AC B1-1/2023** **സ്വകാര്യ എയ്ഡഡ് കോളേജുകൾ - എടത്വ സെന്റ് അലോഷ്യസ് കോളേജിൽ UGC റെഗുലേഷൻസ് 2018 പ്രകാരം നേരിട്ടുള്ള നിയമനം മുഖേന പ്രിൻസിപ്പലായി നിയമിതനായ പ്രൊഫ (ഡോ) ഇന്ദുലാൽ ജി -യുടെ നിയമനം - അംഗീകരിക്കുന്നത് സംബന്ധിച്ച്.**

എടത്വ സെന്റ് അലോഷ്യസ് കോളേജിലെ പ്രിൻസിപ്പലായി നേരിട്ടുള്ള നിയമനം മുഖേന നിയമിതനായ പ്രൊഫ. ഡോ. ഇന്ദുലാൽ ജി.-ക്ക് UGC Regulations 2018 A.1(V)(4) പ്രകാരം പ്രിൻസിപ്പൽ തസ്തികയിലേയ്ക്ക് നിയമിതനാകുന്നതിനുള്ള യോഗ്യത ഉള്ളതിനാൽ 16.10.2023 FN മുതൽ ടിയാന്റെ റിട്ടയമെന്റ് തീയതി വരെയോ അല്ലെങ്കിൽ 5 വർഷം വരെയോ ഏതാണോ ആദ്യം അതുവരെ അംഗീകാരം നല്കുന്നതിന് തീരുമാനിച്ചു.

## ഔട്ട് ഓഫ് അജൻഡ

**ഇനം.നമ്പർ: ഒ.എ.01/24.03/8287/ADA5/2020** **2015-16 ലെ അന്തർ കലാലയ/അന്തർ സർവ്വകലാശാല മത്സരങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് മുൻകൂർ അനുമതി കൂടാതെ ചെലവഴിച്ച തുക സ്പ്പോർട്സ് വകുപ്പ് മേധാവിയുടെ ചുമതല വഹിച്ചിരുന്ന ശ്രീ. സുനിൽ കെ. എൻ-ന്റെ ബാധ്യതയായി കണക്കാക്കി പുറപ്പെടുവിച്ച സർവകലാശാല ഉത്തരവുമായി ബന്ധപ്പെട്ട് ടിയാൻ നൽകിയ അപേക്ഷ - സംബന്ധിച്ച്**

2015-16 ലെ അന്തർ കലാലയ/അന്തർ സർവകലാശാലാ മത്സരങ്ങളുടെ നടത്തിപ്പിനായി സ്പ്പോർട്സ് വകുപ്പ് മേധാവിയുടെ ചുമതല വഹിച്ചിരുന്ന ശ്രീ. സുനിൽ കെ. എൻ. ന്റെ പേരിൽ അനുവദിച്ച താൽക്കാലിക മുൻകൂർ തുകയുടെ പുറമെ അധികമായി ചെലവഴിച്ച തുകയായ 3,51,201/- രൂപയിൽ ടിയാൻ വക മാറ്റി ചെലവഴിച്ച 2,05,000/- രൂപ സർവകലാശാല ഫണ്ടിലേക്ക് അടക്കുന്നതിനുള്ള അനുമതി നൽകുന്നതിനും, ബാക്കി തുകയായ 1,46,201/- രൂപ തിരികെ അനുവദിക്കുന്നതിനും തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.02/24.03/65040/ADA7/2020** **IIRBS ലെ NMR സ്പെക്ട്രോമീറ്ററിന്റെ പ്രവർത്തനത്തിനാവശ്യമായ ലിക്വിഡ് ഹീലിയം BRUKER INDIA SCIENTIFIC PVT LTD എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിനുള്ള മുൻകൂർ അനുമതി നൽകുന്നത് സംബന്ധിച്ച് :-**

IIRBS ലെ NMR സ്പെക്ട്രോമീറ്ററിന്റെ തടസരഹിതമായ പ്രവർത്തനത്തിനാവശ്യമായ ലിക്വിഡ് ഹീലിയം, നികുതിയുൾപ്പെടെ ₹5,75,250/- (അഞ്ചു ലക്ഷത്തി എഴുപത്തയ്യായിരത്തി ഇരുന്നൂറ്റി അൻപത് രൂപ മാത്രം) ചെലവാക്കി BRUKER INDIA SCIENTIFIC PVT LTD എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.03/24.03/839/2024/ACA6** **ഇടത്തല അൽ അമീൻ കോളേജിലെ ബിരുദാനന്തരബിരുദ, കോമേഴ്സും സാമൂഹികശാസ്ത്രത്തിലെ അനുബന്ധ മേഖലകളും (Research Centre in Commerce and Allied areas in Social Sciences) എന്ന വിഭാഗത്തെ ഗവേഷണ കേന്ദ്രമായി സർവ്വകലാശാല അംഗീകരിക്കുന്നതിനായി നൽകിയിരിക്കുന്ന അപേക്ഷ സംബന്ധിച്ച്.**

ഇടത്തല അൽ അമീൻ കോളേജിലെ ബിരുദാനന്തരബിരുദ കോമേഴ്സും സാമൂഹികശാസ്ത്രത്തിലെ അനുബന്ധ മേഖലകളും എന്ന വിഭാഗത്തെ മൾട്ടി ഡിസിപ്ലിനറി ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനും, അതേ കോളേജിലെ തന്നെ കോമേഴ്സ് വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. ലീന വർഗീസ്, എക്കണോമിക്സ് വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. കല എൻ എന്നിവരെ മേൽപ്പടി കേന്ദ്രത്തിൽ റിസർച്ച് സൂപ്പർവൈസർമാരായി അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.04/24.03/18000/AD A5-2/2020** **സർവ്വകലാശാലയിലെ വിവിധ സ്കൂളുകൾ/ഡിപ്പാർട്ട്മെന്റുകൾ/സെന്ററുകൾ എന്നിവയിൽ അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൺട്രാക്ട് തസ്തികയിൽ സേവന മനുഷ്ഠിക്കുന്നവർ നൽകിയ ശമ്പള വർദ്ധനവിനുള്ള നിവേദനം സംബന്ധിച്ച് -**

സർവ്വകലാശാലയിലെ വിവിധ സ്കൂളുകൾ/ഡിപ്പാർട്ട്മെന്റുകൾ/സെന്ററുകൾ എന്നിവിടങ്ങളിലേക്ക് 2024-25 അധ്യയന വർഷം മുതൽ താത്കാലിക കരാർ അടിസ്ഥാനത്തിൽ നിയോഗിക്കപ്പെടുന്ന ഗസ്റ്റ് അധ്യാപകർക്ക് പ്രതിമാസം Rs. 40,000/- (നാൽപ്പതിനായിരം രൂപ മാത്രം) രൂപ സഞ്ചിതനിരക്കിൽ വേതനം നൽകുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.05/24.03/164658/AD A7-1/2022** **സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷൻ (CDOE)-ലെ ഓൺലൈൻ എം.കോം പ്രോഗ്രാമിന്റെ ഒന്നാം സെമസ്റ്ററിലെ കോഴ്സിന്/പേപ്പറിന് ആവശ്യമായ സ്റ്റഡി മെറ്റീരിയൽ/ഇ-ലേർണിംഗ് മെറ്റീരിയൽ (E-LM) തയ്യാറാക്കുന്നതിന് M/S VIKAS PUBLISHING HOUSE PRIVATE LIMITED എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയ തീരുമാനം പുനഃപരിശോധിക്കുന്നത് സംബന്ധിച്ച്.**

സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷൻ (CDOE)-ലെ ഓൺലൈൻ എം.കോം പ്രോഗ്രാമിന്റെ ഒന്നാം സെമസ്റ്ററിന്റെ ഇ-ലേർണിംഗ് മെറ്റീരിയൽ സബ്ജക്ട് മാറ്റർ എക്സ്പെർട്ട് (SME)-കൾ തയ്യാറാക്കിയിട്ടുള്ളതിനാൽ, പ്രസ്തുത ജോലികൾ M/S VIKAS PUBLISHING HOUSE PRIVATE LIMITED എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയ തീരുമാനം പുനഃപരിശോധിക്കുന്നതിനായി രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.06/24.03/131750/CBCSS 17-3/2023** **എടത്വ സെൻറ് അലോഷ്യസ് കോളേജിലെ സി.ബി.സി.എസ് ബി. എസ് സി. മാത്തമാറ്റിക്സ് മോഡൽ 1 വിദ്യാർത്ഥി SREEJITH SUBASH (PRN:210021032565) 5, 6 സെമസ്റ്ററുകളിലെ ഇന്റേണൽ പരീക്ഷ എഴുതാൻ അനുമതി ലഭിക്കുന്നതിനായി വൈസ് ചാൻസർ മുൻപാകെ സമർപ്പിച്ച അപേക്ഷ - ബഹു.വൈസ് ചാൻസലറുടെ 10.05.2024 ലെ ഉത്തരവ് പ്രകാരം 14.05.2024ലെ സർവ്വകലാശാലാ സിൻഡിക്കേറ്റ് യോഗത്തിന്റെ പരിഗണനക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്.**

എടത്വ സെൻറ് അലോഷ്യസ് കോളേജിലെ സി.ബി.സി.എസ് ബി. എസ് സി. മാത്തമാറ്റിക്സ് മോഡൽ 1 വിദ്യാർത്ഥി SREEJITH SUBASH-ന് 5, 6 സെമസ്റ്ററുകളിലെ ഇന്റേണൽ പരീക്ഷകൾ എഴുതുന്നതിനും, ആറാം സെമസ്റ്ററിലെ പ്രോജക്ട് വൈവയിൽ പങ്കെടുക്കുന്നതിനുമുള്ള അനുമതി നൽകുന്നതിനും, തുടർനടപടികൾ കൈക്കൊള്ളുന്നതിനുള്ള നിർദ്ദേശം കോളേജ് പ്രിൻസിപ്പലിന് നൽകുന്നതിനും തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.07/24.03/151007/AC A1-3/2023** **2024-25 അദ്ധ്യയന വർഷം 'Sree Narayana Gurukulam College of Legal Studies, Kadayiruppu 'എന്ന പേരിൽ പുതിയ സ്വാശ്രയ ലോ കോളേജ് ആരംഭിക്കുന്നതിനായി Sree Narayana Gurukulam Trust, Perumbavoor സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

2024-25 അദ്ധ്യയന വർഷം 'Sree Narayana Gurukulam College of Legal Studies, Kadayiruppu 'എന്ന പേരിൽ പുതിയ സ്വാശ്രയ ലോ കോളേജ് ആരംഭിക്കുന്നതിനായി Sree Narayana Gurukulam Trust, Perumbavoor സമർപ്പിച്ച അപേക്ഷ പരിഗണിച്ച്, കോളേജ് ആരംഭിക്കുന്നതിന് ആവശ്യമായ പഠന ഭൗതിക സാഹചര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. ബി. കേരളവർമ്മ (സിൻഡിക്കേറ്റ് അംഗം), ഡോ. ബിസ്മി ഗോപാലകൃഷ്ണൻ, പ്രൊഫസർ, സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട്,

മഹാത്മാഗാന്ധി സർവ്വകലാശാല (വിഷയ വിദഗ്ധ) എന്നിവരെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.08/24.03/162207/AC A1-3/2023** **2024-25 അദ്ധ്യയന വർഷം 'Sree Narayana Paramahamsa College of Law, Poonjar, Kottayam' എന്ന പേരിൽ പുതിയ സ്വാശ്രയ ലോ കോളേജ് ആരംഭിക്കുന്നതിനായി Sreenarayana Paramahamsadeva Charitable Trust, Poonjar സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്:-**

2024-25 അദ്ധ്യയന വർഷം 'Sree Narayana Paramahamsa College of Law, Poonjar, Kottayam' എന്ന പേരിൽ പുതിയ സ്വാശ്രയ ലോ കോളേജ് ആരംഭിക്കുന്നതിനായി Sreenarayana Paramahamsadeva Charitable Trust, Poonjar സമർപ്പിച്ച അപേക്ഷ പരിഗണിച്ച്, കോളേജ് ആരംഭിക്കുന്നതിന് ആവശ്യമായ പഠന ഭൗതിക സാഹചര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ശ്രീ. ഹരികൃഷ്ണൻ പി (സിൻഡിക്കേറ്റ് അംഗം), ഡോ. പ്രേംസി പ്രസാദ്, അസോസിയേറ്റ് പ്രൊഫസർ, ഗവ. ലോ കോളേജ്, എറണാകുളം (വിഷയ വിദഗ്ധ) എന്നിവരെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.09/24.03/20718/AD A1-3/2024** **അന്തർ സർവ്വകലാശാലാ സ്ഥലം മാറ്റം വഴി ഈ സർവ്വകലാശാലയിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാരിൽ ഇരട്ട ശമ്പള നിർണ്ണയം അനുവദിച്ചിട്ടുള്ളവരുടെ ശമ്പളം/പെൻഷൻ, 28.04.2023-ലെ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പുനഃക്രമീകരിക്കുന്നത്- സംബന്ധിച്ച്.**

സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ഫിനാൻസിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.10/24.03/153573/AD B4-2/2023** **സർവ്വകലാശാല പഠന വകുപ്പായ സ്കൂൾ ഓഫ് എൻവയേൺമെന്റൽ സയന്സസിലേക്ക് Light Detection and Ranging (LiDAR) ഉപകരണം വിതരണം ചെയ്ത വകയിൽ M/s. Pan India Consultants Pvt Ltd, Gurgaon, Haryana എന്ന സ്ഥാപനത്തിന് 39,95,000/- രൂപ അനുവദിക്കുന്നത് - സംബന്ധിച്ച്.**

സ്കൂൾ ഓഫ് എൻവയേൺമെന്റൽ സയന്സസിലേക്ക് Light Detection and Ranging (LiDAR) ഉപകരണമായ Trimble X7 3D Lidar Scanning System -1- എണ്ണം വിതരണം ചെയ്ത വകയിൽ M/s.Pan India Consultants Pvt Ltd, Gurgaon, Haryana എന്ന സ്ഥാപനത്തിന് 39,95,000/- രൂപ (മുപ്പത്തി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ മാത്രം) അനുവദിക്കുന്നതിനും, പ്രസ്തുത ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ " 25 316 01 - SES- Advanced Geo informatics Facility" എന്ന ബജറ്റ് ശീർഷകത്തിൽ വകയിരുത്തുന്നതിനും തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.11/24.03/36587/AD A7-3/2024** **IUCBR & SSH - സെന്ററിന്റെ നിലനിൽപ്പ്, പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നത് സംബന്ധിച്ച്.**

IUCBR & SSH സെന്ററിന്റെ നിലനിൽപ്പും സാമ്പത്തിക പ്രതിസന്ധിയും സർക്കാരിനെ അറിയിക്കുന്നതിന്നതിലേക്കായി താഴെപ്പറയുന്ന സിൻഡിക്കേറ്റ് അംഗങ്ങളെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

1. അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ.
2. അഡ്വ. റജി സക്കറിയ
3. ഡോ. ബിജു തോമസ്
4. ഡോ. ഷജില ബീവി എസ്.

**ഇനം.നമ്പർ: ഒ.എ.12/24.03/65419/AC B1 2/2023** **സ്വകാര്യ എയ്ഡഡ് കോളേജുകൾ – ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ നിയമനം – 12.12.2023 തീയതിയിലെ 12397/AC B1/2023/MGU നമ്പർ സർവ്വകലാശാല ഉത്തരവിലെ വ്യവസ്ഥകൾ – നിയമനാംഗീകാരം ദീർഘിപ്പിച്ചു നൽകുന്നത് സംബന്ധിച്ച്**

സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വകാര്യ എയ്ഡഡ് കോളേജുകളിലെ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ ചുമതല വഹിക്കുന്ന അധ്യാപകരുടെ നിയമന കാലയളവ് 01.04.2024 മുതൽ 3 മാസത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.13/24.03/195163/AD B 3-1/2022** **വൈക്കം നഗരസഭയുടെ ഉടമസ്ഥതയിലുള്ള വൈക്കം സത്യാഗ്രഹ സ്മാരക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രം വൈക്കം സത്യാഗ്രഹ ഹാളിൽ നിന്നും നീക്കി പ്രസ്തുത സ്ഥലം നഗരസഭയ്ക്ക് ഒഴിഞ്ഞ് നൽകണമെന്ന നഗരസഭ സെക്രട്ടറിയുടെ കത്ത് സംബന്ധിച്ച്.**

വൈക്കം നഗരസഭയുടെ ഉടമസ്ഥതയിലുള്ള സത്യാഗ്രഹ സ്മാരക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ ഗവേഷണകേന്ദ്രം സത്യാഗ്രഹ ഹാളിൽ നിന്നും നീക്കി, ടി മുറി നഗരസഭയ്ക്കായി ഒഴിഞ്ഞ് നൽകുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ. 14/24.03** Degrees to be awarded to successful candidates who have passed various examinations conducted by the University under different faculties - reg.

Resolved to award Certificate/Degree/Diploma to successful candidates who have passed various examinations conducted by the University, including the candidates of Autonomous Colleges under the University, who have followed University regulations under different faculties till 14.05.2024.

**ഇനം.നമ്പർ: ഒ.എ.15/24.03** Awarding of Ph. D. Degree - reg:-

The action taken by the Vice-Chancellor in having constituted the Boards of Examiners for the adjudication of the theses was reported to the Syndicate.
Further resolved to award the Degree of Doctor of Philosophy to all the candidates whose files are submitted to the Syndicate till 14.05.2024 in the faculty concerned.

| Sl. No | File No. | Name & Address of Candidate | Name & Address of Supervising Teacher | Name & Address of the Co-Guide | Subject Area and Faculty | Title of the proposed Thesis |
|---|---|---|---|---|---|---|
| 1 | 46876/AC A15-2/2023 | Smt. Vinitha Vijayan Chanithara Nikarth Ezhupunna P O Cherthala Alappuzha - 688 548 | Dr. B.Padmanabha Pillai Rtd. Principal D.B. College Thalayolaparambu-686 605 | Nil | Malayalam/ Language & Literature | പാരമ്പര്യവും പരിസ്ഥിതിയും - സമകാല പെൺകവിതയിൽ |

| | | | | | | |
|---|---|---|---|---|---|---|
| 2 | 126367/ AC A14-1/2023 | Smt. Soumya M S Ushus, Nagaroor P.O, Kilimanoor, Thiruvananthapuram - 695 618. | Dr. K. Unnikrishnan Professor and Research Guide, PG and Research Department of Physics, NSS Hindu College, Changanacherry - 686 102. | Nil | Physics / Science | A STUDY ON IONOSPHERIC CHARACTERISTICS AND COMPLEXITIES UNDER VARIOUS MAGNETIC CONDITIONS |
| 3 | 77970/AC A14-1/2023 | Sri. Kiran John U Ulladaparambu, Kizhakkedath Veli Road, Perumpadappu, Palluruthy P. O, Cochin - 682 006. | Prof. (Dr.) Siby Mathew (Rtd) Research Guide, PG and Research Department of Physics, Sacred Heart College (Autonomous), Thevara, Kochi - 682 013. | Nil | Physics / Science | Synthesis and Characterization of CdZnTe Quantum dot-based Nanocomposites |
| 4 | 93580/AC A14-3/2023 | Sri. Sreejith S Sivalayam, Pirappo Aletty, Peyad P.O, Thiruvananthapuram - 695 573. | Dr. Jyothis Mathew Professor, School of Biosciences, Mahatma Gandhi University, Kottayam- 686 560. | Dr. Radhakrishnan E. K Associate Professor, School of Biosciences, Mahatma Gandhi University, Kottayam. | Microbiology / Science | Genomic insights into the health risk potential of multidrug resistant bacterial pathogens isolated from healthy broilers |
| 5 | . 99729/AC A15-3/2023 | Smt. KARTHIKA K Karukayil House, Ezhikkara P O, North Paravur, Ernakulam PIN : 683 513 | Dr. Antony Joseph K, Research Supervisor St. Berchman's College Changanassery | Nil | Commerce / Commerce | INTER LINKAGES BETWEEN FINANCIAL LITERACY, FINANCIAL DISPOSITION AND FINANCIAL WELL-BEING OF WOMEN IN KERALA |
| 6 | 145205/ AC A15-3/2023 | Sri. JOHN MATHEW L- 52 Changampuzha Nagar P O South Kalamassery Ernakulam - 682 033 | Dr. Rajagopala Nair Research Guide PG and Research Department of Commerce St. Albert's College, Ernakulam | Nil | Commerce / Commerce | EFFECT OF BEHAVIOURAL FINANCE BIASES ON PERCEPTION OF MUTUAL FUND INVESTORS IN KERALA |
| 7 | 78113/AC A15-2/2023 | Smt. Princy Jacob Puthenpurayil Karimannoor P.O. PIN - 685 581 | Dr. Siby James Associate Professor in English St. Thomas College Pala. | Nil | English/ Language & Literature | ENCOUNTERING ECOPHALLOGOCENTRISM: KATE SOPER AND THE RECONSTRUCTION OF ONTOLOGY |

| | | | | | | |
|---|---|---|---|---|---|---|
| 8 | 135100/ AC A14-3/2023 | Sri. Subin Joseph Chalil House, Amanakara P.O, Ramapuram, Kottayam- 686 576. | Dr. Bejoy Francis Assistant Professor, Research & Post Graduate Dept. of Chemistry, St. Berchmans College, Changanacherry. | Nil | Chemistry / Science | IMPACT OF IONIC LIQUID MODIFIED GRAPHENE NANOPLATELETS ON THE PROPERTIES OF STYRENE BUTADIENE RUBBER |
| 9 | 91950/AC A14-2/2023 | Smt. Sagna A Adiery (H), Koratty P.O, Thrissur - 680 308. | Dr. Justin R. Nayagam Assistant Professor & Research Guide, Department of Botany, Union Christian College, Aluva - 683 102. | Nil | Botany / Science | SEED BIOLOGY AND PROPAGATION CHARACTERISTICS OF SELECTED FOREST TREE SPECIES OF KERALA |
| 10 | . 110214/ AC A14-2/2023 | Smt. Remya V. R Sreepadam, Thottinu Vadakku, Chavara P.O, Kollam - 691 583. | Dr. Thomaskutty Mathew Associate Professor and Research Guide in Electronics, School of Technology & Applied Sciences, Edappally, Kochi - 682 024 | Nil | Electronics / Technology and Applied Sciences | DESIGN AND DEVELOPMENT OF PLANAR MULTIBAND ANTENNAS BASED ON FRACTALS AND MEANDER LINES FOR WIRELESS APPLICATIONS |
| 11 | 100493/ AC A14-3/2023 | Smt. Divya Mol K T Kallarackal (H), Chakkupallam P. O, 6th Mile, Kumily, Pin- 685 509. | Dr. Lovelymol Sebastian Research Guide, Department of Mathematics, St. Thomas College, Palai | Nil | Mathematics / Science | Complex Fuzzy Sets and Complex Fuzzy Matrices |
| 12 | . 93639/AC A14-2/2023 | Smt. Saira George Kolanjiyil (H), Panichayam, Nedungapra P.O, Perumbavoor, Ernakulam. | Dr. Justin R. Nayagam Assistant Professor & Research Guide, Department of Botany, Union Christian College, Aluva - 2, Kerala - 683 102. | Nil | Botany/ Science | PLANTATION TECHNOLOGY : SEED AND PROPAGATION CHARACTERISTICS OF SELECTED INDIGENOUS TREE SPECIES OF TROPICAL INDIA |
| 13 | 26699/AC A14-3/2023 | Smt. Chinnu R Thara Eettickal House, Vadavathoor P.O, Kottayam- 686 010. | Dr. Beena Mathew Senior Professor, School of Chemical Sciences, Mahatma Gandhi University, Kottayam | Nil | Chemistry / Science | Carbon Based Nanomaterials for Analytical, Biological, and Energy Applications |

| | | | | | | |
|---|---|---|---|---|---|---|
| 14 | 122271/ AC A15-3/2023 | Smt. SIJI M U<br>Kottakkattaparambil House, Anchery, Thrissur PIN 680006 | Dr. Venugopalan K V<br>Associate Professor (HOD & Research Guide)<br>PG & Research Department of Commerce<br>St. Peter's College, Kolencherry - 682 311 | Nil | Commerce / Commerce | ANTECEDENTS AND OUTCOMES OF CUSTOMERS' POST SERVICE EXPERIENCES OF URBAN CO-OPERATIVE BANKS IN KERALA |
| 15 | 51024/AC A15-2/2023 | Sri. Vishnu Prasad Varickayil<br>373, Edayattukara Pala<br>Kottayam-686574. | Dr. Ciby Kurian<br>Research Guide & Head<br>Research Department of Malayalam<br>Deva Matha College Kuravilangad, Kerala<br>-686 633. | Nil | Malayalam/ Language & Literature | ബാല്യം, വാർദ്ധക്യം എന്നിവയുടെ ആവിഷ്കാരം ടി. പത്മനാഭന്റെ ചെറുകഥകളിൽ |
| 16 | 73489/AC A15-2/2023 | Smt. Aarathy R S<br>Panackal House Parayakad<br>Alappuzha Pin-688 540. | Dr. Solji K Thomas<br>Associate Professor<br>Department of Hindi<br>Govt. Victoria College<br>Palakkad | Nil | Hindi / Language & Literature | VIDYANIVAS MISHRA KA NIBANDH SAHITYA |
| 17 | 73665/AC A14-3/2023 | **Sri. Rajesh R**<br>Kuttikat House, Narakkal P.O, Ernakulam - 682505. | **Dr. Rajesh K**<br>Assistant Professor & Research Supervisor,<br>Department of Chemistry,<br>St. Albert's College (Autonomous),<br>Ernakulam. | Nil | Chemistry / Science | **Cobalt(II), Nickel(II), Ytterbium(III) and Terbium(III) Catalyzed Michael-Type Hydroarylamination of Activated Olefins** |
| 18 | 1032/AC A15-1/2023 | **Smt. Santhi Priya S**<br>Santhinilayam<br>Cherukunnam<br>Pathanamthitta - 690561 | Prof. (Dr.) K Sabukuttan<br>School of Gandhian Thought and Development Studies<br>Mahatma Gandhi University<br>P D Hills P O, Kottayam - 686 560 | **Dr. M S John**<br>Co-supervisor for research<br>Retired Professor<br>School of Gandhian Thought and Development Studies<br>Mahatma Gandhi University<br>Priyadarshini Hills P O<br>Kottayam | Development Studies (Political Science) / Social Sciences | Aboriginality and Modernization - Tribal Life and their Problems: A case study of the Muthuvan Community in Kuttampuzha Panchayat |

| | | | | | | |
|---|---|---|---|---|---|---|
| 19 | 115183/ AC A14-1/2023 | **Smt. Anjana S Nair** Vilayil Puthen Veedu, Poozhikadu, Kudassunadu P.O, Pandalam, Pathanamthitta - 689 515. | **Dr. Saritha A. C.** Professor, School of Pure and Applied Physics, Mahatma Gandhi University, Kottayam. | Nil | Physics / Science | **Growth and characterization of tungsten oxide thin films and nanostructures for NIR shielding applications** |
| 20 | 100853/ AC A14-1/2023 | **Sri. Saju P Thomas** Parumala (H), Kangazha P O, Kottayam - 686 541. | Dr. Minikutty A Professor and Dean, School of Pedagogical Sciences, Mahatma Gandhi University, Kottayam. | Nil | Education / Education | **ECONOMIC LITERACY OF HIGHER SECONDARY SCHOOL STUDENTS IN RELATION TO CERTAIN COGNITIVE AND AFFECTIVE VARIABLES** |
| 21 | 125229/ AC A14-3/2023 | **Smt. Neenu George** Athicakl (H), Near Seed Farm, Karimannoor P.O, Thodupuzha, Idukki - 685 581 | **Dr. Ebey P. Koshy** Professor (Rtd), Department of Chemistry, St. Joseph' s College, Moolamattom, Idukki. | **Dr. Beena Mathew** Senior Professor, School of Chemical Sciences, Mahatma Gandhi University, Kottayam. | Chemistry / Science | **Nanomaterials Synthesized through Green Routes for Diverse Applications** |
| 22 | 76196/AC A15-3/2023 | Sri. VISHNU P M Ayyanattu (H) Koppanalil Road Kumbalam P O Ernakulam682 506 | Dr. M. Geetha Research Supervisor P.G. & Research Department of Commerce The Cochin College Kochi - 682 002 | Nil | Commerce / Commerce | INFLUENCE OF ORGANIZATIONAL JUSTICE ON THE PERFORMANCE OF EMPLOYEES IN THE IT SECTOR IN KERALA |
| 23 | 141362/ AC A15-3/2023 | Smt. KANMONY VARGHESE Kattakayam (H) Pattimattom P O Ernakulam - 683 562 | Dr. Venugopalan K V Associate Professor (HOD & Research Supervisor) PG & Research Department of Commerce St. Peter's College Kolenchery - 682 311 | Nil | Commerce / Commerce | **THE EFFECTS OF TOTAL QUALITY MANAGEMENT PRACTICES ON BUSINESS PERFORMANCE - WITH SPECIAL REFERENCE TO MEDIUM SCALE MANUFACTURING ENTERPRISES IN KERALA** |
| 24 | 98927/AC A15-1/2023 | Sri. Adoney T John Thayil (H) R P C P.O. Vandanpathal Mundakayam Kottayam - 686513 | Dr. Joby Verghese Associate Professor & Research Supervisor Research Department of Political Science Maharaja's College Ernakulam - 682011 | Nil | Political Science / Social Sciences | ORDER OF TRANSPOSITION FROM WELCOME CULTURE TO WELCOME LIMITS: A GERMAN CYNOSURE |

| | | | | | | |
|---|---|---|---|---|---|---|
| 25 | 26328/AC A14-2/2023 | **Sri. Subayir M U** Madappally House, Athirampuzha P. O, Kottayam. | **Dr. Rajeev Kumar N.** Professor, School of Behavioural Sciences, Mahatma Gandhi University, Kottayam, Kerala-686 560. | Nil | Psychology / Behavioural Sciences | PERSONALITY, ACHIEVEMENT MOTIVATION AND ACADEMIC PERFORMANCE OF CHILDREN WITH VISUAL IMPAIRMENT STUDYING IN SPECIAL SCHOOLS AND IN GENERAL SCHOOLS UNDER INCLUSIVE EDUCATION SCHEME |
| 26 | 91957/AC A14-2/2023 | Smt. Teema Joseph D/o A D Joseph, Akkunnath (H), Edampadam, Varapuzha Landing P.O, Enakulam, Kerala - 683 517. | Dr. Thara K. Simon Research Supervisor, Department of Botany, Union Christian College, Aluva, Kerala - 683 102 | Nil | Botany / Science | Biosystematics and conservation of selected taxa of Acanthaceae based on texts of Ayurveda |
| 27 | 91400/AC A14-2/2023 | Smt. Renu Rajan Therthanathu (H), Seminary Junction, U.C. College P. O, Aluva, Kerala - 683 102. | Dr. Justin R. Nayagam Assistant Professor & Research Guide, Department of Botany, Union Christian College, Aluva, Kerala - 683 102. | Nil | Botany / Science | ERGASTIC CRYSTAL CHARACTERISTICS AND DYNAMICS IN SELECTED CULTIVATED PLANTS OF PENINSULAR INDIA |
| 28 | 178887/EB 14-2/2021 | Sri. Madhu V V/48A, Amritalayam Amrita Gardens St.James Road Cheranellore Kochi-682034 | Dr. Varughese C Abraham Research Supervisor P.G. Department of English & Research centre ) Maharaja's College Ernakulam. | Nil | English/ Language & Literature | HIDDEN DISCOURSES, LATENT IDEALS: A STUDY OF THE NOVELS OF HERMANN HESSE |

**ഇനം.നമ്പർ: ഒ.എ).16/24.03**

**സ്കൂൾ ഓഫ് നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജി, സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ്, സ്കൂൾ ഓഫ് പോളിമർ സയൻസ് ആൻഡ് ടെക്നോളജി – കോഴ്സുകളുടെ ഫീസ് ഘടനയിലുള്ള വ്യത്യാസം –ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ സെക്രട്ടറി സമർപ്പിച്ച അപേക്ഷ – സംബന്ധിച്ച്**

പ്രസ്തുത വിഷയം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ബിജു തോമസ്, ഡോ. ബൈജു കെ. ആർ എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.17/24.03/14533/AC B6-4/2024**

**സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ BBA. L.L.B (Hons) കോഴ്സ് CAT 2024 പ്രവേശന വിജ്ഞാപനത്തിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച്**

പ്രസ്തുത വിഷയം പരിശോധിച്ച് 10 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. ജോബ് മൈക്കിൾ എം എൽ എ, അഡ്വ. റജി സഖറിയ, ഡോ. ഷജില ബീവി എസ്., ഡോ. സുധാകരൻ കെ. എം. എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.18/24.03/13935/ACA1 SO/2019**

**കാഞ്ഞിരമറ്റം, കോച്ചേരീസ് ഫൗണ്ടേഷൻ - 'കോച്ചരീസ് സ്കൂൾ ഓഫ് ലോ' എന്ന പേരിൽ പുതിയ സ്വാശ്രയ ലോ കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നിയമിച്ച പരിശോധന സമിതി - പരിശോധന സമിതിയിൽ നിന്നും ഒഴിവാക്കണമെന്ന അപേക്ഷ സംബന്ധിച്ച്:-**

സർവകലാശാല ഉത്തരവ് നം.3265/AC A1/2024/MGU തീയതി :11.04.2024 പ്രകാരം വിഷയ വിദഗ്ധനായി നിയമിതനായ ഡോ. ഗിരിശങ്കർ എസ്. എസ്., കാഞ്ഞിരപ്പള്ളി, സെന്റ് ഡൊമിനിക്സ് കോളേജ് ഓഫ് ലോ (നിയുക്ത സ്വാശ്രയ ലോ കോളേജ് - 2024-'25) പ്രിൻസിപ്പലായി ചാർജ് എടുത്തത് പരിഗണിച്ച് ടിയാനെ പരിശോധനസമിതിയിൽ നിന്നും ഒഴിവാക്കി പകരം ഡോ. ആരതി പി. എം., അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട്, മഹാത്മാഗാന്ധി സർവ്വകലാശാല-യെ ഉൾപ്പെടുത്തിക്കൊണ്ട് പരിശോധന സമിതി പുനഃസംഘടിപ്പിക്കുന്നതിനും തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.19/24.03/77511/ADA2/2021**

**സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട്-ൽ 25/06/2024 മുതൽ അടുത്ത 3 വർഷത്തേക്ക് പുതിയ വകുപ്പ് മേധാവിയെ നിർദ്ദേശിക്കുന്നത് - സംബന്ധിച്ച്.**

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ 25.06.2021-ൽ റൊട്ടേഷൻ അടിസ്ഥാനത്തിൽ വകുപ്പ് മേധാവിയായി 3 വർഷത്തേക്ക് നിയമിതയായ പ്രൊഫസ്സർ (ഡോ.) ജിജി പി.വി.-യുടെ കാലാവധി 24.06.2024-ന് അവസാനിക്കുന്ന സാഹചര്യത്തിൽ, പുതിയ വകുപ്പ് മേധാവിയായി ഡോ. ബിസ്മി ഗോപാലകൃഷ്ണനെ 25.06.2024 തീയതി മുതൽ 3 വർഷത്തേക്ക് വകുപ്പ് മേധാവിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.20/24.03/4759/ACA15/2023**

**ശ്രീ. ഡെന്നിസ് ചെറിയാൻ - പരിഷ്കരിച്ച പി.എച്ച്.ഡി. പ്രബന്ധം സമർപ്പിക്കുന്ന വിഷയത്തിൽ രൂപീകരിച്ച അന്വേഷണ കമ്മീഷൻ - റിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.21/24.03**

**മേഴ്സി ചാൻസ് പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 13.03.2024-ലെ സ.ഉ.നം.2278/ഇ.ഐ.33/2024/എം.ജി.യു. ഭാഗികമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച്.**

മേഴ്സി ചാൻസ് പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 16.10.2023-ലെ സ.ഉ.നം.10679/ഇ.ഐ.33/2023/എം.ജി.യു ഉത്തരവ് നടപ്പിലാക്കുന്നത് 01.06.2025 മുതലുള്ള പരീക്ഷാ വിജ്ഞാപനങ്ങൾക്ക് മാത്രം ബാധകമാക്കി 13.03.2024-ലെ സ.ഉ.നം.2278/ഇ.ഐ.33/2024/എം.ജി.യു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 16.10.2023-ലെ സ.ഉ.നം.10679/ഇ.ഐ.33/2023/എം.ജി.യു ഉത്തരവിൽ ആറാം നമ്പർ ശുപാർശ അനുസരിച്ച് നിലവിൽ UG/PG/Paramedical/LLB കോഴ്സുകൾക്ക് മൂന്ന് മേഴ്സി ചാൻസ് അവസരവും കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ഒരു last and final mercy chance അവസരം നല്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിരുന്നു. 13.03.2024-ലെ സ.ഉ.നം.2278/ഇ.ഐ.33/2024/എം.ജി.യു ഉത്തരവ് പ്രകാരമുള്ള പരിഷ്കരണം മേൽ പ്രസ്താവിച്ച ആറാം നമ്പർ ശുപാർശയ്ക്ക് ബാധകമാക്കേണ്ടെന്ന് തീരുമാനിച്ചു. നിലവിൽ UG/PG/Paramedical/LLB കോഴ്സുകൾക്ക് മൂന്ന് മേഴ്സി ചാൻസ് അവസരവും കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ഒരു last and final mercy chance അവസരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.22/24.03/ADAII(2)/5300/2011** **സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ പ്രൊഫസറായ ഡോ. രാജു ഫ്രാൻസിസ്-ന് മുൻകാലസേവനം കണക്കിലെടുത്തു പ്രൊമോഷൻ തീയതി പുനഃക്രമീകരിക്കുന്നത് സംബന്ധിച്ച്:**

പ്രസ്തുത വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ. ഹരികൃഷ്ണൻ പി, ഡോ. സിനി കുര്യൻ, രജിസ്ട്രാർ എന്നിവരടങ്ങുന്ന ഒരു സമിതിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.23/24.03** **സർവ്വകലാശാല ക്യാമ്പസിലെ വിദ്യാർത്ഥികൾക്ക് ഫെലോഷിപ്പ് അനുവദിക്കുന്നത് – വിദ്യാർത്ഥകളുടെ ആവശ്യങ്ങൾ പരിഗണിക്കുന്നത് – സംബന്ധിച്ച്.**

പ്രസ്തുത വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ബി. കേരളവർമ്മ, ഡോ. ബീന മാത്യു, ശ്രീ. അമൽ എബ്രഹാം എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.24/24.03** **പി.എച്ച്.ഡി – നാനോ സയൻസ് ആൻഡ് നാനോടെക്നോളജി – 2013 പ്രവേശനം – ശ്രീമതി. ദീപ പി മോഹനൻ – ഫെലോഷിപ്പ് അനുവദിക്കുന്നത് – സംബന്ധിച്ച്**

ശ്രീമതി. ദീപ പി മോഹനന്റെ അപേക്ഷ പരിഗണിച്ച്, 22.11.2023 മുതൽ 23.03.2024 വരെയുള്ള ഗവേഷണ കാലയളവിൽ കൂടി ഫെലോഷിപ്പ് അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.25/24.03** **യൂണിവേഴ്സിറ്റി കലോത്സവത്തിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികളേയും സൗത്ത് സോൺ കലോത്സവത്തിൽ നിർബന്ധമായും പങ്കെടുപ്പിക്കുന്നത് – സംബന്ധിച്ച്**

പ്രസ്തുത വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ആർ അനിത, ഡോ. സുധാകരൻ കെ. എം., ശ്രീ. അമൽ എബ്രഹാം എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.26/24.03** **നാലു വർഷ ബിരുദ പ്രോഗ്രാമുകൾ സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പാഠപുസ്തക പ്രസിദ്ധീകരണ നടപടികളുമായി ബന്ധപ്പെട്ട് രൂപീകരിക്കപ്പെട്ട സമിതികളുടെ 13.05.2024 തീയതിയിൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പുകൾ – അംഗീകരിക്കുന്നത് സംബന്ധിച്ച്.**

നാലു വർഷ ബിരുദ പ്രോഗ്രാമുകൾ സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പാഠപുസ്തക പ്രസിദ്ധീകരണ നടപടികളുമായി ബന്ധപ്പെട്ട് രൂപീകരിക്കപ്പെട്ട സമിതികളുടെ 13.05.2024 തീയതിയിൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പുകൾ അംഗീകരിക്കുന്നതിനും യോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.27/24.03/141036/CBCSS 25/2023** **പരീക്ഷാ ക്രമക്കേട് – Akash Aji, Ashik Regi – സർവ്വകലാശാല ഉത്തരവ് നം.3213/CBCSS 25/2024/എം.ജി.യു. തീയതി 09.04.2024 പ്രകാരം നിയമിതമായ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് – അംഗീകരിക്കുന്നത് – സംബന്ധിച്ച്.**

അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചു. കൂടാതെ, സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ കോളേജുകളിലും നടത്തുന്ന പരീക്ഷകളുടെ CCTV ദൃശ്യങ്ങൾ ഒരു വർഷത്തേക്ക് ഡി.വി.ഡി. ഡ്രൈവുകളിലാക്കി സൂക്ഷിക്കുന്നതിന് കോളേജുകൾക്ക് കർശന നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.28/24.03/27257/ACA 6-3/2023** **കോന്നി, എസ്.എ.എസ്.എസ്.എൻ.ഡി.പി. യോഗം കോളേജിലെ ബിരുദാനന്തര ബിരുദ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തെ ഗവേഷണ കേന്ദ്രമായി മഹാത്മാഗാന്ധി സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്**

കോന്നി, എസ്.എ.എസ്.എസ്.എൻ.ഡി.പി. യോഗം കോളേജിലെ ബിരുദാനന്തര ബിരുദ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കാൻ നല്കിയിരിക്കുന്ന അപേക്ഷയിന്മേൽ, റിപ്പോർട്ട് സമർപ്പിക്കുന്നതിന് 25.03.2024 തീയതിയിലെ സ.ഉ.നം.2674/ACA6/2024/MGU ഉത്തരവ് പ്രകാരം രൂപീകരിച്ചിരുന്ന പരിശോധനാ സമിതിക്ക് പകരം താഴെപ്പറയുന്ന പരിശോധനാ സമിതിയെ നിയമിക്കുന്നതിന് തീരുമാനിച്ചു.

1. ഡോ. ഷജില ബീവി എസ്, സിൻഡിക്കേറ്റ് അംഗം (കൺവീനർ)
2. ഡോ. ബിനു തോമസ്, അസോസിയേറ്റ് പ്രൊഫസർ, മരിയൻ കോളേജ്, കുട്ടിക്കാനം (വിഷയ വിദഗ്ധൻ)

**ഇനം.നമ്പർ: ഒ.എ.29/24.03/26206/AC A6-3/2024** **കട്ടപ്പന ഗവൺമെൻറ് കോളേജിലെ ബിരുദാനന്തരബിരുദ കോമേഴ്സ് വിഭാഗത്തെ ഗവേഷണ കേന്ദ്രമായി മഹാത്മാഗാന്ധി സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്**

Resolved to constitute an inspection commission comprising Dr. Shajila Beevi S., Member, Syndicate as convenor and Dr. Resmi R, Assistant Professor, Sree Sankara Vidyapeetom College, Valayanchirangara as subject expert to inspect the proposed centre and submit the report.

**ഇനം.നമ്പർ: ഒ.എ.30/24.03/Ac A10/2/05/SSS/2016** **പി.എച്ച്ഡി. പ്രോഗ്രാം – ഹിസ്റ്ററി – സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് – 2015 അഡ്മിഷൻ – ശ്രീമതി. B. SHYAMA – അന്വേഷണ കമ്മീഷൻ റിപ്പോർട്ട് – സിൻഡിക്കറ്റ് മുൻപാകെ സമർപ്പിക്കുന്നത് സംബന്ധിച്ച്.**

അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.31/24.03** **സിൻഡിക്കേറ്റിലേക്കുള്ള കുറിപ്പുകൾ, സർവ്വകലാശാല ഉത്തരവുകൾ എന്നിവ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച്.**

സർവ്വകലാശാല ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ചും ഡൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി തയ്യാറാക്കി നൽകുന്ന കുറിപ്പുകൾ സംബന്ധിച്ചും നിരവധി പരിപത്രങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും, വിവിധ സെക്ഷനുകളിൽ നിന്നും പുറപ്പെടുവിക്കുന്ന/നൽകുന്ന പല ഉത്തരവുകളും സിൻഡിക്കേറ്റിലേക്കുള്ള കുറിപ്പുകളും തികച്ചും അവ്യക്തവും അപൂർണ്ണവുമായി കാണപ്പെടുന്നതിനാൽ, ഇത് സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ കർശ്ശനമായി പാലിക്കുന്നതിലേക്കായി എല്ലാ സെക്ഷൻ ഓഫീസർമാർക്കും, അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും അടിയന്തിരമായി നിർദ്ദേശം നൽകുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നു.

<u>**സിൻഡിക്കേറ്റിലേക്കുള്ള കുറിപ്പുകൾ തയ്യാറാക്കുന്നത് സംബന്ധിച്ച്.**</u>

- 1985 ലെ മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്ട് അദ്ധ്യായം III സെക്ഷൻ 10(17)-ലെ വ്യവസ്ഥ പ്രകാരം വൈസ് ചാൻസലർ കൈക്കൊള്ളുന്ന നടപടികൾ സിൻഡിക്കേറ്റിന്റെ/അക്കാദമിക് കൗൺസിലിന്റെ അടുത്ത യോഗത്തിൽ റിപ്പോർട്ട് ചെയ്യപ്പെടേണ്ടതാണ് എന്നാൽ വൈസ് ചാൻസിലർ കൈക്കൊണ്ട നടപടികൾ സിൻഡിക്കേറ്റിന്റെ അടുത്ത യോഗത്തിൽ റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുന്നതായും മാസങ്ങൾക്കു ശേഷം അവ സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നതായും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇത് സർവ്വകലാശാല ആക്റ്റിന് വിരുദ്ധമായ ഒന്നാണ്. സർവ്വകലാശാല അക്ട് 1985 അധ്യായം III സെക്ഷൻ 10(17) ലെ വ്യവസ്ഥ പ്രകാരം

വൈസ് ചാൻസിലർ കൈക്കൊള്ളുന്ന നടപടികൾ സിൻഡിക്കേറ്റിന്റെ അടുത്ത യോഗത്തിൽ തന്നെ റിപ്പോർട്ട് ചെയ്യപ്പെടുന്നു എന്ന് സെക്ഷൻ ഓഫീസർമാർ/അസിസ്റ്റന്റ് രജിസ്ട്രാർ മാർ ഉറപ്പുവരുത്തേണ്ടതാണ്.

- സിൻഡിക്കേറ്റിലേക്കുള്ള കുറിപ്പും റിപ്പോർട്ടും ഒരേ സമയം ഒരേ ഫയലിൽ തയ്യാറാക്കേണ്ട സാഹചര്യമുണ്ടായാൽ സിൻഡിക്കേറ്റിലേക്കുള്ള കുറിപ്പ്, സിൻഡിക്കേറ്റിലേക്കുള്ള റിപ്പോർട്ട് എന്നിങ്ങനെ വെവ്വേറെ തയ്യാറാക്കി നൽകേണ്ടതാണ്.
- അക്കാദമിക് കൌൺസിൽ നിക്ഷിപ്തമായിരിക്കുന്നതും സർവ്വകലാശാല ആക്ട് 1985, അധ്യായം III സെക്ഷൻ 10(17) ലെ വ്യവസ്ഥ പ്രകാരം വൈസ് ചാൻസിലർ കൈക്കൊണ്ടിട്ടുള്ള നടപടികൾ, അവ റെഗുലേഷനുകളുമായി ബന്ധപ്പെട്ടുള്ളവയാണെങ്കിൽ സിൻഡിക്കേറ്റിന്റെ അടുത്ത യോഗത്തിൽ തന്നെ റിപ്പോർട്ട് ചെയ്യപ്പെടുന്നു എന്ന് സെക്ഷൻ ഓഫീസർമാർ/അസിസ്റ്റന്റ് രജിസ്ട്രാർമാർ ഉറപ്പുവരുത്തേണ്ടതാണ്.
- സിൻഡിക്കേറ്റിലേക്കുള്ള കുറിപ്പ് തയ്യാറാക്കുന്നതിൽ തികഞ്ഞ അലംഭാവം പല സെക്ഷനുകളുടെ ഭാഗത്ത് നിന്നും ഉണ്ടാകുന്നു എന്ന് ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. സിൻഡിക്കേറ്റ് പരിഗണിക്കേണ്ട വിഷയം സംബന്ധിച്ച് വ്യക്തത ഇല്ലാതേയും വസ്തുതകൾ പൂർണ്ണമായും ഉൾക്കൊള്ളിക്കാതെയും സിൻഡിക്കേറ്റിലേക്കുള്ള കുറിപ്പുകൾ തയ്യാറാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ, സിൻഡിക്കേറ്റിലേക്കുള്ള കുറിപ്പുകൾ തയ്യാറാക്കുമ്പോൾ തികച്ചും ഗൗരവത്തോടെ വിഷയം കൈകാര്യം ചെയ്യേണ്ടതാണ്. സിൻഡിക്കേറ്റിലേക്കുള്ള കുറിപ്പിൽ പ്രതിപാതിക്കുന്ന വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതിനാവശ്യമായ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തേണ്ടതും ആയത് ബന്ധപ്പെട്ട അസിസിറ്റന്റ് രജിസ്ട്രാർമാർ, ഡെപ്യൂട്ടി രജിസ്ട്രാർമാർ, ജോയിന്റ് രജിസ്ട്രാർമാർ ഉറപ്പുവരുത്തിയ ശേഷം മാത്രമേ സിൻഡിക്കേറ്റിലേക്കുള്ള കുറിപ്പുകൾ രജിസ്ട്രാറുടെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ പാടുള്ളൂ.
- അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകൾ സിൻഡിക്കേറ്റിലേക്കുള്ള കുറിപ്പാക്കുമ്പോൾ, അന്വേഷണ റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന കണ്ടെത്തലുകളും ശുപാർശകളും ആയതിൽ പ്രതിപാദിക്കുന്നുണ്ടെന്ന് സെക്ഷൻ ഓഫീസർ/അസിസ്റ്റന്റ് രജിസ്ട്രാർ ഉറപ്പേക്കേണ്ടതാണ്.

<u>സർവ്വകലാശാല ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.</u>

- സർവ്വകലാശാല പുറപ്പെടുവിക്കുന്ന പല ഉത്തരവുകളും തികച്ചും ശുഷ്കവുംഅവ്യക്തവും അപൂർണ്ണവും ആയി കാണപ്പെടുന്നു. പൂർണ്ണവും അർത്ഥ സമ്പുഷ്ടവുമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് സെക്ഷൻ ഓഫീസർമാരും സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരും ശ്രദ്ധ പുലർത്തേണ്ടതാണ്. സർവ്വകലാശാല ഉത്തരവുകൾ സ്വയം വിവരണാത്മകമായിരിക്കേണ്ടതാണ്.

  ഫയലിൽ പരാമർശിച്ചിരിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച് യാതൊരു വിധത്തിലുള്ള സൂചനകൾ ഇല്ലാതെയും സിൻഡിക്കേറ്റ് തീരുമാനം, സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശകൾ എന്നിവ മാത്രം കാണിച്ചു കൊണ്ട് പുറപ്പെടുവിക്കുന്ന സർവ്വകലാശാല ഉത്തരവുകൾ അനാവശ്യമായ കോടതി വ്യവഹാരങ്ങളിലേക്കും കോടതിയുടെ വിമർശനത്തിനും വഴി വയ്ക്കുന്നതാണ്. ഏതു സാഹചര്യത്തിലാണ് സിൻഡിക്കേറ്റ്/ സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ഇത്തരത്തിൽ ഒരു തീരുമാനം എടുക്കുന്നതിന് ഇടയാക്കിയതെന്ന് ഉത്തരവുകളിൽ നിന്നും പലപ്പോഴും വ്യക്തമാകാറില്ല. ഒരോ ഉത്തരവും ഏത് സാഹചര്യത്തിൽ ഏതെല്ലാം വസ്തുതകൾ പരിഗണിച്ച് കൊണ്ടാണ് അധികാരികൾ/സിൻഡിക്കേറ്റ് തീരുമാനം എടുക്കുന്നതെന്ന് ഉത്തരവിൽ നിന്നും മനസിലാക്കേണ്ടതുണ്ട്. അത്തരത്തിലുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് സ്റ്റാറ്റ്യൂട്ടറി ഉദ്യേഗസ്ഥർ ശ്രദ്ധപുലർത്തേണ്ടതാണ്.

- സിൻഡിക്കേറ്റ് തീരുമാനമനുസരിച്ച് ഉത്തരവിറക്കുന്ന സാഹചര്യത്തിൽ തീരുമാനത്തിലേക്ക് എത്തിച്ചേരുന്ന സാചര്യം ആമുഖമായി ചേർക്കുകയും സിൻഡിക്കേറ്റ് തീരുമാനം/സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ മാറ്റമില്ലാതെ ഉത്തരവിന്റെ ഭാഗത്ത് ചേർക്കേണ്ടതുമാണ്.
- സിൻഡിക്കേറ്റ് തീരുമാനത്തിന്മേൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ/ആക്ഷൻ ടേക്കൺ റിപ്പോർട്ട് സിൻഡിക്കേറ്റ് യോഗ തീരുമാനം സെക്ഷനിൽ ലഭിച്ച് 10 ദിവസത്തിനുകം എസി.സി. 1 സെക്ഷനിൽ ലഭ്യമാക്കുന്നുണ്ടെന്ന് സെക്ഷൻ ഓഫിസർമാർ/അസിസ്റ്റന്റ് രജിസ്ട്രാർമാർ ഉറപ്പുവരുത്തേണ്ടതാണ്.

**ഇനം.നമ്പർ: ഒ.എ.32/24.03/25023/AC B5-2/2024** **CAS സ്ഥാനക്കയറ്റം – തിയതി പുനഃ ക്രമീകരിക്കുന്നതിന് – വീണ്ടും സ്ക്രീനിംഗ്/സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് :-**

പ്രസ്തുത വിഷയത്തിൽ യു.ജി.സി.-യിൽ നിന്നും സ്പഷ്ടീകരണം തേടുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.33/24.03** **സ്കൂൾ ഓഫ് ജൻഡർ സ്റ്റഡീസിന്റെ പ്രവർത്തനങ്ങൾക്കായി ക്ലാസ് റൂമും മറ്റ് അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിലേക്കായി ഡയറക്ടർ, സ്കൂൾ ഓഫ് ജെൻഡർ സ്റ്റഡീസ് സമർപ്പിച്ച എസ്റ്റിമേറ്റ് സംബന്ധിച്ച്.-**

സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് & ഡവലപ്മെന്റ് സ്റ്റഡീസിന്റെ രണ്ടാം നിലയിൽ സ്കൂൾ ഓഫ് ജൻഡർ സ്റ്റഡീസ് പ്രവർത്തിക്കുന്നതിനാവശ്യമായ ക്ലാസ് റൂം, ഫാക്കൽറ്റി റൂം, ലൈബ്രറി മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.34/24.03/129425/AC A1-1/2023** **പാലാ, അൽഫോൻസാ കോളേജിൽ ബി.വോക് സ്പോർട്സ് ന്യൂട്രിഷൻ ആൻഡ് ഫിസിയോതെറാപ്പി പ്രോഗ്രാമിന് 2024-25 അദ്ധ്യയന വർഷം വിദ്യാർത്ഥി പ്രവേശനം അനുവദിക്കുന്നത് സംബന്ധിച്ച്.**

പാലാ, അൽഫോൻസാ കോളേജിൻറെ അപേക്ഷ പരിഗണിച്ച് ടി കോളേജിൽ ബി.വോക് സ്പോർട്സ് ന്യൂട്രീഷൻ ആൻറ് ഫിസിയോതെറാപ്പി എന്ന പ്രോഗ്രാം 2024-25 അദ്ധ്യയന വർഷം മുതൽ നടത്തുന്നതിനുള്ള അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.35/24.03** **ബിഷപ്പ് എബ്രഹാം മെമ്മോറിയൽ ട്രസ്റ്റ് അധികാരികൾ സമർപ്പിച്ച അപേക്ഷ - പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്.**

പ്രസ്തുത വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ബി. കേരളവർമ്മ, ഡോ. ബാബു മൈക്കിൾ എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.36/24.03** **നാലു വർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പിലാക്കുന്നത് - കോളേജുകളിൽ ഫ്ലക്സിബിൾ ടൈം അനുവദിക്കുന്നത് - സംബന്ധിച്ച്**

നാലു വർഷ ബിരുദ പ്രോഗ്രാമുകൾ സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള കോളേജുകളിൽ നടപ്പിലാക്കുമ്പോൾ, രാവിലെ 8:30 മുതൽ ആരംഭിക്കാവുന്ന രീതിയിൽ ഫ്ലക്സിബിൾ ടൈം നടപ്പിലാക്കുന്നതിനുള്ള അനുമതി കോളേജുകൾക്ക് നൽകുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.37/24.03** **സർവ്വകലാശാലയിൽ ഗ്രാജുവേറ്റ് സ്കൂൾ ആരംഭിക്കുന്നത് - സംബന്ധിച്ച്.**

4+1 Year UG and PG Programme നടപ്പിലാക്കുന്നതിനായി സർവ്വകലാശാലയിൽ ഗ്രാജുവേറ്റ് സ്കൂൾ 2024-25 അക്കാദമിക വർഷം മുതൽ ആരംഭിക്കുന്നതിന് തീരുമാനിച്ചു. പ്രസ്തുത ഗ്രാജുവേറ്റ് സ്കൂളിന്റെ ഡയറക്ടറായി സ്കൂൾ ഓഫ് ബയോസയൻസസിലെ പ്രൊഫസർ ഡോ. ജയചന്ദ്രൻ കെ.-യേയും ജോയിന്റ് ഡയറക്ടർമാരായി ഡോ. അബ്ദുൾ ജബ്ബാർ പി., അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് കംപ്യൂട്ടർ സയൻസസ്, ഡോ. ശില്പ സതീഷ്, അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് എന്നിവരേയും നിയോഗിക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.38/24.03**

**Proceedings of the Selection Committee to consider the promotion of Dr. Jaya Jaise, Professor, School of Pedagogical Sciences from the post of Professor (Academic Level 14) to Senior Professor (Academic Level 15) under Career Advancement Scheme of UGC Regulations 2018, held on 30.03.2024 – Approval – reg.**

Resolved to approve the proceedings of the Selection Committee to consider the promotion of Dr. Jaya Jaise, Professor, School of Pedagogical Sciences from the post of Professor (Academic Level 14) to Senior Professor (Academic Level 15) under Career Advancement Scheme of UGC Regulations 2018, held on 30.03.2024 and to grant promotion to Dr. Jaya Jaise, Professor, School of Pedagogical Sciences from the post of Professor (Academic Level 14) to Senior Professor (Academic Level 15) under Career Advancement Scheme of UGC Regulations 2018 in School of Pedagogical Sciences with rationalised entry pay of Rs.1,82,200/- with effect from 28.08.2020 FN.

**ഇനം.നമ്പർ: ഒ.എ.40/24.03/94129/P&D 1-1/2023**

**രവീന്ദ്ര സരോവരത്തിന്റെ ചുറ്റുപാട് സൗന്ദര്യവൽക്കരിക്കുന്നതിന്റെ ഭാഗമായി Paver block flooring and allied works ചെയ്ത കരാറുകാരനായ Binu K S-ന് പ്രസ്തുത പ്രവൃത്തിയുടെ ആദ്യ & ഫൈനൽ ബിൽ തുകയായ 5,77,133/- രൂപ മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്ട് 1985 ലെ അധ്യായം 3 പരിച്ഛേദം 10(17) പ്രകാരമുള്ള സവിശേഷ അധികാരം ഉപയോഗിച്ച് വൈസ് ചാൻസലർ അനുവദിച്ചതും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിന്റിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത്-സംബന്ധിച്ച് :-**

രവീന്ദ്ര സരോവരത്തിന്റെ ചുറ്റുപാട് സൗന്ദര്യവൽക്കരണ പ്രവൃത്തിയുടെ ഫസ്റ്റ് & ഫൈനൽ ബിൽ തുകയായ 5,77,133/- രൂപ കരാറുകാരനായ Sri Binu. K.S, Corbel Constructions & Architects-ന് അനുവദിക്കുന്നതിനായി സർവ്വകലാശാല എൻജിനീയർ അപേക്ഷ സമർപ്പിച്ചിരിന്നു. മേൽ പ്രവൃത്തി കരാറുകാരൻ 02/11/2023-ൽ പൂർത്തിയാക്കിയതായും 21/12/2023, 11/01/2024 തീയതികളിൽ അളവും പൂർത്തീകരിച്ചതായും ടി അപേക്ഷയിൽ സർവ്വകലാശാല എൻജിനിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സർവ്വകലാശാല എഞ്ചിനീയർ സമർപ്പിച്ച കത്തും ഓഡിറ്റ് നോട്ടും ബില്ലുകളും മറ്റ് അനുബന്ധ രേഖകളും പരിശോധിച്ചതിൻ പ്രകാരം മേൽ കരാറുകാരനു പ്രസ്തുത പ്രവൃത്തിയുടെ ആദ്യ & ഫൈനൽ ബിൽ തുകയായ 5,77,133/- രൂപ അനുവദിക്കാവുന്നതാണെന്ന് ധനകാര്യ വിഭാഗം ശുപാർശ ചെയ്തിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് മേൽ ശുപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 27.03.2024 തീയതിയിലെ 2830/പി &ഡി 1/2024/എം ജി യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനം.നമ്പർ: ഒ.എ.41/24.03/17304/AD B4-2/2024**

**സർവകലാശാലാ ലൈബ്രറിയിലേക്ക് ebooks വിതരണം ചെയ്ത വകയിൽ Cambridge University Press, Taylor & Francis Group എന്നീ രണ്ട് പ്രസാധകരുടെ Authorised Distributor ആയ M/s.Micromix Learning Pvt Ltd, Ernakulam എന്ന സ്ഥാപനത്തിന്റെ പേരിൽ തുക അനുവദിക്കുന്നതിന് വൈസ് ചാൻസിലർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3.10 (17) പ്രകാരം കൈക്കൊണ്ട തീരുമാനം – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

സർവ്വകലാശാല ലൈബ്രറിയിലേക്ക് 2023-24 വർഷത്തേക്ക്, Cambridge University Press (CUP), Taylor & Francis (T&F) Group എന്നീ രണ്ട് പ്രസാധകരുടെ പക്കൽ നിന്നും അവരുടെ Authorised Distributor ആയ M/s.Micromix Learning Pvt Ltd, Ernakulam എന്ന സ്ഥാപനം മുഖേന ഇ-ബുക്ക്സ് വാങ്ങിയ വകയിൽ M/s. Cambridge University Press എന്ന സ്ഥാപനത്തിന് 10,37,193/- രൂപയും M/s. Taylor & Francis എന്ന സ്ഥാപനത്തിന് 25,06,939/- രൂപയും

അനുവദിക്കുന്നതിന് 19.03.2024 തീയതിയിലെ സിൻഡിക്കേറ്റ് മിനിറ്റ്സ് Item No .OA15/24.02/17304/AdB4-2/2024 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത ബില്ലുകൾ രണ്ട് പ്രസാധകരുടെയും Authorised Distributor ആയ M/s.Micromix Learning Pvt Ltd, Ernakulam എന്ന സ്ഥാപനത്തിന്റെ പേരിൽ നൽകിയിട്ടുള്ളതിനാൽ ടി സ്ഥാപനത്തിന്റെ പേരിൽ തുക അനുവദിക്കുന്നതിനായി അസി.ലൈബ്രേറിയൻ (i/c) അഭ്യർത്ഥിക്കുകയുണ്ടായി.

അസി.ലൈബ്രേറിയൻ (i/c) ന്റെ അഭ്യർത്ഥന പരിഗണിച്ചും പ്ലാൻ ഫണ്ടിൽ നിന്നും ലൈബ്രറിയ്ക്കായി അനുവദിക്കപ്പെട്ട തുക അതാത് സാമ്പത്തിക വർഷത്തിൽ തന്നെ വിനിയോഗിക്കേണ്ട ആവശ്യകത പരിഗണിച്ചും, 19.03.2024 തീയതിയിലെ സിൻഡിക്കേറ്റ് ഉത്തരവ് പരിഷ്കരിക്കുന്നതിനും അപ്രകാരം സർവകലാശാലാ ലൈബ്രറിയിലേക്ക് e-books വിതരണം ചെയ്ത വകയിൽ, Cambridge University Press, Taylor & Francis Group എന്നീ രണ്ട് പ്രസാധകരുടെ Authorised Distributor ആയ M/s.Micromix Learning Pvt Ltd, Ernakulam എന്ന സ്ഥാപനത്തിന്റെ പേരിൽ ആകെ 35,44,132/- രൂപ (മുപ്പത്തിയഞ്ച് ലക്ഷത്തി നാല്പത്തി നാലായിരത്തി ഒരുന്നൂറ്റി മുപ്പത്തിരണ്ട് രൂപ മാത്രം) അനുവദിക്കുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3, സെക്ഷൻ 10 (17) - പ്രകാരം വൈസ് ചാൻസിലർ ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 31.03.2024 തീയതിയിലെ 2900/ADB4/2024/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനം.നമ്പർ: ഒ.എ.42/24.03/2792/AC B6-1/2024** **CAP 2023 പ്രവേശന സംബന്ധമായ ക്രമക്കേടുകൾ പരിശോധിക്കുന്നതിന് നിയോഗിക്കപ്പെട്ട അന്വേഷണ കമ്മീഷൻ 19.03..2024 ൽ സമർപ്പിച്ച റിപ്പോർട്ട് - ബഹു . വൈസ് ചാൻസലർ , മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം III സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ചതനുസരിച്ച് കൈക്കൊണ്ട നടപടികൾ സിൻഡിക്കേറ്റ് മുമ്പാകെ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

2023 - 24 അദ്ധ്യയന വർഷം യു.ജി./പി.ജി. പ്രവേശനവുമായി ബന്ധപ്പെട്ട് പരീക്ഷ വിഭാഗത്തിൽ നിന്നും കണ്ടെത്തുന്ന അഡ്മിഷൻ സംബന്ധമായ ക്രമക്കേടുകൾ പരിശോധിക്കുന്നതിന് നിയോഗിക്കപ്പെട്ട അന്വേഷണ കമ്മീഷൻ 19.03.2024 ൽ സമർപ്പിച്ച റിപ്പോർട്ടിന്മേൽ 27.04.2024-ൽ വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം III സെക്ഷൻ 10 (17) പ്രകാരം കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച 29.04.2024-ലെ 3688/ACB6/2024/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനം.നമ്പർ: ഒ.എ.43/24.03/4677/AD B2-3/2024** **അഡിഷണൽ ആൻസർ ബുക്ക്ലെറ്റുകളുടെ മുദ്രണം സംബന്ധിച്ച :-**

5,00,000 (അഞ്ചു ലക്ഷം) എണ്ണം അഡിഷണൽ ആൻസർ ബുക്ക്ലെറ്റുകൾ അടിയന്തിരമായി പ്രിന്റ് ചെയ്യുന്നതിന് ഇ-ടെൻഡർ ക്ഷണിച്ചിരുന്നു. പ്രസ്തുത ടെൻഡറിൽ പങ്കെടുത്തിരുന്ന 6 സ്ഥാപനങ്ങളിൽ, ഏറ്റവും ചെറിയ തുക - നികുതിയുൾപ്പെടെ ആകെ **₹9,45,000/- (ഒൻപതു ലക്ഷത്തി നാൽപ്പത്തി അയ്യായിരം രൂപ മാത്രം)** -ക്വോട്ട് ചെയ്ത **M/s Lovely Forms and Stationery Pvt Ltd** എന്ന സ്ഥാപനത്തിനു മുദ്രണ ജോലി ഏൽപ്പിക്കുന്നതിനുള്ള അനുമതി, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം III സെക്ഷൻ 10 (17) പ്രകാരം ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച, 04/05/2024 തീയതിയിലെ 3811/AD B2/2024/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനം.നമ്പർ:ഒ.എ.44/24.03/6954/ACA1/2/2022** **2024-25 അദ്ധ്യയന വർഷം സർവ്വകലാശാലയിലെ വിവിധ സേവനങ്ങൾക്കുള്ള ഫീസ് നിരക്കുകൾ വർദ്ധിപ്പിച്ചുകൊണ്ട് പുറപ്പെടുവിച്ച സർവകലാശാല ഉത്തരവ് പരിഷ്കരിച്ചുകൊണ്ട് മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10 (17) പ്രകാരം ബഹു.വൈസ് ചാൻസലർ ഉത്തരവായതിൻ പ്രകാരം നമ്പർ. 3915 /AC A1/2024/എം .ജി. യു തീയതി 09.05.2024 ആയ ഉത്തരവ് പുറപ്പെടുവിച്ച വിവരം സിന്റിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്:-**

2024-25 അദ്ധ്യയന വർഷം സർവ്വകലാശാലയിലെ വിവിധ സേവനങ്ങൾക്കുള്ള ഫീസ് നിരക്കുകൾ വർദ്ധിപ്പിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായതിൻ പ്രകാരം നം.2978/ACA1/2024/എം.ജി.യു തീയതി 02.04.2024 ആയ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ ചില മാറ്റങ്ങൾ വരുത്തുന്നതിന് വൈസ് ചാൻസലർ,

മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച, 09.05.2024തീയതിയിലെ 3915 /AC A1/2024/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

| | |
|---|---|
| **ഇനം.നമ്പർ:ഒ.എ.45/24.03/49528/EI39 SO/2024** | **കളമശ്ശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിലെ 2021-2024 B Sc Psychology/ 2022-2024 അഡ്മിഷൻ MBA ബാച്ചിലെ ഒന്ന് വീതം ഇന്റർനാഷണൽ വിദ്യാർത്ഥികൾക്കു സ്പെഷ്യൽ സപ്ലിമെന്ററി പരീക്ഷ നടത്തുന്നതിന് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം 3 സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ നൽകിയ അനുമതി സിൻഡിക്കേറ്റിലേക്കു റിപ്പോർട്ട് ചെയ്യുന്നതു -സംബന്ധിച്ച്** |

കളമശ്ശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിലെ നൈജീരിയയിൽ നിന്നുള്ള ഇന്റർനാഷണൽ വിദ്യാർത്ഥികളായ (i) NSOR HENRIETTA ENYA (PRN. 21114022, BSc Psychology 2021-2024 Batch) (ii) ALFRED PRINCE TERHEMBA ( PRN. 2222020, MBA 2022-2024 Batch) എന്നിവർ ഇനിയും തങ്ങളുടെ പരീക്ഷ വിജയിച്ചിട്ടില്ല എന്നും ആയതിനാൽ വിസ കാലാവധി അവസാനിക്കും മുൻപ് പരീക്ഷാ വിജയം നേടാനാവാതിരുന്ന ഈ വിദ്യാർത്ഥികൾക്കായി സ്പെഷ്യൽ സപ്ലിമെന്ററി പരീക്ഷ നടത്തുന്നതിന് അനുമതി ചോദിച്ച കോളേജ് പ്രിൻസിപ്പൽ കത്ത് സമർപ്പിച്ചിരുന്നു. ഇത് പരിഗണിച്ച ടി വിദ്യാർത്ഥികൾക്കായി അവർ പരാജയപ്പെട്ട വിവിധ സെമെസ്റ്ററുകളിലെ വിഷയങ്ങൾക്ക് ഒരു പ്രാവശ്യം പുനഃപരീക്ഷ നടത്തുന്നതിനു മാത്രമായി നിജപ്പെടുത്തി കളമശ്ശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിന് അനുമതി നൽകി മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസിലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 07.05.2024 തീയതിയിലെ 3862/EI 39/2024/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

| | |
|---|---|
| **ഇനം.നമ്പർ:ഒ.എ.46/24.03** | **സർവ്വകലാശാല വൈസ് ചാൻസലറുടെ ഔദ്യോഗിക വാഹനം - നിരാകരണം/ലേലം ചെയ്ത് പുതിയ വാഹനം വാങ്ങുന്നതിനുള്ള അനുമതി നൽകുന്നത് - സംബന്ധിച്ച്.** |

സർവ്വകലാശാല വൈസ് ചാൻസലറുടെ ഔദ്യോഗിക വാഹനം (KL 05 AJ 5000), 18.10.2019 തീയതിയിലെ സ.ഉ.(കൈ)നം. 45/2019/പൊ.മ.വ. നമ്പർ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരം നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനും, തുടർന്ന് പുതിയ വാഹനം വാങ്ങുന്നതിനുള്ള അനുമതി നൽകുന്നതിനും തീരുമാനിച്ചു.

[ വായിച്ചു, സ്ഥിരീകരിച്ചു ]

പി.ഡി. ഹിൽസ്,
14.05.2024.

**രജിസ്ട്രാർ (i/c)**